"ഭക്തിയെ പുരസ്കരിച്ചോ, നമ്മുടെ സഹോദരന്റെ നന്മയെ ഉദ്ദേശിച്ചോ, നമ്മുടെ പതിവായ അനുഷ്ഠാനങ്ങൾ നാം ചിലപ്പോൾ വിട്ടുകളയുന്നുവെങ്കിൽ, അവയെ പിന്നീടു നമുക്ക് എളുപ്പം വീണ്ടും നിർവ്വഹിക്കാവുന്നതാണ്. എന്നാൽ മനസ്സിന്റെ ഉദാസീനതകൊണ്ടോ ഉപേക്ഷകൊണ്ടോ അവയെ നാം അഗണ്യമായി വിട്ടുകളയുകയാണെങ്കിൽ, അതു ലഘുവായ അപരാധമല്ല."— ക്രിസ്ത്വാനുകരണം

# സത്യദീപം

"ഈശോമിശിഹായിൽ നിങ്ങൾക്കു നൽകപ്പെട്ട ദൈവകൃപനിമിത്തം ഞാൻ നിങ്ങളെക്കുറിച്ച് എന്റെ ദൈവത്തിനു എപ്പോഴും സ്തോത്രംചെയ്യുന്നു. എന്തുകൊണ്ടെന്നാൽ മിശിഹായുടെ സാക്ഷ്യം നിങ്ങളിൽ ഉറപ്പിക്കപ്പെട്ടതുപോലെതന്നെ അവൻ സകലത്തിലും സകല വചനത്തിലും സകല അറിവിലും അവനിൽ നിങ്ങളെ സമൃദ്ധിപ്പെടുത്തിയിരിക്കുന്നു"


—I കോറി: I: 4-6.

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1957 ഒക്ടോബർ 9—ബുധനാഴ്ച | Vol. 31, No. 9

# കത്തോലിക്കാപൗരൻ-ഗവർണ്ണർ ശ്രീ എ. ജെ. ജോൺ മരണമടഞ്ഞു

## രാജോചിതവും ആഡംബരസമന്വിതവുമായ ശവസംസ്കാരചടങ്ങുകൾ



R. I. P.

മദ്രാസ് ഗവർണ്ണർ ശ്രീ എ ജെ ജോൺ ഒക്ടോബർ 1-ാംനു വെളുപ്പിനു 1-50-നു നിര്യാതനായിരിക്കുന്നു.

ശ്രീ ജോണിന്റെ ദേഹവിയോഗം തികച്ചും അപ്രതീക്ഷിതമായിരുന്നു. ഒരു ശസ്ത്രക്രിയയ്ക്കുവേണ്ടി സെപ്തംബർ മൂന്നാം വാരത്തിലാണ് അദ്ദേഹം മദ്രാസ് ജനറലാസ്പത്രിയിൽ പ്രവേശിച്ചതു്. ശസ്ത്രക്രിയയ്ക്കുശേഷം അദ്ദേഹം ക്രമേണ സുഖം പ്രാപിച്ചുവരുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരുന്നുവെങ്കിലും സെപ്തംബർ 30-ാംനു സായാഹ്നത്തോടുകൂടി സ്വല്പം പനിയുള്ളതായി കാണപ്പെട്ടു. വെളുപ്പിനു 1-50-നു ഈ അത്യാഹിതം നേരിടുകയും ചെയ്തു.

### ജീവചരിത്രം

1893 ജൂലൈ 18-ാം തീയതി വൈക്കത്തു് തലയോലപ്പറമ്പിൽ പ്രശസ്തമായ ആനാപ്പറമ്പിൽ കുടുംബത്തിലാണ് അദ്ദേഹം ജാതനായതു്. തിരുവിതാംകൂറിലെ ഒരു പ്രമുഖ അഭിഭാഷകനും തീക്ഷ്ണമതിയായ ഒരു കോൺഗ്രസുകാരനുമായിരുന്നു അദ്ദേഹം. കുറേക്കാലം അദ്ദേഹം തിരു-കൊച്ചി മുഖ്യമന്ത്രിയായിരുന്നു; അതിനുമുമ്പു് കോൺഗ്രസ് മന്ത്രിസഭയിൽ ധനകാര്യമന്ത്രിയുമായിരുന്നു.

തൃശ്ശിനാപ്പള്ളി സെൻറു് ജോസഫ സിൽനിന്നു ബി എ ബിരുദവും മദ്രാസ് ലോ കോളേജിൽനിന്നും നിയമബിരുദവും കരസ്ഥമാക്കിയശേഷം ആലപ്പുഴയിലും പിന്നീടു തിരുവനന്തപുരത്തും പ്രാക്ടീസ് ചെയ്തു.

1925-ൽ ശ്രീ ജോൺ തിരുവിതാംകൂറിൽ രാഷ്ട്രീയ ജീവിതത്തിൽ പ്രവേശിച്ചു. 1937-ൽ വൈക്കം-കോട്ടയം നിയോജകമണ്ഡലത്തിൽനിന്നും തിരുവിതാംകൂർ അസംബ്ളിയിലേക്കു തിരിഞ്ഞെടുക്കപ്പെട്ടു പിന്നീടു് അദ്ദേഹം തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് പ്രസിഡണ്ടായി. സ്റ്റേറ്റുകോൺഗ്രസ് നിയമവിരുദ്ധമാക്കപ്പെട്ടപ്പോൾ മി ജോൺ അറസ്റ്റു ചെയ്യപ്പെടുകയും 18 മാസത്തെ തടവും 150 രൂപാ പിഴയും ശിക്ഷിക്കപ്പെടുകയും ചെയ്തു 6 ആഴ്ചയ്ക്കുശേഷം അദ്ദേഹത്തെ മോചിപ്പിച്ചു; പക്ഷേ വീണ്ടും തടവിലാക്കപ്പെട്ടു. ഒരിക്കൽ അദ്ദേഹത്തിന്റെ നാമനിർദ്ദേശപത്രിക, ജയിൽശിക്ഷ അനുഭവിച്ചവൻ എന്ന കാരണത്താൽ തിരസ്കൃതമായി. പക്ഷേ 1948-ൽ അദ്ദേഹം കടുത്തുരുത്തിയിൽനിന്നും തിരുവിതാംകൂർ അസംബ്ളിയിലേക്കു് തിരഞ്ഞെടുക്കപ്പെടുകയും സ്പീക്കറായി നിയമിക്കപ്പെടുകയും ചെയ്തു. ആ വർഷംതന്നെ അദ്ദേഹം മന്ത്രിസഭയിൽ ചേരുകയും ധനകാര്യമന്ത്രിയായി നിയുക്തനാവുകയും ചെയ്തു. 1949-ൽ തിരു-കൊച്ചി സംസ്ഥാനം രൂപമെടുത്തപ്പോൾ 1951 വരെ അദ്ദേഹം ധനകാര്യമന്ത്രിയായിത്തന്നെ തുടന്നു പിന്നീടു നടന്ന പൊതുതിരിഞ്ഞെടുപ്പിൽ പൂഞ്ഞാററിൽ നിന്നും മി ജോൺ തിരിഞ്ഞെടുക്കപ്പെട്ടു. അക്കൊല്ലം അദ്ദേഹം പാർട്ടി ലീഡറായി; തുടന്നു് 1954 ൽ അസംബ്ളി പിരിച്ചു വിടുന്നതുവരെ അദ്ദേഹം മുഖ്യമന്ത്രിയായിരുന്നു. പിന്നീടു് നടന്ന തിരിഞ്ഞെടുപ്പിലും അദ്ദേഹം പൂഞ്ഞാററിൽനിന്നു ജയിച്ചു; ആ മന്ത്രിസഭയിൽ അദ്ദേഹം ആഭ്യന്തരമന്ത്രിയുമായിരുന്നു.

ശ്രീ എ ജെ ജോൺ 1956 ഡിസംബറിലാണ് മദ്രാസ് ഗവർണ്ണരായി ചാർജ്ജെടുത്തതു്. ഇന്ത്യൻ പ്രസിഡണ്ടു് രാജൻ ബാബുവിനെ ഈ സെപ്തംബർ 20-ാംനു വൈകിട്ടു് മദ്രാസ് സെൻട്രൽ സ്റ്റേഷനിൽ വച്ചു് യാത്രയാക്കിയശേഷം അദ്ദേഹം ജനറലാസ്പത്രിയിൽ പ്രവേശിച്ചു. 2 ദിവസങ്ങൾ കഴിഞ്ഞു് ആമാശയസംബന്ധമായ ഒരു രോഗത്തിനു അദ്ദേഹം ശസ്ത്രക്രിയയ്ക്കു വിധേയനായി. അതിനുശേഷം അദ്ദേഹത്തിന്റെ ദേഹസ്ഥിതി തൃപ്തികരമായി പുരോഗമിച്ചുവരുന്നതായി വിശ്വസിക്കപ്പെട്ടിരുന്നു. എന്നാൽ 30-ാംനു ഉച്ചതിരിഞ്ഞു. 3മണിയോടുകൂടി സ്ഥിതി വ്യത്യാസപ്പെട്ടു. 9 മണി ആയപ്പോൾ സ്ഥിതി ആശങ്കാജനകമായി. ചൊവ്വാഴ്ച 1-50-നു ഇഹലോകവാസം വെടിയുകയും ചെയ്തു. മരണസമയത്തു അദ്ദേഹത്തിന്റെ ധർമ്മപത്നി സവിധത്തിലുണ്ടായിരുന്നു. അന്ത്യനിമിഷംവരെ അദ്ദേഹത്തിനു നല്ല ബോധമുണ്ടായിരുന്നു. മരണത്തിനു അല്പം മുൻപു് ശോകാകുലയായ സഹധർമ്മിണിയുടെ കരംഗ്രഹിക്കുകയും ചുംബിക്കുകയും ചെയ്തു. "എനിക്കു് അന്ത്യകൂദാശ തരിക; ഞാൻ കർത്താവിന്റെ പക്കലേക്കു പോകുന്നു" ഇതായിരുന്നു ഒരുത്തമ കത്തോലിക്കനായ അദ്ദേഹത്തിന്റെ അന്ത്യവചസ്സുകൾ.

### സന്ദർശക പ്രവാഹം

ഗവർണ്ണർ ജോണിനോടുള്ള അന്തിമാദരപ്രകടനാർത്ഥം മദ്രാസിലെയും വിവിധസ്ഥലങ്ങളിലെയും ഒട്ടനവധി പൗരന്മാർ രാജഭവനിലേക്കു പ്രവഹിച്ചുകൊണ്ടിരുന്നു. സായുധസേനയിലെ മൂന്നു ഘടകങ്ങളിലും പെട്ട ഒരു സൈന്യവ്യൂഹം അശ്വാരൂഢമായി തോക്കുകൾ തിരിച്ചുപിടിച്ചു് രാജഭവനിൽ ഇടവിട്ടു കാവൽനിന്നിരുന്നു.

ആക്ടിങ്ങ് ചീഫ് ജസ്റ്റീസ് രാജഗോപാലൻ, യു പി ഗവർണ്ണർ വി വി ഗിരി, ലോക്സഭാ സ്പീക്കർ അനന്തശയനം അയ്യങ്കാർ, മദ്രാസിലെ നയതന്ത്ര പ്രതിനിധികൾ, മന്ത്രിമാർ, ഹൈക്കോടതി ജസ്റ്റിമാർ, സായുധസേനയിലെ മൂന്നു ഘടകങ്ങളുടെയും മദ്രാസിലെ മേധാവികൾ തുടങ്ങിയവർ ആദ്യത്തെ സന്ദർശകരുടെ ഗണത്തിലുൾപ്പെടും.

കേരളത്തിൽനിന്നു എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. മാർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയും, ചങ്ങനാശേരി മെത്രാപ്പോലീത്താ മോസ്റ്റ് റവ. മാർ മാത്യു കാവുകാട്ടു തിരുമേനിയും, തിരുവനന്തപുരം മെത്രാപ്പോലീത്താ മോസ്റ്റ് റവ. മാർ ബനഡിക്ട് ഗ്രിഗോറിയോസ് തിരുമേനിയും, പരേതന്റെ ബന്ധുമിത്രാദികളായ മററു പലരും യഥാസമയം രാജഭവനിലെത്തി പ്രാർത്ഥനകൾ നടത്തി.

### രാജോചിതമായ ശവസംസ്കാരം

നിര്യാതനായ മദ്രാസ് ഗവർണ്ണർ ശ്രീ എ ജെ ജോണിനു് ഒക്ടോബർ 2-ാംനു വൈകുന്നേരം രാജോചിതമായ— എല്ലാവിധ സ്റ്റേററു് ആഡംബരങ്ങളോടുംകൂടിയ—ഒരു ശവസംസ്കാരമാണു നൽകപ്പെട്ടതു്. ചീഫ് സെക്രട്ടറി മി. സത്യനാഥന്റെ അദ്ധ്യക്ഷതയിൽ തലേദിവസം വൈകുന്നേരം കൂടിയ ഉദ്യോഗസ്ഥന്മാരുടെ ഒരു കോൺഫറൻസിൽവച്ചു് ശവസംസ്കാരം സംബന്ധിച്ച പരിപാടി പൂർത്തീകരിക്കപ്പെടുകയുണ്ടായി.

ഉച്ചകഴിഞ്ഞു് 3-45-നു് ശവസംസ്കാരചടങ്ങുകൾ സമാരംഭിച്ചു. ശവമഞ്ചം രാജഭവനിൽനിന്നു എടുക്കുന്നതിനുമുമ്പു്, ഇൻഡ്യൻ പ്രസിഡണ്ടിനുവേണ്ടി ചീഫ്മിനിസ്റ്റർ മി. കെ കാമരാജനാടാരും, വൈസ് പ്രസിഡണ്ടിനുവേണ്ടി ഹോംമിനിസ്റ്റർ എം ഭക്തവത്സലവും, പ്രധാനമന്ത്രിക്കുവേണ്ടി ധനകാര്യമന്ത്രി മി. സി സുബ്രഹ്മണ്യവും, കേന്ദ്രആഭ്യന്തരമന്ത്രിക്കുവേണ്ടി വ്യവസായമന്ത്രി മി. ആർ വെങ്കിട്ടരാമനും, ആക്ടിംങ്ങ്ഗവർണ്ണർ മി. പി വി രാജമന്നാരും റീത്തുകൾ സമപ്പിച്ചു. അനന്തരം നിയമസഭാചെയർമൻ, സ്പീക്കർ, ചീഫ്ജസ്റ്റീസ്, സ്റ്റേററ്മന്ത്രിമാർ, ഹൈക്കോടതി ജസ്റ്റിമാർ, റവന്യൂബോർഡു് അംഗങ്ങൾ, ഗവമ്മേണ്ടു് സെക്രട്ടറിമാർ, സൈനികമേധാവികൾ, പോലീസുമേധാവികൾ മുതലായവർ റീത്തുകൾ സമപ്പിക്കുകയുണ്ടായി.

ശവസംസ്കാരം സംബന്ധിച്ച പ്രാരംഭകർമ്മങ്ങൾ മദ്രാസ്-മൈലാപ്പൂർ ആക്സിലിയറി ബിഷപ്പിന്റെ പ്രധാനകാർമ്മികത്വത്തിൽ ആരംഭിച്ചു.

ഒരുവശത്തു് കമാൻഡർ ജെ എസ് രാംദാസ് (റസിഡണ്ടു് നേവൽ ഓഫീസർ), ഫ്ളൈററു് ലഫ്ററനൻറു് ജോസഫ്, കെ വി സുബ്രഹ്മണ്യം (ഗവർണ്ണറുടെ പ്രൈവററു് സെക്രട്ടറി), എ രാമനാഥൻ (കൺട്രോളർ), ഡോക്ടർ ഗോപാലൻനായർ (രാജഭവൻ മെഡിക്കലാഫീസർ), വിശ്വനാഥൻനായർ (അസി. കൺട്രോളർ), സി ജെ ജോസഫ് (ഗവർണ്ണറുടെ കോൺഫിഡൻഷ്യൽ അസിസ്റ്റൻറു്) എന്നിവരും ടി എം വറുഗീസ് (മുൻമന്ത്രി), വി ഒ മക്കോസ് (മുൻമന്ത്രി), ജോർജ് തോമ്മസ് കൊട്ടുകാപ്പള്ളി (പാർലമെൻറു് മെമ്പർ), ജോസഫ് വിതയത്തിൽ (എക്സ് ഹൈക്കോടതി ജസ്റ്റി), മാത്യു മണിയങ്ങാടൻ (പാർലമെൻറു് മെമ്പർ) എന്നിവർ മറുവശത്തുമായിട്ടാണു് മൃതദേഹം വാഹനത്തിലേക്കു സംവഹിക്കപ്പെട്ടതു്.

4 മണിക്കു് 12 മഞ്ചവാഹകന്മാർ മൃതശരീരം രാജഭവനിൽനി

(ശേഷം 5-ാംപേജിൽ)

# ജപമാലയും നന്മനിറഞ്ഞ മറിയവും

(ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. എ.)

നമ്മുടെ ജീവിത വിശുദ്ധീകരണത്തിൽ ജപമാലയ്ക്കു അസാമാന്യമായ ഒരു സ്ഥാനമുണ്ട്. അതുപോലെ ഓരോ കാലഘട്ടങ്ങളിൽ സഭയ്ക്കു നേരിടേണ്ടി വന്ന അപകടങ്ങളെ തരണം ചെയ്യുന്നതിനു ആത്മീയ രണാങ്കണത്തിൽ ആയുധമായി കത്തോലിക്കർ ഉപയോഗിച്ചിരുന്നതു ജപമാലയാണ്. കേരളത്തിലെ ക്രിസ്തുമതത്തെ സംബന്ധിച്ചിടത്തോളം ഇതുപോലെ അപകടസമ്പൂർണ്ണമായ കാലഘട്ടമുണ്ടായിട്ടില്ല. ഒക്ടോബർ മാസത്തിൽ 31 ദിവസം രാവിലെ ദേവാലയത്തിലും സന്ധ്യാസമയം വീട്ടിലും ജപമാല കൈയിലേന്തി ഓരോ കത്തോലിക്കനും പ്രാർത്ഥിക്കുന്നു. അപ്രകാരമിരിക്കെ ജപമാലയുടെ മാഹാത്മ്യത്തെപ്പററി അല്പം പ്രസ്താവിക്കുന്നതു അസ്ഥാനത്തായിരിക്കയില്ല.

ജപമാലയിലെ പ്രധാനപ്രാർത്ഥന "നന്മനിറഞ്ഞ മറിയം" ആണ്. ജറുശലേമിൽ റാഫാർ മലയിലുള്ള ദേവാലയത്തിന്റെ ഭിത്തിയിൽ 150 ഭാഷകളിൽ "നന്മനിറഞ്ഞ മറിയം" രേഖപ്പെടുത്തിയിരിക്കുന്നു. ഗബ്രിയേൽ ദൈവദൂതൻവഴി മംഗളവാർത്ത അറിയിച്ചപ്പോൾ ദൈവം ജറുശലേമിനെപ്പററി വിചാരിച്ചിരുന്നു. കാരണം മനുഷ്യാവതാരം ചെയ്യുന്ന ദൈവപുത്രന്റെ മരണത്തിനു ഈ പട്ടണം സാക്ഷി നില്ക്കേണ്ടിയിരുന്നു. നമ്മുടെ ഹൃദയഭിത്തിയിൽ "നന്മനിറഞ്ഞ മറിയം" മുദ്രണം ചെയ്തിട്ടുണ്ടോ? ഈ വിശിഷ്ടപ്രാർത്ഥനയോടു നമുക്കുള്ള കൂടുതൽ സാമീപ്യംകൊണ്ടു ഇതിന്റെ പ്രാധാന്യവും മാഹാത്മ്യവും നാം അവഗണിക്കുന്നു. ഈ പ്രാർത്ഥനോച്ചാരണത്തിൽനിന്നും ശരിയായ കൃപാവരങ്ങൾ ലഭിക്കാത്തതിനു കാരണക്കാർ നാം തന്നെയാണ്. വി. ലൂയി മോൺഫോർട്ട് ഈ പ്രാർത്ഥനയെപ്പററി ഇപ്രകാരം പറയുന്നു: "മറിയത്തിനു കൊടുക്കാവുന്നതിലേക്കും വലിയ അഭിനന്ദനവാക്കുകൾ, അവളുടെ സ്നേഹം സമ്പാദിക്കുന്നതിനുവേണ്ടി സർവ്വശക്തനായ ദൈവം ദൈവദൂതൻവഴി നമുക്കയച്ചുതന്ന വാക്കുകളല്ലയോ ഇവ" "നന്മനിറഞ്ഞ മറിയമേ, നിനക്കു സ്വസ്തി, കർത്താവു നിന്നോടുകൂടി, സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ നീ" ഇത്രയും ഭാഗമാണു മുഖ്യദൂതൻ ഉച്ചരിച്ചതു്. "നിന്റെ വയററിന്റെ ഫലം വാഴ്ത്തപ്പെട്ടതാകുന്നു" എന്നതു എലിസബത്തിനെ സന്ദർശിക്കുന്നതിനു പരിശുദ്ധ കന്യക മറിയം ചെന്നപ്പോൾ എലിസബത്തു ദൈവത്തിന്റെ വാക്കുകളോടു കൂട്ടിച്ചേർത്തതാണ്. പതിമൂന്നാം നൂററാണ്ടിലാണു് "ഈശോ" "ആമ്മേൻ" എന്ന വാക്കുകൾ കൂട്ടിച്ചേർത്തതു്. ഈ സന്ദർഭത്തിലാണു വി. തോമ്മസ് അക്വിനാസിന്റെ ശിഷ്യനായ വി. ആൽബെർട്ട് "നന്മനിറഞ്ഞ മറിയം" എന്ന പ്രാർത്ഥനയെപ്പററി പ്രസംഗിച്ചതു്. അതിനാൽ വിശ്വാസികളുടെയിടയിൽ അതിനു പ്രചാരം സിദ്ധിച്ചു.

ഈ പ്രാർത്ഥനയുടെ രണ്ടാം ഭാഗത്തെപ്പററി അല്പം പറയാം. എ.ഡി 431-ൽ മറിയത്തിന്റെ ദൈവമാതൃത്വം പ്രഖ്യാപിക്കുന്നതിനു മുമ്പു എഫേസൂസിൽ കൂടിയ സൂനഹദോസിൽവെച്ചു അവിടെയുണ്ടായിരുന്ന വിശ്വാസികൾ "പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ" എന്നു വിളിച്ചുപറഞ്ഞു. ചില സ്ഥലങ്ങളിൽ ഈ പ്രാർത്ഥനയിലെ "പാപികളായ" എന്ന വാക്കുപേക്ഷിച്ചിട്ടുണ്ട്. മററു സ്ഥലങ്ങളിൽ "ഇപ്പോഴും ഞങ്ങളുടെ മരണനേരത്തും" എന്ന വാക്കുകളും ഉപയോഗിക്കാതിരിക്കുന്നു. മററുചിലർ "നന്മനിറഞ്ഞ മറിയമെ" എന്നതിനു പകരം "വരപ്രസാദമാതാവെ" "കരുണാപൂർണ്ണയായ മാതാവേ" എന്നും മററും ഉപയോഗിക്കുന്നുണ്ട്. ലെപ്പാന്റോയിലെ യുദ്ധത്തിനു മൂന്നു വത്സരങ്ങൾക്കു മുമ്പു അഞ്ചാം പീയൂസ് മാർപ്പാപ്പാ ക്രമപ്പെടുത്തിയതാണു ഇപ്പോൾ നിലവിലിരിക്കുന്ന പ്രാർത്ഥനയുടെ പൂർണ്ണരൂപം. ഭക്തിതീക്ഷ്ണതയോടുകൂടി ഈ പ്രാർത്ഥന ചൊല്ലുകയാണെങ്കിൽ അതു പുണ്യാഭിവൃദ്ധിക്കും അനുഗ്രഹസിദ്ധിക്കും ഉപകരിക്കുന്നതാണ്. "ഈ പ്രാർത്ഥനചൊല്ലി എന്നെ സന്തോഷിപ്പിക്കുന്നതിനെക്കാൾ കൂടുതലായി വേറെ യാതൊന്നിനും എന്നെ സന്തോഷിപ്പിക്കാൻ സാധിക്കയില്ല"യെന്നു പരിശുദ്ധ കന്യകാമറിയം വിശുദ്ധ മെററിൽഡായ്ക്കു പ്രത്യക്ഷപ്പെട്ടപ്പോൾ പറഞ്ഞു.

കുറഞ്ഞ പലിശയ്ക്കു
സ്വർണ്ണപ്പണ്ടം പണയത്തിന്മേൽ
പണം കടം കൊടുക്കുന്നതാകുന്നു.

ബാങ്ക് ഓഫ്
കൊച്ചിൻ
ലിമിററഡ്

എറണാകുളം, തൃശ്ശൂർ, മട്ടാഞ്ചേരി
ചാലക്കുടി, വില്ലിംഗ്ഡൺദ്വീപ്.

ജോലിത്തിരക്കും ക്ഷീണാധിക്യവും ജപമാലാർപ്പണത്തിനു വിഘാതമായി എടുത്തു പറയുന്നവർ ഇല്ലാതില്ല. എത്രയധികം കായക്ലേശത്തോടെയാണെങ്കിലും ശരി, കിടക്കാൻപോകുന്ന സമയത്തു ജപമാല കൈയിലേന്തിക്കൊണ്ടു പോകുക. ശാന്തമായി ദിവ്യരഹസ്യങ്ങളെ സ്മരിച്ചുകൊണ്ടു ദിവ്യമായ ഈ പ്രാർത്ഥന ആരംഭിക്കുക. കൊന്ത പൂർത്തിയാക്കാൻ സാധിച്ചില്ലെന്നു തന്നെയിരിക്കട്ടെ. അവിചാരിതമായി അന്നുരാത്രി നിങ്ങളുടെ ജീവിതത്തിനു വിരാമമിടുന്ന സന്ദർഭമുണ്ടായാൽതന്നെയും നിങ്ങളുടെ മൃതദേഹം കൊന്ത വഹിച്ചുകൊണ്ടു് ജപമാലഭക്തിയെപ്പററി പ്രസംഗിക്കുകയല്ലയോ ചെയ്യുന്നതു്. ഫാ. പെയ്റ്റന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടു ഞാൻ ഈ ലേഖനം സമാപിപ്പിച്ചുകൊള്ളട്ടെ. "ജപമാല എന്ന പന്ഥാവിൽക്കൂടി ഒരു കുടുംബനായകൻ സന്ധ്യാസമയം തന്റെ ഭാര്യയേയും മക്കളേയും നയിക്കുന്നുവെങ്കിൽ ദൈവാനുഗ്രഹം നിറഞ്ഞ 53 ആററംബോമ്പുകൾ തന്റെ ഭവനത്തിന്മേലും രാജ്യത്തിന്മേലും പാപപങ്കിലമായ ലോകത്തിലും വർഷിക്കുന്നുവെന്ന സംഗതി മറക്കരുതു്."

# ചോദിച്ചാൽ പറയാം

156. ചോ: ചെറുപ്പത്തിൽ കർത്താവിനോടുള്ള സ്നേഹത്തെപ്രതി ജീവിതകാലം മുഴുവൻ വൈദികനായോ സന്യാസിയായോ ബ്രഹ്മചര്യം അനുഷ്ഠിച്ചുകൊള്ളാമെന്നു നേർച്ചനേർന്ന ഒരാൾ വളർന്നുവന്നപ്പോൾ രോഗിയായിത്തീർന്നതിനാൽ യാതൊരു ജീവിതാന്തസ്സിലും പ്രവേശിക്കാതെ വരുന്നു. അയാൾക്കു നേർച്ച എങ്ങനെ പാലിക്കുവാൻകഴിയും?

(ടി. കെ. കട്ടത്തുരുത്തി)

ഉ: മതിയായ അറിവോടും സ്വാതന്ത്ര്യത്തോടുംകൂടെ, നല്ലതും നമുക്കു സാധിക്കാവുന്നതും അതിനു വിപരീതമായതിനേക്കാൾ ഉത്തമവുമായ വല്ലതിനേയുംകുറിച്ചു ദൈവത്തോടു ചെയ്യുന്ന ഒരു പ്രതിജ്ഞയാകുന്നു വ്രതം അഥവാ നേർച്ച. ഒരു നേർച്ചയ്ക്കു ഈ ലക്ഷണങ്ങളെല്ലാം ഉണ്ടായിരിക്കും. അതായതു നേരുന്ന സംഗതിയെപ്പററി നേരുന്ന ആളിനു ശരിയായ ബോധമുണ്ടായിരിക്കണം. തനിക്കു നിശ്ചയമില്ലാത്ത ഒരു കാര്യത്തെപ്പററി നേർച്ചനേർന്നാൽ അതു സാധുവാകയില്ല നേരുന്ന സംഗതി നിർവ്വഹിക്കുന്നതിനുള്ള സ്വാതന്ത്ര്യവും സാദ്ധ്യതയും ഉണ്ടായിരിക്കണം. അന്യായമായ ഭയപ്പെടുത്തൽമൂലം ചെയ്യുന്ന നേർച്ചകളും, ശാരീരികമോ ധാർമ്മികമോ ആയ കാരണങ്ങളാൽ നിറവേററുക സാദ്ധ്യമല്ലാത്ത നേർച്ചകളും അസാധുവാകുന്നു.

സാധുവായ നേർച്ച നിറവേററുവാൻ നേരുന്നയാളിനു ബാദ്ധ്യതയുണ്ട്. നേർച്ച നിറവേററാതിരിക്കുന്നതു് നേർന്ന ആളിന്റെ ഉദ്ദേശ്യവും നേർന്ന സംഗതിയുടെ ഗൗരവവുമനുസരിച്ചു്, ചാവുദോഷമോ പാപദോഷമോ ആയിരിക്കുന്നതാണു്. എന്നാൽ ഒരു നേർച്ച നിർവ്വഹിക്കുന്നതിനുമുൻപു് അതു മുഴുവനുമോ, അതിന്റെ ഏതെങ്കിലും ഭാഗമോ നിർവ്വഹിക്കുക സാദ്ധ്യമല്ലാത്ത ഒരു പരിതസ്ഥിതി, സ്വന്തകുററംകൊണ്ടല്ലാതെ ഉണ്ടായിത്തീർന്നാൽ ആ നേർച്ച നിർവ്വഹിക്കുന്നതിനു ആയാൾക്കു കടമ ഉണ്ടായിരിക്കുന്നില്ല അതുപോലെതന്നെ ഒരു നേർച്ചയെ അതു നേർന്ന ആളിന്റെ നിയോഗമനുസരിച്ചാണു വ്യാഖ്യാനിക്കേണ്ടതു്. മതിയായ കാരണമുണ്ടെങ്കിൽ സാധുവായ നേർച്ചയിൽനിന്നു ഒരാളെ മോചിപ്പിക്കുവാൻ മാർപ്പാപ്പാ തിരുമേനിക്കും സ്ഥലത്തെ മെത്രാനും തിരുസിംഹാസനത്തിൽനിന്നു പ്രത്യേകാധികാരം സിദ്ധിച്ചിട്ടുള്ള മററാളുകൾക്കും അധികാരമുണ്ടായിരിക്കുന്നു.

ചെറുപ്പത്തിൽ വിവേചനാശക്തി ഉണ്ടായതിനുശേഷം പൂർണ്ണമായ ബോദ്ധ്യത്തോടും മനസ്സിലെ പൂർണ്ണമായ സമ്മതത്തോടുംകൂടി ജീവിതകാലം മുഴുവൻ വൈദികനായോ സന്യാസിയായോ ബ്രഹ്മചര്യം അനുഷ്ഠിച്ചുകൊള്ളാമെന്നു നേർച്ചനേരുന്നതു് നല്ലൊരു കാര്യമാകയാൽ സാധുവായ ഒരു നേർച്ചയാകുന്നു. അതു പാലിക്കുവാൻ നേർന്ന ആളിനു ചുമതലയുണ്ടതാനും. പ്രസ്തുത ജീവിതാന്തസ്സിൽ പ്രവേശിക്കുവാൻ സാദ്ധ്യമല്ലാത്തവണ്ണം ആയാൾ രോഗിയാകുന്നെങ്കിൽ അതു ആയാളുടെ കുററംകൊണ്ടല്ലല്ലോ. ആകയാൽ വൈദികനോ സന്യാസിയോ ആകാമെന്നുള്ള നേർച്ച പാലിക്കുവാൻ ആയാൾ ബാദ്ധ്യസ്ഥനല്ല രോഗംകൊണ്ടു വൈദികനോ സന്യാസിയോ ആകാൻ സാദ്ധ്യമല്ലെങ്കിൽതന്നെ, ബ്രഹ്മചര്യം അനുഷ്ഠിക്കുന്നതിനു ആ രോഗം ഒരു തടസ്സമാകണമെന്നില്ലല്ലോ. ആ നിലയിൽ നേർച്ചയുടെ ആ ഭാഗം അയാൾക്കു പാലിക്കാവുന്നതാണ്. എന്നാൽ വൈദികൻ, സന്യാസി എന്നി ഏതെങ്കിലും നിലകളിലുള്ള ബ്രഹ്മചര്യം മാത്രമേ നേർച്ചനേർന്നപ്പോൾ അയാൾക്കു ഉദ്ദേശ്യമുണ്ടായിരുന്നുള്ളുവെങ്കിൽ, ബ്രഹ്മചര്യാനുഷ്ഠാനത്തിനും അയാൾ ബാദ്ധ്യസ്ഥനല്ല.

157. ചോ: ഒരാളെ കുത്തി കൊലപ്പെടുത്തിയതിനുശേഷം ദൈവത്തോടു മാപ്പിരന്നാൽ അവിടുന്നു അതു നമ്മോടു ക്ഷമിക്കുമോ?

(ജോസ് ചങ്ങനാശേരി,

ഉ: അന്യനെ മനഃപൂർവ്വമായി കൊല്ലുന്നവൻ, മനുഷ്യജീവന്റെമേൽ ദൈവത്തിനു മാത്രമുള്ള അധികാരത്തെ അപഹരിക്കുകയാകുന്നു ചെയ്യുന്നതു്. മാത്രമല്ല മനുഷ്യസമുദായത്തിന്റെ ഭദ്രതയെ നശിപ്പിക്കുകയും ഈ ലോകത്തിൽ മനുഷ്യനുള്ള ഏററവും വലിയ സ്വാഭാവികനന്മയായ ജീവനെ എടുത്തുകളയുകയും ചെയ്യുന്നു. ആകയാൽ അന്യനെ കൊല്ലുന്നതു് ഏററം ഘനമായ ഒരു പാപമാകുന്നു. എന്നിരിക്കിലും കൊലപാതകി ഹൃദയപൂർവ്വം മനസ്തപിക്കുകയും നഷ്ടപരിഹാരത്തിനു സന്നദ്ധനാകുകയും പാപമോചനത്തിനു ദൈവം ഏർപ്പെടുത്തിയിട്ടുള്ള ഉപാധികളെ അവലംബിക്കുകയും ചെയ്യുന്നപക്ഷം കരുണാനിധിയായ ദൈവം അവനോടു ക്ഷമിക്കാതിരിക്കയില്ല.

ഒരാളെ കുത്തിക്കൊന്നാൽ ആയാളുടെ ജീവനെ സംബന്ധിച്ചിടത്തോളം യാതൊരു നഷ്ടപരിഹാരവും ചെയ്യുക സാദ്ധ്യമല്ലല്ലോ. എന്നാൽ അത്തരം ജീവനാശത്തോടു അനുബന്ധിച്ചുണ്ടാകുന്ന ലൗകികമായ നഷ്ടത്തെ പരിഹരിക്കുവാൻ കഴിയും. ഉദാഹരണമായി കുത്തേററ ആൾ മരിക്കുന്നതിനുമുൻപു വേണ്ടിവന്ന ചികിത്സാച്ചെലവും ആയാൾ കിടപ്പിലായിരുന്നകാലത്തുണ്ടായിട്ടുള്ള പണസംബന്ധമായ മററു നഷ്ടങ്ങളും. അതുപോലെ തന്നെ മരിച്ച ആളിനെ ആശ്രയിച്ചുകഴിഞ്ഞിരുന്ന മാതാപിതാക്കന്മാർക്കും ഭാര്യാപുത്രന്മാർക്കും അയാളുടെ മരണംമൂലം ഉണ്ടായിട്ടുള്ള നഷ്ടവും പരിഹരിക്കേണ്ടതാകുന്നു (മരിച്ചയാൾ അവരെ സഹായിക്കുന്നുണ്ടായിരുന്നില്ലെങ്കിൽ, ആ ഇനത്തിൽ നഷ്ടപരിഹാരം കൊടുക്കേണ്ടതില്ല) കൊലപാതകംമൂലം മരിച്ചയാളിന്റെ അകന്ന ബന്ധുക്കൾക്കോ, ഉത്തമർണ്ണന്മാർക്കോ, മററാർക്കെങ്കിലുമോ നഷ്ടം വരണമെന്ന ഉദ്ദേശ്യമുണ്ടായിരുന്നെങ്കിൽ ആ നഷ്ടവും പരിഹരിക്കേണ്ടതാണ്. എന്നാൽ ഇങ്ങനെ നഷ്ടപരിഹാരം നൽകുന്നതിനു തീർത്തും നിവൃത്തിയില്ലാത്ത ഒരു സാമ്പത്തികസ്ഥിതിയാണു് കൊലപാതകിക്കുള്ളതെങ്കിൽ, നഷ്ടപരിഹാരം നൽകുവാൻ ആയാൾക്കു ബാദ്ധ്യത ഉണ്ടായിരിക്കുന്നതല്ല.

158. ചോ: കത്തോലിക്കാസഭ എന്തുകൊണ്ടു കമ്മ്യൂണിസത്തെ എതിർക്കുന്നു?

(ജി. ടി. ആലപ്പുഴ)

ഉ: കത്തോലിക്കാസഭ പരിപാവനമായി സ്വീകരിച്ചുപോരുന്ന എല്ലാററിന്റെയും നിഷേധമാണ് കമ്മ്യൂണിസം; അതുകൊണ്ടാണ് കമ്മ്യൂണിസത്തെ എതിർക്കുന്നതു്.

കമ്മ്യൂണിസം മതത്തിനെതിരാണ്. സർവ്വശക്തനായ ദൈവത്തിന്റെ അസ്തിത്വത്തേയും ആത്മാവിന്റെ അമർത്യതയേയും അതു നിഷേധിക്കുന്നു. കമ്മ്യൂണിസം നിരീശ്വരപരമാണ്. ദൈവത്തിലുള്ള എല്ലാ വിശ്വാസത്തേയും ഉന്മൂലനം ചെയ്യുകയാണ് അതിന്റെ ലക്ഷ്യം. "ഓരോ സ്ഥലത്തേയും അധികാരികൾ സമയം ഒട്ടും നഷ്ടപ്പെടുത്താതെ ദൈവത്തിനു എതിരായുള്ള യുദ്ധത്തിനു ആവശ്യമായ എല്ലാ ശക്തികളും വിനിയോഗിക്കണം. മതത്തിനു എതിരായുള്ള പ്രവർത്തനങ്ങൾ നിർബന്ധമാണെന്നും അങ്ങനെയുള്ള പ്രവർത്തനങ്ങൾ സംഘടിതമായി നടത്തണമെന്നും പ്രഖ്യാപനം ചെയ്യണം. എല്ലാവിധത്തിലുമുള്ള മതം മരണമടയത്തക്കവിധം ഒരു യുദ്ധം നാം പ്രഖ്യാപനം ചെയ്യണം" എന്നാണു കമ്മ്യൂണിസ്റ്റ് മുഖപത്രമായ "പ്രാവ്ദാ" (1928 ഏപ്രിൽ 8) പ്രസ്താവിച്ചിരിക്കുന്നതു്. "എല്ലാ മതങ്ങളും മനുഷ്യന്റെ ബുദ്ധിയേയും മനസ്സിനേയും മനസ്സാക്ഷിയേയും മത്തുപിടിപ്പിക്കുകയും കൊല്ലുകയും ചെയ്യുന്ന ഒരേമാതിരി വിഷംതന്നെയാണ്. നാം ചെയ്യേണ്ടിയിരിക്കുന്ന ജോലി മതങ്ങളെ പരിഷ്കരിക്കുകയെന്നല്ലാ പ്രത്യുത എല്ലാ മതങ്ങളേയും അവയോടുകൂടി സാന്മാർഗ്ഗികമായിട്ടുള്ളതിനെയെല്ലാം നശിപ്പിക്കുകയെന്നുള്ളതാണ്" (കമ്മ്യൂണിസത്തിന്റെ എ. ബി. സി.)

(ശേഷം 11-ാംപേജിൽ)

ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

ക്ലിപ്തബാദ്ധ്യതയോടുകൂടി 1938-ൽ തിരുവിതാംകൂർ-കൊച്ചിയിൽ രജിസ്റ്റർചെയ്യപ്പെട്ടതു്

ഹെഡ്ഓഫീസ്: ചങ്ങനാശ്ശേരി

ശാഖകൾ: ആലപ്പുഴ അതിരമ്പുഴ, ചങ്ങനാശേരി,
കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

| | | |
|---|---|---|
| അധികൃതമൂലധനം. | രൂ. | 10,00,000—0—0 |
| വാഗ്ദത്തമൂലധനം. | ” | 6,00,000—0—0 |
| പിരിഞ്ഞുകിട്ടിയ മൂലധനം. | ” | 5,97,150—0—0 |
| പ്രവർത്തനമൂലധനം. | ” | 39,47,506—0—0 |

ഡയറക്ടേഴ്സ്

1. ശ്രീ പോൾ വറുഗീസ് ബി. ഏ., ബി. എൽ., ചങ്ങനാശേരി(ചെയർമാൻ)
2. ” കുഞ്ചെറിയാ കെ. പുരക്കൽ, പുളിങ്കുന്ന്
3. ” മൈക്കൾ എ. കള്ളിവയലിൽ ബി. എ., കൊണ്ടുപറമ്പിൽ, വിളക്കുമാടം
4. ” തോമസ് ററി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി
5. ” കുഞ്ചെറിയാ ററി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി
6. ” തോമസ് ററി. കുരിയാളശ്ശേരിൽ (മാനേജിംഗ് ഡയറക്ടർ)

(12-ാംപേജ് തുടർച്ച)

എന്നെ സമ്മതിച്ചില്ല. "എന്നിട്ട് അവൾ എവിടെപ്പോയി?" അമ്മയുടെ ചോദ്യം. "ചേച്ചി അപ്പോൾതന്നെ കളിക്കുവാൻ അങ്ങേവീട്ടിലേക്കു് ഓടിപ്പോയി." ഞാൻ മറുപടി പറഞ്ഞു. "അമ്പടി, അവളിങ്ങുവരട്ടെ" അപ്പച്ചൻ അപ്പോൾത്തന്നെ ശിക്ഷയ്ക്കുള്ള പ്ലാനിട്ടുകഴിഞ്ഞു.

കളികഴിഞ്ഞു വിയർത്തൊലിച്ചു് ചേച്ചി തുള്ളിച്ചാടി വീട്ടിലേക്കു വന്നു. ചേച്ചിയെ സ്വീകരിക്കുവാൻ ഒരു നല്ല വടിയുമായി അപ്പച്ചൻ പടിക്കലുണ്ടായിരുന്നു. പടികടന്നപ്പോഴേക്കും ചേച്ചിക്കുള്ള സമ്മാനം ഒന്നു കിട്ടിക്കഴിഞ്ഞു. എന്റെ ഹൃദയം പിടച്ചു. ഇനിയും അപ്പച്ചൻ ചേച്ചിയെ തല്ലുകയാണു്. വേദനയോടെ ചേച്ചി വിങ്ങിക്കരഞ്ഞു. മനോഹരമായ ആ നീലക്കണ്ണുകളിൽനിന്നും കണ്ണുനീർകണങ്ങൾ ഇററിററുവീണു. ആ ദയനീയരംഗം കണ്ടുനിൽക്കുവാൻ എനിക്കു കഴിഞ്ഞില്ല. ഞാൻ ചേച്ചിയോടൊപ്പം വാവിട്ടുകരഞ്ഞു. ഓടിച്ചെന്നു അപ്പച്ചനെ തടുത്തു. പക്ഷെ അതുകൊണ്ടൊന്നും അപ്പച്ചന്റെ രോഷാഗ്നി ശമിച്ചില്ല. പിടിച്ചുവലിച്ചു് ചേച്ചിയെ അകത്തേക്കു കൊണ്ടുപോയി. പിന്നത്തെ അപ്പച്ചന്റെ തല്ലു്—അതോർക്കുവാൻപോലും എനിക്കു കഴിയുന്നില്ല. എന്റെ ഹൃദയത്തിൽ എന്തൊക്കെയോ കത്തിയെരിയുന്നതുപോലെ എനിക്കു തോന്നി. ഞാൻ എന്തിനു് ഈ നുണപറഞ്ഞു? എന്റെ കുററം ചേച്ചിയുടെമേൽ വച്ചുകെട്ടുവാൻ. ആ ചിന്ത എന്നെ ഭ്രാന്തുപിടിപ്പിച്ചു. ഞാനൊരു നിസ്സഹായനെപ്പോലെ ഏങ്ങിയേങ്ങിക്കരഞ്ഞു. എന്നെ അതിരററു സ്നേഹിച്ച ചേച്ചി—കൊച്ചുകൊച്ചുകഥകൾ പറഞ്ഞുതന്നു് എന്നെ രസിപ്പിച്ച ചേച്ചി—എനിക്കുവേണ്ടി അമ്മയോടും അപ്പനോടും സധീരം വാദിക്കുന്ന എന്റെ പൊന്നുചേച്ചി—ആ ചേച്ചിയെ ഞാൻ തല്ലിച്ചു! ആ സ്വരം എന്റെ കർണ്ണപുടങ്ങളിൽ വന്നലയ്ക്കുന്നതുപോലെ എനിക്കു തോന്നി. ഞാൻ അപ്പച്ചന്റെ കൈയിൽനിന്നും ആ വടി വാങ്ങിച്ചു് ദൂരേക്കു് വലിച്ചെറിഞ്ഞു. ഒരു ഭ്രാന്തനെപ്പോലെ ഞാൻ അകത്തേക്കോടി കട്ടിലിൽചെന്നു് ആഞ്ഞടിച്ചുവീണു.

എല്ലാ ദിവസവും അമ്മയുടെ അരികെ കിടന്നുറങ്ങുക പതിവുള്ള ഞാൻ അന്നു് ചേച്ചിയുടെ അരികെയാണു് കിടന്നുറങ്ങിയതു്. സമയം ഭാരമായി കടന്നുപോയി. എന്തൊരു നിശ്ശബ്ദത. എവിടെ നോക്കിയാലും കൂരിരുട്ടു്. എല്ലാവരും കൂർക്കംവലിച്ചുറങ്ങുകയാണു്. ഞാൻ മാത്രം കണ്ണുരണ്ടും മിഴിച്ചു് അങ്ങോട്ടും ഇങ്ങോട്ടും തിരിഞ്ഞും മറിഞ്ഞും കിടക്കുന്നു. ഒരായിരം ചിന്തകൾ എന്റെ മനസ്സിൽക്കൂടി കടന്നുപൊയ്ക്കൊണ്ടിരുന്നു. ചിലപ്പോൾ തോന്നും ചേച്ചിയെ വിളിച്ചുണർത്തി മാപ്പിരന്നാലോ എന്നു്. പക്ഷെ ഞാനതു് ചെയ്തില്ല. ഞാൻ ചേച്ചിയുടെ കാലിന്മേൽ കൈകൊണ്ടു് ഒന്നു തലോടിനോക്കി. ആ പാടുകൾ ഇപ്പോഴും കനത്തുതന്നെ കിടക്കുകയാണു്. നിശയുടെ കൂരിരുട്ടു് എന്റെ ഹൃദയത്തിലും പടർന്നുപിടിച്ചതുപോലെ എനിക്കു തോന്നി. ഞാനെന്റെ തലമുടിയെ കൈകൾകൊണ്ടു് പിടിച്ചുവലിച്ചു. എനിക്കും അല്പമൊന്നു് വേദനിക്കുവാൻ ഞാനാഗ്രഹിച്ചു. ഇത്ര കഠിനമായ ദണ്ഡനങ്ങൾ ഏററിട്ടും എന്തുകൊണ്ടു് ചേച്ചി ഒന്നും പറഞ്ഞില്ല? ചേച്ചിക്കറിയാമായിരുന്നില്ലേ ചേച്ചിയല്ല ഭരണി ഉടച്ചതെന്നു്. പിന്നെ എന്തുകൊണ്ടു് ആ സത്യാവസ്ഥ ചേച്ചി അപ്പച്ചനോടു തുറന്നു പറഞ്ഞില്ല. ആ ചിന്ത എന്നെ ഉറക്കത്തിൽനിന്നും വിളിച്ചുണർത്തിയിരുന്നു.

നേരം പുലർന്നു. ഞാൻ കിടക്കയിൽനിന്നും ചാടിയെഴുന്നേററു. ദൂരെനിന്നും ഒരു പൂവൻകോഴി കൂവുന്ന സ്വരം വായുവിലുയർന്നു. ഞാൻ ചേച്ചിയെ വിളിച്ചെഴുന്നേൽപിച്ചു പള്ളിയിൽ പോകുവാൻ. ഞങ്ങൾ ഞങ്ങളുടെ പുതിയ വസ്ത്രങ്ങളണിഞ്ഞു് പള്ളിയിലേക്കു പുറപ്പെട്ടു. പ്രകൃതി ഞങ്ങളെ നോക്കി പുഞ്ചിരി തൂകി. ചെങ്കതിർ വീശുന്ന കനകസൂര്യൻ വൃക്ഷമറവിൽ നിന്നുകൊണ്ടു് ഞങ്ങളെ ഒളിഞ്ഞുനോക്കി. പക്ഷെ ഇതുകൊണ്ടൊന്നും മൃതകാലസ്മരണകളെ എന്നിൽനിന്നു് അകററി നിർത്തുവാൻ എനിക്കു കഴിഞ്ഞില്ല. ഞാൻ ചേച്ചിയോടു ചോദിച്ചു: "ചേച്ചി ഇന്നലെ അപ്പച്ചൻ ചേച്ചിയെ തല്ലിയപ്പോൾ എന്തുകൊണ്ടാണു് ഒന്നും മിണ്ടാതിരുന്നതു്?" ചേച്ചി എന്റെ മുഖത്തേക്കുനോക്കി ഒന്നു പുഞ്ചിരിച്ചു അതു ഒരു ഒളിയമ്പുപോലെ എന്റെ ഹൃദയത്തിൽ വന്നുതറച്ചു. എന്നിട്ടു ചേച്ചി ശാന്തമായി എന്നോടുപറഞ്ഞു, അതു ചേച്ചി മിഷനുവേണ്ടി കാഴ്ചവെച്ചുവെന്നു്. പള്ളിയിലെ മണിനാദം മുഴങ്ങിക്കേട്ടു. എനിക്കു് എന്റെ വികാരത്തെ തടഞ്ഞുനിർത്തുവാൻ കഴിഞ്ഞില്ല. ഞാൻ ചേച്ചിയുടെ തോളിൽ പിടിച്ചു് ഉലച്ചു. എന്നിട്ടു് ഉറക്കെപറഞ്ഞു: "ചേച്ചീ, ഇന്നലെ ഭരണി തട്ടിയിട്ടു് ഉടച്ചതു് ഞാനാണു്." കൂടുതൽ ശാന്തതയോടെ ചേച്ചി എന്നോടു പറഞ്ഞു: "അതു ഞാൻ അപ്പോഴെ ഓർമ്മിക്കായ്കയല്ല. ഞാനാ കാര്യം അപ്പച്ചനോടു പറഞ്ഞാൽ അപ്പച്ചൻ നിന്നെ തല്ലും. നീ വാവിട്ടു കരയും." "അപ്പോൾ ചേച്ചിയോ?" ഞാൻ ഇടയിൽ കടന്നു ചോദിച്ചു. ചേച്ചി എന്റെ മുഖത്തേക്കുനോക്കി ഒന്നു പുഞ്ചിരിച്ചുകൊണ്ടു് തുടർന്നു പറഞ്ഞു: "നിന്നെ അപ്പച്ചൻ തല്ലിയാൽ നീ പിറുപിറുപ്പോടുകൂടി അതു സഹിക്കും. അതു ദൈവത്തിനു ഇഷ്ടമാവുകയില്ല എന്നാൽ ഞാനോ; മററുള്ളവരിൽനിന്നും പീഡനങ്ങളും ദണ്ഡനങ്ങളും ഏല്ക്കുവാൻ കാത്തിരിക്കുകയാണു്. മിഷനുവേണ്ടി കാഴ്ചവെക്കുവാൻ. ഞാൻചെയ്യുന്ന ത്യാഗപ്രവൃത്തികൾമൂലം ഒരാത്മാവെങ്കിലും മനസ്സുതിരിഞ്ഞു് സത്യസഭയിൽ പ്രവേശിച്ചാൽ ഞാനെത്രയോഭാഗ്യവതിയാണു്!" അങ്ങിനെ ചേച്ചി ആ രഹസ്യം പുറത്തുവിട്ടു. പൂമൊട്ടുകൾ വിരിഞ്ഞു. ഒരു പുതിയത്യാഗത്തിന്റെ ചിന്താഗതി എന്റെ മനസ്സിൽ ചിറകടിച്ചു പറന്നുപൊന്തി.

## പരേതനായ



ഹോത്തല മുട്ടത്തുപള്ളി ഇടവക വട്ടകുളത്തിൽ
ചാക്ക[illegible]സ് അവർകൾ

ഏതാനും നാളുകളായി രോഗശയ്യാവലംബിയായിരുന്ന ഇദ്ദേഹം അന്തിമവൈദികശുശ്രൂഷകളെല്ലാം ഭക്തിപൂർവ്വം സ്വീകരിച്ചു സ്വകളത്രപുത്രപൗത്രരുടെ പ്രാർത്ഥനാമദ്ധ്യേ 1957 സെപ്റ്റംബർ 24-ാംനു 71-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു 25-ാംനു റാസ, ഒപ്പീസു മുതലായ തിരുക്കർമ്മങ്ങൾക്കുശേഷം റവ. ഫാദർ ഐസക്കു് അറയ്ക്കപ്പറമ്പിൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിലും 15-ൽപരം വന്ദ്യവൈദികരുടെ സഹകരണത്തിലും പല ദർശനസമൂഹങ്ങളുടേയും വമ്പിച്ച ഒരു ജനസമൂഹത്തിന്റെയും സാന്നിദ്ധ്യത്തിലും മൃതദേഹം മുട്ടത്തുപള്ളി സിമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു. പരേതന്റെ ആത്മാവിനു നിത്യശാന്തിനേരുകയും സ്വപിതാവിന്റെ നിര്യാണത്താൽ സന്തപ്തചിത്തനായ ഏകപുത്രൻ ഇരിഞ്ഞാലക്കുട സബ്ജഡ്ജി ശ്രീ വി. ടി. ചാക്കോ അവർകളേയും മററു കുടുംബാംഗങ്ങളേയും അനുശോചിക്കയും ചെയ്യുന്നു.

"ദയാപരനായ ഈശോയെ, ഈ ആളിന്റെമേൽ കൃപയായിരിക്കണമേ."

*R. I. P.*

# എലിസബത്തിന്റെ കാലത്തെ മതപീഡനം

(ഇ. എ. ജോസഫ് ബി. എ., തുടങ്ങനാട്)

ഇന്നു് റഷ്യയിലും ചൈനയിലും കത്തോലിക്കർ മതമർദ്ദനം സഹിക്കുകയാണല്ലോ. ഇതേവിധത്തിലുള്ള ജയിൽവാസവും പീഡനങ്ങളും ഏതാണ്ടു് നാനൂറു് വർഷങ്ങൾക്കുമുമ്പു് ഇംഗ്ലണ്ടിൽ കത്തോലിക്കർ സഹിച്ചുകൊണ്ടിരുന്നു. എലിസബത്തു രാജ്ഞിയുടെ ഭരണം മൃഗീയതയുടേയും ക്രൂരതയുടേയും കേളീരംഗമായി പരിലസിച്ചു.

കുററവാളികളുടെ ഇടയിലെന്നപോലെ കത്തോലിക്കാ പുരോഹിതന്മാരുടേയും അൽമായരുടേയും ഇടയിൽ ചാരന്മാരെ ഏർപ്പെടുത്തിയിരുന്നു. പ്രോട്ടസ്റ്റൻറു് മതാനുഷ്ഠാനങ്ങൾ സ്വീകരിക്കുന്നതിനു് വിമുഖത പ്രകടിപ്പിച്ച കത്തോലിക്കരെക്കൊണ്ടു് ജയിലുകൾ നിറഞ്ഞു. ഫിലിപ് ഹൗവാർഡ് (Philip Howard) തുടങ്ങി അനേകം പേർക്കു് ഭീമമായ തുകകൾ പിഴയിടുകയും കൂടാതെ മരണംവരെ അവരെ ജയിലിലടയ്ക്കുകയും ചെയ്തു. ഫിലിപ് ഹൗവാർഡിന്റെ മരണസമയത്തു് അദ്ദേഹത്തിന്റെ സ്വന്തം ഭാര്യയേയോ കുഞ്ഞുങ്ങളേയോ അവസാനമായി ഒരു നോക്കു കാണുന്നതിനുപോലും അനുവദിച്ചില്ല.

അക്കാലത്തു് ജീവിച്ചിരുന്നവരിൽ ഒരു പ്രമുഖവ്യക്തിയായിരുന്ന ഫാദർ വെസ്റ്റൻ (Weston) 1586-ൽ ചെയ്ത പ്രസ്താവനയിലെ ചില കാര്യങ്ങൾ പ്രത്യേകം സ്മരണീയമാണു്. "എല്ലാവഴികളിലും വഴിക്കവലകളിലും തുറമുഖങ്ങളിലും രാത്രിയും പകലും ഒരുപോലെ കാവൽക്കാരെ നിർത്തിയിരുന്നു. യാതൊരു കാരണവശാലും യാതൊരു വ്യക്തിയേയും പ്രത്യേകപരിശോധനയ്ക്കു് വിധേയമാക്കാതെ കടന്നുപോകുവാൻ അനുവദിച്ചിരുന്നില്ല. ലോഡ്ജുകളും ഗൃഹങ്ങളും തുടർച്ചയായി പരിശോധിക്കുകയും അതുപോലെ ഓരോ വ്യക്തികളും അവരവരുടെ വിശദവിവരങ്ങൾ യഥാസ്ഥാനത്തു് യഥാസമയം അറിയിക്കണമെന്നു നിർബ്ബന്ധിക്കുകയും ചെയ്തിരുന്നു." ഇങ്ങനെ ഓരോ കാരണങ്ങളാൽ അനേകം പുരോഹിതരും അൽമായരും കാരാഗൃഹങ്ങളിലടയ്ക്കപ്പെട്ടു.

ഇവയുടെയെല്ലാം പരിണതഫലമായി പുരോഹിതർക്കു് വേഷപ്രച്ഛന്നരായല്ലാതെ പുറത്തിറങ്ങി നടക്കുവാൻ സാദ്ധ്യമല്ലെന്നായി. ചില ഗൃഹങ്ങളിൽ, ഒളിച്ചിരിക്കുന്നതിനുതകത്തക്ക വിധമുള്ള ഇരുട്ടറകളും ഗുഹകളും നിർമ്മിച്ചിരുന്നുവെന്നറിയുമ്പോൾ ജനങ്ങൾ എത്ര ഭയവിഹ്വലരായിട്ടാണു് ജീവിച്ചിരുന്നതെന്നു് മനസ്സിലാക്കാമല്ലോ. എന്നാൽ ഇവയെയെല്ലാം തൃണവൽക്കരിച്ചുകൊണ്ടു് അനേകം വൈദികരും അൽമായരും സ്ത്രീപുരുഷഭേദമെന്യേ അവരുടെ വിശ്വാസത്താൽ പ്രചോദിതരായി ഏതു ത്യാഗവും പീഡനവും സഹിക്കുന്നതിനു സന്നദ്ധരായി മുമ്പോട്ടുവന്നു.

പതിനാറാം നൂററാണ്ടിൽ ജീവിച്ചിരുന്ന ഫാ. കാംപിയൻ, (Campion), ഫാ. ജറാർഡ് (Gerard), ഫാ. വാൽപോൾ (Walpole), ഫാ. സൗത്തു്വെൽ (South Well) തുടങ്ങിയവരുടെ ജീവചരിത്രത്തിലേക്കു് നാം ഒന്നു കണ്ണോടിക്കുന്നുവെങ്കിൽ എത്ര മൃഗീയപീഡനങ്ങളാണു് അവർ സഹിച്ചിട്ടുള്ളതെന്നു് നിഷ്പ്രയാസം നമുക്കു് മനസ്സിലാക്കുവാൻ സാധിക്കും. ഫാദർ കാംപിയനെ കാരാഗൃഹത്തിലടയ്ക്കുകയും അതിനുശേഷം ഒരു കുതിരയുടെ വാലിൽ കെട്ടി, "Tyburn" പട്ടണത്തിന്റെ ചെളി നിറഞ്ഞുകിടന്ന തെരുവിൽക്കൂടി വലിച്ചുകൊണ്ടു നടക്കുകയും ചെയ്തു. പിന്നീടു് ന്യായാധിപന്റെ വിധിപ്രകാരം എല്ലാവരും കാണത്തക്കവിധത്തിൽ അദ്ദേഹത്തെ പട്ടണത്തിൽക്കൂടി വലിച്ചുകൊണ്ടു നടന്നശേഷം തൂക്കിലിടുകയും, എന്നാൽ മരിക്കുന്നതിനുമുമ്പു് താഴെയിറക്കി അദ്ദേഹത്തിന്റെ അവയവം വിച്ഛേദിച്ചു് ദഹിപ്പിക്കുകയും ഒടുവിൽ തല വെട്ടി ശരീരം നാലായി ഖണ്ഡിച്ചു് വധിക്കുകയുമാണുണ്ടായതു്.

ഫാ. ജറാർഡിനെ പലപ്രാവശ്യം വളരെ മൃഗീയമായ വിധത്തിൽ പീഡനങ്ങൾ ഏല്പിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ കൈകൾ വിരിച്ചു് മച്ചിന്റെ കീഴെ ആണികൊണ്ടു തറച്ചു് തൂക്കിയിടുകയും ബോധരഹിതനാകുമ്പോൾ കാലുകൾ എത്തത്തക്കവിധം ഒരു സ്റ്റൂൾ വച്ചുകൊടുക്കുകയും അങ്ങിനെ ബോധം വീഴുമ്പോൾ വീണ്ടും സ്റ്റൂൾ മാററി, തൂക്കി നിർത്തുകയും ചെയ്തിരുന്നു.

ഹംബർസ്റ്റോൺ (Humberstone) എന്ന ഒരു പ്രശസ്തവ്യക്തിയെ പതിനൊന്നു കൊല്ലം ജയിലിൽ പിടിച്ചിട്ടു് ചാട്ടകൊണ്ടു് അടിച്ചും മററു പലവിധത്തിലും പീഡിപ്പിച്ചു. മാർഗ്രററ് ക്ലിതറോയെ (Margaret clitherae) രണ്ടു് വലിയ കല്ലുകൾക്കിടയ്ക്കുവച്ചു് ഞെക്കിക്കൊന്നു.

ഇങ്ങനെ നോക്കുമ്പോൾ എലിസബത്തിന്റെ കാലം മൃഗീയതയുടേയും ക്രൂരതയുടേയും ഒരു യുഗമായിരുന്നുവെന്നുതന്നെ പറയാം. സ്ത്രീകളിൽപോലും അന്നു് ദീനാനുകമ്പ കുറവായിരുന്നു എന്നു് മനസ്സിലാക്കാൻ സാധിക്കും. എങ്കിലും അവിടെയും വിശ്വാസം നിലനില്ക്കുകയും വിശ്വാസികളുടെ എണ്ണം ദൈനംദിനം വർദ്ധമാനമായിക്കൊണ്ടിരിക്കുകയും ചെയ്തു.

(ഇംഗ്ലീഷിൽനിന്നും പരിഭാഷ)

പ്രഥമ ചരമവാർഷികം
2-10-1957



ശ്രീമതി ചേച്ചമ്മ ഇട്ടിയവിരാ പള്ളിവാതുക്കൽ. കാഞ്ഞിരപ്പള്ളി.
ദയാപരനായ ഈശോ
ഈ ആത്മാവിനു നിത്യാശ്വാസം കൊടുത്തരുളേണമെ

ഇപ്പോൾ ഞാനൊരു ത്യാഗിവീരനാണു്. ശരീരത്തെ പീഡിപ്പിച്ചുകൊണ്ടു് ആത്മാവിൽ സന്തോഷമനുഭവിക്കുന്ന ഒരുത്യാഗിവീരൻ, കൊച്ചുകൊച്ചു ത്യാഗങ്ങൾവഴി ദൈവവെളിച്ചത്തിലേക്കു ആത്മാവുകളെ നയിക്കുന്ന ഒരു കൊച്ചു ത്യാഗിവീരൻ!

(10-ാംപേജ് തുടർച്ച)

ത്തെ ഇവിടെ കൊണ്ടുവരിക. അദ്ദേഹം ഞങ്ങളോടു ഒപ്പിടുവാൻ പറയട്ടെ—അതായതു്, കളവുപറയുവാൻ ഞങ്ങളെ അനുവദിക്കട്ടെ." രണ്ടു മാസത്തെ പരിശ്രമത്തിനുശേഷം ലീജിയനംഗങ്ങളുടേതെന്നപേരിൽ അവർ നാലു ഒപ്പുകൾ പ്രസിദ്ധപ്പെടുത്തി എന്നാൽ അവയിൽ ഒന്നുപോലും ലീജിയനംഗങ്ങളുടേതായിരുന്നില്ല; ഒപ്പുകാരിൽ ചിലർ കത്തോലിക്കർതന്നെയും ആയിരുന്നില്ല.

ലീജിയനെപ്രതി ധാരാളം പേർ അറസ്റ്റ്ചെയ്യപ്പെടുകയും, പീഡിപ്പിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്തു. ലീജിയൻ ജപങ്ങൾ ചൊല്ലിയെന്ന കാരണത്താൽ ട്യൂവെയ്ഷിങ്ങ് എന്ന ഒരു വിദ്യാർത്ഥിനിയെ സ്കൂൾ ഡയറക്ടറുടെ ആജ്ഞാനുസരണം സഹപാഠികൾ കഠിനമായി മർദ്ദിച്ചു. എന്നാൽ രക്തത്തിൽ കുളിച്ചു നിലത്തു കിടന്നുകൊണ്ടു ആ ധീരബാലിക ഉരുവിട്ടതു്: "എൻെറ സ്വർഗ്ഗീയമാതാവേ, ഇതെല്ലാം അങ്ങേ സ്നേഹത്തെപ്രതിയും ലീജിയൻെറ പ്രചാരണത്തിനായും ഞാൻ സമർപ്പിക്കുന്നു" എന്നായിരുന്നു.

1951 സെപ്ററംബർമാസത്തിൽ മഷുയിങ്ങ് എന്ന ഒരദ്ധ്യാപിക അറസ്റ്റ്ചെയ്യപ്പെട്ടു ഒരു ലീജിയൻ ശാഖയുടെ പ്രസിഡണ്ടായിരുന്നു എന്നതാണു് അവരുടെമേൽ ആരോപിക്കപ്പെട്ട കുററം. ലീജിയൻചെയ്തിട്ടുള്ള പാതകങ്ങളെല്ലാം വെളിപ്പെടുത്തണമെന്നു ആവശ്യപ്പെട്ടു് പല മണിക്കൂറുകളും ദിവസങ്ങളും നിരന്തരമായ ചോദ്യങ്ങൾക്കു പോലീസുകാർ അവരെ വിധേയമാക്കി. എന്നാൽ തനിക്കു കളവുപറവാൻ സാദ്ധ്യമല്ലാത്തതിനാൽ ഒന്നുംതന്നെ ഏററുപറയുവാനില്ലെന്നു അവർ ആവർത്തിച്ചാവർത്തിച്ചു പ്രസ്താവിച്ചു. അവരുടെ കൈകൾ പിന്നിൽ ബന്ധിക്കുവാൻ ജഡ്ജി ആജ്ഞാപിച്ചു. അങ്ങനെ നാലുമാസങ്ങളാണു് അവർ കഴിച്ചുകൂട്ടേണ്ടിവന്നതു്. എങ്കിലും ആ വീരസൈനിക ദൈവജനനിയെപ്രതി പ്രസ്തുതപീഡകൾ സഹിക്കുവാൻ അവസരം ലഭിച്ചതിൽ സന്തോഷിക്കയും പരിശുദ്ധകന്യകമറിയത്തിനു നന്ദിപറകയും ചെയ്തു.

അവിടത്തെ ക്യൂരിയാപ്രസിഡണ്ടു് 36 വയസ്സുള്ള മി. ഫൻലാൻപെങ്ങ് എന്ന ദേഹമായിരുന്നു. അദ്ദേഹത്തെ ജയിലിലടച്ചു് ഏതാനുംദിവസം കഴിഞ്ഞു് പോലീസു് അദ്ദേഹത്തിൻെറ ഭാര്യയെ സമീപിച്ചു. ആ സ്ത്രീയും തീക്ഷ്ണതയുള്ള ഒരു ലീജിയനംഗമായിരുന്നു. "നിങ്ങളുടെ ഭർത്താവു പ്രസ്താവനയിൽ ഒപ്പിട്ടിട്ടുണ്ടു്. നിങ്ങളുംകൂടി ഒപ്പിട്ടാൽ ഏതാനും മണിക്കൂറുകൾക്കകം ഞങ്ങൾ അദ്ദേഹത്തെ വിമുക്തനാക്കാം," പോലീസുകാർ അറിയിച്ചു. "എൻെറ ഭർത്താവു ഒപ്പിട്ടിട്ടുണ്ടെങ്കിൽ അദ്ദേഹത്തെ നിങ്ങൾ സ്വതന്ത്രനാക്കിക്കൊൾക. അദ്ദേഹത്തിനുപകരം ഞാൻ ജയിലിൽ പോയി അദ്ദേഹം ചെയ്ത ആ പാതകത്തിനു പരിഹാരം ചെയ്തുകൊള്ളാം" എന്നാണു് ആ ധീരവനിത പ്രതിവചിച്ചതു്.

അദ്ദേഹം ഒപ്പിട്ടിട്ടുണ്ടായിരുന്നില്ല. ലീജിയൻെറമേൽ കുററമാരോപിക്കുവാൻ പററിയ എന്തെങ്കിലും ഒരു പ്രസ്താവന അദ്ദേഹത്തിൽനിന്നു നിർബ്ബന്ധിച്ചെടുക്കുവാൻ അവർ ഉററു പരിശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. ഒടുവിൽ അവർ പറഞ്ഞു: "ലീജിയൻ പ്രവർത്തിച്ചിട്ടുള്ള പാതകങ്ങൾ എന്തൊക്കെയാണെന്നു ഏററുപറയുന്നില്ലായെങ്കിൽ നിങ്ങളെ വെടിവെച്ചുകൊല്ലും."

കമ്മ്യൂണിസം കുഴൽക്കണ്ണാടിയിൽ

# മതം കമ്മ്യൂണിസ്റ്റ് റഷ്യയിൽ

(നിരീക്ഷകൻ)

സോവ്യററു റഷ്യയിൽ പ്രയോഗത്തിലിരിക്കുന്ന സാമൂഹികവും സാമ്പത്തികവും സാങ്കേതികവുമായ ആദർശങ്ങളേയും നയപരിപാടികളേയും അങ്ങിങ്ങായി നിരീക്ഷണം ചെയ്യുകയാണല്ലോ ഈ പംക്തിയിൽ നാം ചെയ്തുകൊണ്ടിരിക്കുന്നതു്. കമ്മ്യൂണിസത്തിൻെറ ആധാരതത്വങ്ങളെയും പ്രാമാണിക രേഖകളേയും ആശ്രയിച്ചു മാത്രമാണു് അവയിൽ പ്രതിപാദിച്ചിട്ടുള്ളതു്. കമ്മ്യൂണിസത്തെ സംബന്ധിക്കുന്ന അതിപ്രധാനമായ ഒരു വിഷയത്തിലേക്കാണു് നാമിപ്പോൾ കടക്കുന്നതു്. മതത്തെ സംബന്ധിച്ച കമ്മ്യൂണിസത്തിൻെറ നിലപാടെന്താണു്, നാളതുവരെയുള്ള ചരിത്രമെന്താണു് എന്നീ പ്രശ്നങ്ങൾ ആ പ്രസ്ഥാനത്തെ ശരിയായി ഗ്രഹിക്കുന്നതിനും പ്രായോഗികമായി വിലയിരുത്തുന്നതിനും അവശ്യം ശ്രദ്ധിക്കപ്പെടേണ്ടവയാണു്. കമ്മ്യൂണിസം സിദ്ധാന്തപരമായി മതത്തെ ആപാദചൂഡം എതിർക്കുന്ന ഒരു നിരീശ്വരനിർമ്മിതപ്രസ്ഥാനമാണെങ്കിലും അതിൻെറ പ്രചാരകന്മാർ സാന്ദർഭികമായി ഇക്കാര്യത്തിൽ ചില ഒളിച്ചുകളികൾ നടത്തി പൊതുജനങ്ങളെ വഞ്ചിക്കുകയാണു് ചെയ്തുകൊണ്ടിരിക്കുന്നതു്. അവരുടെ കുരുക്കുകളിൽ സാധാരണജനങ്ങൾ പെട്ടുപോകാതിരിക്കണമെങ്കിൽ കമ്മ്യൂണിസ്റ്റ് റഷ്യയിൽ മതത്തിനുള്ള നിലപാടു് ശരിക്കു മനസ്സിലാക്കുകതന്നെവേണം.

മതത്തെ സംബന്ധിക്കുന്ന കമ്മ്യൂണിസ്റ്റ് സിദ്ധാന്തം അഥവാ വേദാന്തം എന്താണെന്നു അതിൻെറ പ്രാമാണികഗ്രന്ഥങ്ങൾ വിളിച്ചുപറയുന്നുണ്ടു്. ഈ പംക്തികളിൽതന്നെ അവ പല പ്രാവശ്യം പലേ വിധത്തിൽ പ്രതിപാദിച്ചിട്ടുള്ളതുകൊണ്ടു് അവയെ വീണ്ടും ഒരു നിരീക്ഷണത്തിനിവിടെ വിധേയമാക്കുന്നില്ല. "മതം മനുഷ്യനെ മയക്കുന്ന കറുപ്പാണു്" എന്നുള്ളതാണല്ലോ കമ്മ്യൂണിസത്തിൻെറ മുദ്രാവാക്യം തന്നെ. അതങ്ങിനെ പോകട്ടെ. തല്ക്കാലം നിരീക്ഷകൻ കുഴൽക്കണ്ണാടിയെ തിരിച്ചു വയ്ക്കുന്നതു് കമ്മ്യൂണിസത്തിൻെറ ഇന്നുവരെയുള്ള ചരിത്രവശത്തേക്കാണു്. കമ്മ്യൂണിസവും മതവും തമ്മിൽ കഴിഞ്ഞ അരനൂററാണ്ടുകാലത്തിനിടയിൽ എങ്ങിനെയാണു് റഷ്യയിൽ വർത്തിച്ചിട്ടുള്ളതു് എന്നാണു് കുറഞ്ഞൊന്നു നിരീക്ഷിക്കുവാനുദ്ദേശിക്കുന്നതു്. സോവ്യററു യൂണിയൻ ബോൾഷെവിക്കുകൾക്കു കീഴ്പെട്ടതോടെ എല്ലാ മതവിശ്വാസങ്ങൾക്കെതിരായും സന്ധിയില്ലാത്ത ഒരു സമരം അഴിച്ചുവിടുകയായിരുന്നു അവരുടെ ആദ്യത്തെ പരിപാടി. റഷ്യയിൽ നിന്നും അധീനരാജ്യങ്ങളിൽനിന്നും മതം പാടെ ഉന്മൂലനംചെയ്യപ്പെടണമെന്നുള്ള ലക്ഷ്യത്തെ വ്യക്തമായിത്തന്നെ അവർ പ്രഖ്യാപിച്ചു. ആദ്യകാലങ്ങളിൽ മതവിരുദ്ധമായ പരിപാടികളെല്ലാം സ്റ്റേററു തന്നെയാണു് നയിച്ചിരുന്നതും പ്രയോഗിച്ചിരുന്നതും. എന്നാൽ 1925-ൽ സ്റ്റേററിൻെറ മതവിരുദ്ധസംരംഭങ്ങളെ പ്രചാരണമാർഗ്ഗങ്ങളിലൂടെ പിന്താങ്ങുന്നതിനു വേണ്ടി ഒരു "നിരീശ്വരയോദ്ധൃ സംഘം" (Union of Militant Atheists) ഒരു പ്രത്യേക സംഘടനയായി രൂപീകരിക്കപ്പെട്ടു. യഥാർത്ഥത്തിൽ ഈ സംഘടന, സോവ്യററു ഭരണമേധാവികളുടെ നിർമ്മിത പ്രസ്ഥാനങ്ങളെ പെരുമ്പറയടിച്ചു പ്രചരിപ്പിക്കുന്നതിനുള്ള ഒരുപാധിമാത്രമായിരുന്നു. അതിൻെറ സകല ചെലവുകളും വഹിച്ചിരുന്നതു് സ്റ്റേററുതന്നെയായിരുന്നു. അവർ മതവിരുദ്ധമായ വളരെയധികം പുസ്തകങ്ങളും ലഘുലേഖകളും പത്രമാസികകളും അച്ചടിച്ചു പ്രചരിപ്പിക്കുകയും മററു പ്രചാരണോപാധികൾ പ്രയോഗിക്കുകയും ചെയ്തു. ഈ സംഘടനയുടെ പ്രവർത്തനം സാവധാനത്തിൽ റഷ്യയുടെ സാമ്പത്തിക പദ്ധതിയിലെ ഒരു വിഭാഗമായി പരിണമിച്ചു. 1927-ലേയും 1932-ലേയുംസ്റ്റലിൻെറ പഞ്ചവത്സരപദ്ധതികളോടൊന്നിച്ചു് സോവ്യററു റഷ്യയിലെ നിരീശ്വര പഞ്ചവത്സരപദ്ധതികളും പ്രഖ്യാപിതങ്ങളായി. ഒന്നാമത്തെ പഞ്ചവത്സരപദ്ധതിയിൽ അതിൻെറ പ്രവർത്തനം അധികവും നിഗ്ഗൂഢമായിട്ടാണു് നടത്തപ്പെട്ടതു്. പക്ഷെ രണ്ടാമത്തെ പദ്ധതിയിൽ അതിൻെറ പരിപാടികൾ ശബ്ദായമാനമായിരുന്നു. 1939-ാമാണ്ടിനു മുമ്പു റഷ്യയിൽനിന്നും ദൈവനാമംതന്നെയും പരിപൂർണ്ണമായി തുടച്ചുമാററപ്പെടണമെന്നായിരുന്നു പ്രഖ്യാപിതമായ പരിപാടി. പക്ഷെ പഞ്ചവത്സരപദ്ധതികൾ പരിതാപകരമാംവണ്ണം പരാജയമടഞ്ഞതേയുള്ളൂ 1939-ലെ ജനസംഖ്യാകണക്കനുസരിച്ചു് ദൈവവിശ്വാസികളുടെ സംഖ്യ അപ്രതീക്ഷിതമാംവണ്ണം വലിയ ഒന്നായിരുന്നുവത്രെ. ആ കണക്കു സൂര്യപ്രകാശം കാണാതെ തന്നെ ദ്രവിച്ചുപോയി.

പരാജയം നിരീശ്വരന്മാരെ അവരുടെ നശീകരോദ്യമത്തിൽനിന്നു പിന്തിരിപ്പിച്ചില്ല. അവർ അടവൊന്നു മാററി; പുതിയ പദ്ധതികൾ കണ്ടുപിടിച്ചു; പ്രവർത്തകാംഗങ്ങളുടെ മുന്നണികൾ സൃഷ്ടിച്ചു വന്നുകൂടിയ തോൽവികൾക്കുകൂടി പരിഹാരം കാണത്തക്കവിധം മതസംഘടനകളുടെ നേർക്കു മർദ്ദനം അഴിച്ചുവിടുന്നതിനും അവർ സന്നദ്ധരായി. 1942-ൽ ബോൾഷെവിസത്തിൻെറ മതസ്വാതന്ത്ര്യം സംബന്ധിച്ച പരിപാടികളിലുണ്ടായ വലിയ പരിവർത്തനത്തിൻെറ രഹസ്യം മനസ്സിലാകണമെങ്കിൽ അതിനുമുമ്പുണ്ടായിരുന്ന സ്ഥിതി ശരിക്കു ധരിച്ചിരിക്കണം. റഷ്യയിലെ മതസംഘടനകളുടെയെല്ലാം വസ്തുവകകൾ ഗവമ്മേണ്ടു കണ്ടുകെട്ടിയിരുന്നു പള്ളികൾ ഏതെങ്കിലും കമ്മങ്ങൾക്കുപയോഗിക്കണമെങ്കിൽ കമ്മ്യൂണിസ്റ്റ് സംഘവുമായി ആവശ്യമായ ഉടമ്പടിവ്യവസ്ഥകൾക്കു കീഴ്പെട്ടു് അവർ നിശ്ചയിക്കുന്ന ഭീമമായ വാടകകൾ കൊടുത്തിട്ടുവേണ്ടിയിരുന്നു. പള്ളിമണികൾ അടിക്കുന്നതു മുടക്കപ്പെട്ടിരുന്നു. ഭക്തസംഘടനകളെല്ലാം പിരിച്ചുവിടപ്പെട്ടു. വൈദികവിദ്യാർത്ഥികൾക്കുവേണ്ടിയുള്ള സെമ്മിനാരികളെല്ലാം അടച്ചുപൂട്ടി. കൊവേന്തകളും മഠങ്ങളും നിർത്തലാക്കി. സ്കൂളുകളിൽമാത്രമല്ല വീടുകളിൽവച്ചുപോലും 18 വയസ്സിനു താഴെയുള്ളവരെ മതം പഠിപ്പിക്കുന്നതു് നിയമവിരുദ്ധമാക്കി എവിടെയെങ്കിലും ഒരിടവക രൂപവൽക്കരിക്കണമെങ്കിൽ ചുരുങ്ങിയ പക്ഷം 20 പേരെങ്കിലും ഒപ്പിട്ട ഒരപേക്ഷ ഗവമ്മേണ്ടിൽ സമർപ്പിക്കണം. അതനുവദിക്കപ്പെട്ടാൽ ചില വ്യവസ്ഥകൾക്കു കീഴ്പെട്ടു് ഒരുടമ്പടിവഴി ഒരു പള്ളിയോ മററാരാധന സ്ഥലമോ അവക്കു വിട്ടുകൊടുക്കും. ഇപ്രകാരം അനുവദിക്കപ്പെടുന്ന സംഘങ്ങളെ മാത്രമേ സോവ്യററു ഗവമ്മേണ്ടു അംഗീകരിക്കുകയുള്ളൂ പക്ഷെ അവക്കും നൈയാമികമായ സ്ഥാനമൊന്നുമില്ല. ഇപ്രകാരമുള്ള കക്കശമായ നിയന്ത്രണങ്ങളുടെ ഫലമായി റഷ്യയിലാകെ മതസംഘടകൾ അപൂർവ്വങ്ങളായി. 1939 ആരംഭത്തിലെ കണക്കുകൊണ്ടു് കാണുന്നതു് സോവ്യററു റഷ്യയിൽ ആകെ 4 ഓർത്തഡോക്സ് മെത്രാസനം മാത്രമാണു് ഈ വിധത്തിൽ സ്വതന്ത്രമായുണ്ടായിരുന്നതെന്നാണു്. നവീകൃത ഓർത്തഡോക്സ് സഭ (കമ്മ്യൂണിസത്തിനു വിധേയമായതു്)യ്ക്കു 11 മെത്രാസനങ്ങൾ ഇതിനു പുറമെ ഉണ്ടായിരുന്നു. കത്തോലിക്കക്കു ഒന്നുപോലും ശേഷിച്ചിരുന്നില്ല. ചുരുക്കത്തിൽ എല്ലാ മതസംഘടനകളേയും അവർ തച്ചുടച്ചു കഴിഞ്ഞിരുന്നു. മുസ്ലിമിങ്ങളുടേയും യഹൂദന്മാരുടേയും മററു വിഭാഗങ്ങളുടേയും സ്ഥിതിയും അത്യാപൽക്കരമായിരുന്നു.

1941-ൽ നാലുഭാഗത്തുനിന്നും സൈന്യങ്ങൾ സോവ്യററുറഷ്യയെ ആക്രമിച്ചു മോസ്കോയെ ലക്ഷ്യമാക്കി അവ നീങ്ങിക്കൊണ്ടിരിക്കുകയായിരുന്നു. ബോൾഷെവിക്കു് ആധിപത്യം ഉലഞ്ഞു. സോവ്യററുനേതാക്കന്മാർ പരിഭ്രാന്തരായി. ഈ സാഹചര്യങ്ങളി

(ശേഷം 7-ാംപേജിൽ)

പ്രഥമ ചരമവാർഷികം



റവ. ഫാദർ ജോൺ എ. ഊക്കൻ
(തൃശ്ശൂർ രൂപതയിലെ
ഉപവിമഠസ്ഥാപകൻ)
ജനനം 19 12 1880
മരണം 13 10 1956
"ദയാപരനായ ഈശോ, ഈ
ആത്മാക്കു നിത്യാശ്വാസം
നൽകേണമേ."
R. I. P.

Inserted by the Sisters of Charity
Trichur Diocese

## പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

പാലാ

(ഷെഡ്യൂൾഡ് ബാങ്ക്)

5-7-1957

| | | |
|---|---|---|
| പിരിഞ്ഞു കിട്ടിയ മൂലധനം | | 24,88,519 രൂപാ |
| കരുതൽ ധനം | ... | 15,45,000 രൂപാ |
| ആകെ ഡിപ്പോസിററ് | ... | 7,70,20,236 രൂപാ |
| രൊക്കമിരിപ്പും മററ ബാങ്കുകളിൽ നിക്ഷേപവും | | 1,36,14,894 രൂപാ |
| ഗവമ്മേണ്ടു കടപ്പത്രങ്ങളിലുള്ള നിക്ഷേപം | ... | 2,55,90,986 രൂപാ |
| ആകെ മുതൽ | ... | 8,25,82,893 രൂപാ |

കെ. ജോസഫ് ആഗസ്തി
മാനേജിംഗ് ഡയറക്ടർ

PC. 5688


(1-ാംപേജ് തുടർച്ച)

ന്നും പുറത്തുകൊണ്ടുവന്നു ദേശീയ പതാകയാൽ സമലംകൃതമായ രഥത്തിൽ പ്രതിഷ്ഠിച്ചു. തദവസരത്തിൽ യൂണിഫോറം ധരിച്ച സൈനിക മേധാവികൾ സൈനികാചാരം ചെയ്യുകയും ആചാരവെടി മുഴക്കപ്പെടുകയുംചെയ്തു. സ്റ്റേറ്റുമന്ത്രിമാർ മുതലായവർ ഈ വാഹനത്തെ കാറിൽ അനുയാത്രചെയ്തു. വിലാപയാത്ര രാജഭവനിൽനിന്നു പുറപ്പെട്ടു എൻജിനീയറിങ്ങ് കോളേജ് റോഡ്, ഗ്രീൻവേയ്സ് റോഡ്, സാൻതോം ഹൈറോഡ് മുതലായ വീഥികൾവഴി സാൻ തോം കത്തീഡ്റലിലേക്ക് നീങ്ങിക്കൊണ്ടിരുന്നു. തദവസരത്തിൽ വീഥിയുടെ ഇരുവശങ്ങളിലും പട്ടാളക്കാർ അണിനിരന്നു നില്ക്കുകയും ബാൻറ് വിലാപഗാനം ആലപിക്കുകയും ചെയ്തു.

സാൻതോമിലെ പാഴ്സദനജിനു സമീപം ശവമഞ്ചം വഹിക്കുന്ന രഥം എത്തിച്ചേർന്നപ്പോൾ മദ്രാസ് ആർച്ചുബിഷപ്പ് ഡോക്ടർ മത്തിയാസ്, എറണാകുളം ആർച്ചുബിഷപ്പ് ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ, ബാംഗളൂർ ആർച്ചുബിഷപ്പ് ഡോക്ടർ പി തോമസ്, തിരുവനന്തപുരം ആർച്ചുബിഷപ്പ് മാർ ഗ്രിഗോറിയോസ്, ചങ്ങനാശേരി ആർച്ചുബിഷപ്പ് മാർ മാത്യു കാവുകാട്ട്, മദ്രാസ-മൈലാപ്പൂർ സഹായമെത്രാൻ ഡോക്ടർ ഫ്റാൻസീസ് കാർവാർനോ, ബിഷപ്പ് അരുൾസ്വാമി, മദ്രാസ് സി എം എസ് ബിഷപ്പ് ഡോക്ടർ ഡേവീസ് ചെല്ലപ്പ എന്നീ തിരുമേനിമാരും വിലാപയാത്രയോടു ചേർന്നു കത്തീഡ്റലിൽ എത്തിയയുടനെ ശവമഞ്ചവാഹകന്മാർ ശവപേടകം രഥത്തിൽനിന്നെടുത്തു. തൽക്ഷണം 17 ആചാരവെടികൾ മുഴങ്ങി. കത്തീഡ്റൽദേവാലയം വലിയൊരു ജനക്കൂട്ടത്താൽ നിറഞ്ഞിരുന്നു. പരിസരങ്ങളിലും ജനങ്ങൾ തിങ്ങിക്കൂടിയിരുന്നു.

ശവമഞ്ചം ദേവാലയത്തിൽ ഒരു ഉയർന്ന പീഠത്തിന്മേൽ വയ്ക്കപ്പെട്ടു. അനന്തരം മദ്രാസ് ആർച്ചുബിഷപ്പ് തിരുമേനി മററു തിരുമേനിമാരുടെ സഹകരണത്തിൽ പൊന്തിഫിക്കൽ ദിവ്യബലി അർപ്പിച്ചു. പരേതനായ ശ്രീ ജോൺ ഗുണവാനും, ഭക്തനും, തീക്ഷ്ണമതിയായ ഒരു ദേശഭക്തനുമായിരുന്നു എന്നും, അദ്ദേഹത്തിന്റെ ഉൽകൃഷ്ടജീവിതക്രമം ഏവർക്കും ഒരു മാതൃകയായിരിക്കേണ്ടതാണെന്നും ചരമപ്രഭാഷണത്തിൽ തിരുമേനി പ്രസ്താവിച്ചു. മദ്രാസ് മുഖ്യമന്ത്രി ശ്രീ കാമരാജനാടാരുടെ അന്ത്യാനുസ്മരണത്തിൽ അദ്ദേഹം പരേതനെപ്പററി ഇപ്രകാരം പ്രസ്താവിച്ചു:- "മി. ജോൺ കുറഞ്ഞൊരു കാലമേ ആയിട്ടുള്ളു മദ്രാസിൽ എത്തിയിട്ട്. എന്നുവരികിലും ഈ സമയത്തിനുള്ളിൽ അദ്ദേഹം ഏവരുടേയും പ്രീതിഭാജനമായി കഴിഞ്ഞിരിക്കുന്നു. ഏതൊരു ദുർഘടസന്ധിയിലും ക്ഷോഭവികാരങ്ങൾക്കധീനനാകാതെ ശരിയായ ഉപദേശം നൽകുവാൻ ശ്രീ ജോണിന്റെ സ്വഭാവശുദ്ധിയും നീതിബോധവും അദ്ദേഹത്തെ പ്രാപ്തനാക്കി. ശ്രീ ജോൺ തിരുക്കൊച്ചി മുഖ്യമന്ത്രിയായിരുന്ന കാലത്തു അദ്ദേഹത്തിന്റെ കക്ഷിക്കു തുലോം തുച്ഛമായ ഒരു ഭൂരിപക്ഷം മാത്രമേ ഉണ്ടായിരുന്നുള്ളു എങ്കിലും അവിടത്തെ എല്ലാ കക്ഷികളുടേയും സൗമനസ്യവും ആദരവും അദ്ദേഹം സമാർജ്ജിച്ചിരുന്നു." തിരുകർമ്മങ്ങളുടെ അവസാനത്തിൽ ശ്രീ ജോണിന്റെ ബന്ധുമിത്രാദികൾ മൃതദേഹം ചുംബിച്ചു അന്ത്യയാത്ര പറയുകയും ചരിത്രപ്രസിദ്ധമായ സാൻതോം കത്തീഡ്റലിൽ സെൻറ് ജോസഫിന്റെ അൾത്താരയ്ക്കു അഭിമുഖമായിപ്രത്യേകം സജ്ജീകരിച്ചിരുന്ന കല്ലറയിൽ മൃതദേഹം സംസ്കരിക്കപ്പെടുകയും ചെയ്തു. തദവസരത്തിൽ സാൻതോം ബീച്ചിൽനിന്നും 17 ആചാരവെടികൾ മുഴങ്ങി.

R. I. P.



ശ്രീ ഏ ജെ ജോണിന്റെ മൃതദേഹം രാജഭവനിൽ സ്ഥാപിച്ചിരിക്കുന്നു.

## അനുശോചന സന്ദേശങ്ങൾ

ചരമവാർത്ത ശ്രവിച്ചഉടനെ മുഖ്യമന്ത്രി കാമരാജ്, ആഭ്യന്തരമന്ത്രി ഭക്തവത്സലം എന്നിവർ രാജ്ഭവനിലെത്തി മിസ്സിസ് ജോണിനെ സന്ദർശിച്ച് അനുശോചനം രേഖപ്പെടുത്തി.

### മോസ്റ്റ് റവ. ഡോ. പാറേക്കാട്ടിൽ തിരുമേനി

എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി ഇങ്ങനെ പ്രസ്താവിച്ചു:-

മദ്രാസ് ഗവർണർ ശ്രീ ഏ ജെ ജോണിന്റെ സങ്കടകരമായ നിര്യാണവാർത്ത ഞെട്ടലോടുകൂടിയാണ് ഞാൻ ശ്രവിച്ചതു്. ശ്രീ ജോണിന്റെ നിര്യാണം രാജ്യത്തിനു വലുതായ ഒരു നഷ്ടമാണെന്നുള്ളതു അഭിപ്രായവ്യത്യാസമുണ്ടാകാത്ത ഒരു സംഗതിയാകുന്നു. അദ്ദേഹത്തിന്റേതു നിസ്വാർത്ഥമായ കർത്തവ്യനിർവഹണത്തിന്റേയും രാഷ്ട്രസേവനത്തിന്റേയും ഒരു ജീവിതമായിരുന്നു. പൊതുജനജീവിതത്തിലെ സത്യസന്ധതയ്ക്കു അസാധാരണമായ പ്രശസ്തി അദ്ദേഹം നേടിയിരുന്നു. അദ്ദേഹം മദ്രാസ് ഗവർണ്ണരായിരുന്ന ചുരുങ്ങിയ കാലത്തിനിടകൊണ്ടു പൊതുജനസമ്മതനായ ഒരു ഗവർണ്ണർ എന്ന പ്രശസ്തി അദ്ദേഹം നേടിയിരിക്കുന്നു

അദ്ദേഹത്തെ ഗവർണ്ണരായി നിയമിച്ചിരിക്കുന്നുവെന്ന വാർത്ത എല്ലാ പൗരവിഭാഗങ്ങളും എത്ര സന്തോഷത്തോടുകൂടി സ്വീകരിച്ചുവെന്നതുതന്നെ, അവർക്കു അദ്ദേഹത്തോടുണ്ടായിരുന്ന വലുതായ ബഹുമാനത്തിനു സ്പഷ്ടമായ തെളിവായിരിക്കുന്നു. അദ്ദേഹത്തിന്റെ ആർച്ചുബിഷോപ്പായ എനിക്കു അദ്ദേഹത്തിന്റെ മരണം വ്യക്തിപരമായ ഒരു നഷ്ടമായിരിക്കുന്നു. മിസ്സസ് ജോണിനോടും മററു കുടുംബാംഗങ്ങളോടും എനിക്കുള്ള അഗാധമായ അനുശോചനം ഞാൻ രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ ആത്മാവു് സമാധാനത്തിൽ ആശ്വസിക്കട്ടെ.

### ഇന്ത്യാ ഗവർമ്മെണ്ടിന്റെ അസാധാരണഗസററ്

മദ്രാസ് ഗവർണ്ണർ മി ഏ ജെ ജോണിന്റെ നിര്യാണവാർത്ത സങ്കടത്തോടുകൂടിയാണു പ്രസിഡണ്ടു് രാജേന്ദ്രപ്രസാദ് ശ്രവിച്ചതെന്നു്, കറുത്ത ബോർഡറോടുകൂടി ഇന്ത്യാഗവർമ്മെണ്ടു് പുറപ്പെടുവിച്ച ഒരസാധാരണ ഗസററിൽ പ്രസ്താവിച്ചിരിക്കുന്നു.

ഗസററിൽ ഇപ്രകാരം പറയുന്നു:- മി ജോണിന്റെ നിര്യാണത്തിൽ, രാജ്യത്തെ ഭക്തിപൂർവവും, അന്തസ്സായും സേവിച്ച ഉന്നതനായ ഒരു ജനനേതാവു് ഇന്ത്യയ്ക്കു നഷ്ടപ്പെട്ടിരിക്കുന്നു... ........

വിലമതിക്കപ്പെട്ട ഈ നേതാവിന്റെ വേർപാടുമൂലമുണ്ടായ നഷ്ടത്തിൽ രാജ്യം ദുഃഖാർത്തയായിരിക്കുന്നു. പുനഃസംഘടിപ്പിക്കപ്പെട്ട മദ്രാസ് സംസ്ഥാനത്തെ ഗവർണ്ണർ എന്ന നിലയിൽ അദ്ദേഹത്തിനു ലഭിച്ച പുതിയ പ്രവർത്തനമണ്ഡലത്തിൽ സേവനമനുഷ്ഠിക്കുവാൻ, പെട്ടെന്നുണ്ടായ ഈ മരണം സാദ്ധ്യമല്ലാതാക്കിത്തീർത്തു.

### പ്രധാനമന്ത്രിയുടെ അനുശോചന സന്ദേശം

"ഗവർണർ മി ജോണിന്റെ വേർപാടിൽ ഞാൻ അഗാധമായി ഖേദിക്കുന്നു. നേരത്തെ ലഭിച്ച റിപ്പോർട്ടുകളിൽനിന്നു ഞാൻ മനസ്സിലാക്കിയതു് അദ്ദേഹം സുഖം പ്രാപിച്ചുവരുന്നുവെന്നായിരുന്നു എന്നാൽ അപ്രതീക്ഷിതമായി ലഭിച്ച മരണവാർത്ത ഒരു ഞെട്ടലോടുകൂടിയാണു് ഞാൻ ശ്രവിച്ചതു്. എന്റെ ഹൃദയപൂർവമായ അനുശോചനം അദ്ദേഹത്തിന്റെ കുടുംബത്തെ അറിയിച്ചാലും."

### കേരള ഗവർണ്ണരുടെ അനുശോചനം

മദ്രാസ്ഗവർണ്ണർ ശ്രീ ജോൺ നിര്യാതനായി എന്ന ദുഃഖകരമായ വാർത്ത എന്നെ ഞെട്ടിപ്പിച്ചു. അദ്ദേഹം കേരളത്തിന്റെ പ്രഖ്യാതപുത്രന്മാരിൽ ഒരാളായിരുന്നു ജനസേവനത്തിനായി അർപ്പിക്കപ്പെട്ടിരുന്ന ഒന്നായിരുന്നു മി ജോണിന്റെ ജീവിതം. മി. ജോണിന്റെ ഉദ്ദേശശുദ്ധിയും, അനുഭവിച്ചിട്ടുള്ള ത്യാഗവും കേരളത്തിന്റെ ഏററം പ്രിയംകരരായ ദേശാഭിമാനികളുടെ മദ്ധ്യേ അദ്ദേഹത്തെ ഉയർത്തി. അദ്ദേഹം ദൈവഭക്തനായ ഒരു ക്രിസ്ത്യാനിയായിരുന്നു. നിഷ്കളങ്കമായ ആത്മാർത്ഥതയുടെയും, ലാളിത്യത്തിന്റെയും നിദർശനമായിരുന്നു. രാജ്യത്തിനു മഹാനായ ഒരു വ്യക്തി നഷ്ടപ്പെട്ടു. അദ്ദേഹത്തിന്റെ ആത്മാവിനു ദൈവം നിത്യശാന്തിയരുളട്ടെ. മിസ്സിസ് ജോണിനും, അദ്ദേഹത്തിന്റെ ബന്ധുക്കൾക്കും ദൈവം ആശ്വാസം പ്രദാനംചെയ്യട്ടെ. അദ്ദേഹത്തിന്റെ വേർപാടു വാക്കുകൾകൊണ്ടു വർണ്ണിക്കാനാവാത്തവിധം അത്ര സ്തോഭജനകമായ ഒന്നാണു്."

### വി വി ഗിരി

ഉത്തരപ്രദേശ്ഗവർണർ മി. വി വി ഗിരി: എന്റെ സ്നേഹിതനായ ശ്രീ ഏ ജെ ജോണിന്റെ ഏററം അപ്രതീക്ഷിതമായ നിര്യാണംകൊണ്ടു് ഇന്ത്യയ്ക്കും, കേരളത്തിനു പ്രത്യേകിച്ചും ഒരു വലിയ നേതാവു നഷ്ടപ്പെട്ടിരിക്കുന്നു. മദ്രാസ് സ്റ്റേററിനു സുസമ്മതനായ ഒരു ഗവർണ്ണറും നഷ്ടമായി. മദ്രാസ് സംസ്ഥാനത്തും പുറത്തുമുള്ള എല്ലാവരുടെയും അനുശോചനങ്ങൾ മിസ്സിസ് ജോണിനു് ഉണ്ടായിരിക്കും. പരിഹരിക്കാനാവാത്ത ഒരു നഷ്ടമാണിതു്. അദ്ദേഹത്തിന്റെ ആത്മാവു നിത്യശാന്തിയടയട്ടെ.

—o—

### ഒരു ചരമം



കല്ലൂർക്കാട് ഇടവക ശ്രീമതി ത്രേസ്യാ വർഗ്ഗീസ് പുല്ലാമ്പിൽ (കല്ലറത്തിൽ) 86 ാമത്തെ വയസ്സിൽ സെപ്തംബർ 19-ാം തീയതി കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശ്രീ വറുഗീസ് ജോസഫ്, വറുഗീസ് ചാക്കോ, റവ ഫാദർ മാർക്ക് സി ഡി, റവ ഫാദർ മാഴ്സൽ സി ഡി, വറുഗീസ് ഡൊമ്മിനി പുല്ലാമ്പിൽ എന്നിവരുൾപ്പെടെ 12 സന്താനങ്ങളുടെ മാതാവാണ് ഈ മഹതി.

ശവസംസ്കാരം 21-ാം തീയതി കാലത്തു നടത്തപ്പെട്ടു. വീട്ടിൽവച്ച് റവ ഫാദർ ജെയിംസ് വെമ്പിള്ളി എം എ ചരമപ്രസംഗം ചെയ്തു. തുടർന്ന് ഇരുപതിൽപ്പരം വൈദികരുടെ സഹകരണത്തിൽ നടത്തപ്പെട്ട ആഘോഷമായ വിലാപയാത്ര ദേവാലയത്തിൽ എത്തിയപ്പോൾ റവ ഫാദർ മാക്സ് റാസ പാടി. വെരി റവ ഫാദർ ചെറിയാൻ പാറയ്ക്കൽ പള്ളിയിൽവച്ചു ചരമപ്രഭാഷണം നടത്തി. തുടർന്നു കനി മൂ സ ബ: ശൗര്യാരച്ചന്റെ പ്രധാനകാർമ്മികത്വത്തിൽ മൃതദേഹം സംസ്കരിക്കപ്പെട്ടു.

R·I·P

## ഇടവകവാർത്തകൾ

**ചെറുവള്ളി– മണിമല:** ചെറുവള്ളി സെൻറ് മേരീസ് സ്കൂൾ മൈതാനത്തുവച്ച് വക്കീൽ ഈപ്പൻ ജെ കളത്തൂർ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൗരമഹായോഗം കൂടി കേരളവിദ്യാഭ്യാസബില്ലിനു് അനുമതി നൽകരുതെന്നു് കേരളഗവർണ്ണരോടും ഇന്ഡ്യൻ പ്രസിഡണ്ടിനോടും അപേക്ഷിക്കുന്നതായി പ്രമേയം പാസാക്കിയിരിക്കുന്നു.

**കണ്ണാത്തു്:** സ്ഥലം ദേശസേവാസംഘത്തിന്റെ ആഭിമുഖ്യത്തിൽ റവ. ഫാദർ നെസ്റ്റർ സി ഡി എം എ അവർകളുടെ അദ്ധ്യക്ഷതയിൽ ഒക്ടോ: 2-ാംനു ബുധനാഴ്ച രാവിലെ 8 മണിക്കു് ഒരു പൊതുയോഗംചേർന്നു് മദ്രാസ് ഗവർണ്ണർ ശ്രീ ഏ ജെ ജോണിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും ദുഃഖസൂചകമായി കടകൾ അടച്ചു ഹർത്താൽ ആചരിക്കുകയുംചെയ്തു.

**തണ്ണീർമുക്കം:** സ്ഥലം ഫ്റണ്ട്സ് ക്ലബിന്റെ ഉൽഘാടനം സെപ്റ്റംബർ 28-ാംനു ശനിയാഴ്ച വൈകുന്നേരം കണ്ണങ്കര ഹൈസ്കൂൾ ഹെഡ്മാസ്റ്റർ റവ. ഫാദർ പീററർ ഊരാളിൽ എം എ പിഎച്ച് എൽ എൽ ഡി നിർവ്വഹിച്ചിരിക്കുന്നു. തുടർന്നു ക്ലബിന്റെ ആഭിമുഖ്യത്തിൽ ശ്രീ ജയിംസ് മണിമലയുടെ പ്രേമയാഗം എന്ന ഗദ്യനാടകം തന്മയത്വമായി അഭിനയിക്കപ്പെട്ടു. ഞായറാഴ്ച വൈകുന്നേരം പ്രസ്തുത ക്ലബംഗങ്ങൾ അടങ്ങിയ ടീമും കോക്കമംഗലം യുവാക്കന്മാരടങ്ങിയ ടീമും തമ്മിൽ വോളിബോൾ മത്സരവുമുണ്ടായിരുന്നു.

**തോട്ടകം:** കമ്മ്യൂണിസ്റ്റ്‌വിരുദ്ധപ്രവർത്തനത്തിനായി സ്ഥലത്തെ യുവാക്കന്മാർ ഒന്നടങ്കം ചേർന്നു വൈ എം എ എന്ന നാമത്തിൽ ഒരു സംഘടന രൂപീകരിച്ചിരിക്കുന്നു. ഇതിന്റെ പ്രസിഡണ്ടു്, സിക്രട്ടറി എന്നിവരെ തിരഞ്ഞെടുക്കുകയും ചെയ്തു.

—o—

St. JOSEPH'S ART STUDIO
*Statue Manufacturers and Artists*
**Fatima Nagar, Trichur**
വില കുറച്ചിരിക്കുന്നു
ആവശ്യപ്പെടുക: എല്ലാവിധ തിരുസ്വരൂപങ്ങൾ സിമൻറിലും, പ്ലാസ്റ്റർ ഓഫ് പാരിസിലും, മരത്തിലും, ഏതു തരത്തിലും വലുപ്പത്തിലും ഇഷ്ടാനുസരണം തയ്യാർ ചെയ്തുകൊടുക്കുന്നതാണു്.
*PROPRIETORS:*
**Artist T. P. Joseph & Sons**

# സത്യദീപം

പത്രാധിപന്മാർ

ഷവലി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 31. || 1957 OCTOBER 9 || No. 9.


## ജപമാലഭക്തി

കത്തോലിക്കാലോകം ജപമാലഭക്തിയിൽ ഉണർന്നുവരുന്ന ഒക്ടോബർമാസം വന്നണഞ്ഞിരിക്കുകയാണല്ലോ. ജപമാലഭക്തിയെപ്പററി കുറഞ്ഞൊന്നു പരിചിന്തിക്കുന്നതു് ഈ സന്ദർഭത്തിൽ തികച്ചും സമീചീനമായിരിക്കും. ഭാഗ്യസ്മരണാർഹനായ 9-ാംപീയൂസ്മാർപ്പാപ്പാ, നിത്യോപയോഗംകൊണ്ടു് തേഞ്ഞുപഴകിയ അവിടത്തെ ജപമാല കാണിച്ചുകൊണ്ടു ഒരു കൂട്ടം തീർത്ഥകരോടു അരുളിച്ചെയ്തതു്, "വത്തിക്കാൻെറ ഏററവും അധികം വിലപ്പിടിപ്പുള്ള നിധി ഇതാകുന്നു" എന്നാണു്. ജപമാലയുടെ ആദ്ധ്യാത്മികശക്തിയെപ്പററി ബോദ്ധ്യതയുള്ള ഏവർക്കും തിരുമനസ്സിലെ ഈ പ്രസ്താവത്തിൻെറ ഗൗരവം സുവ്യക്തമാണു്. അതു നലംതികഞ്ഞ ഒരു ഭക്തപരിപാടിയത്രെ. അതു ദൈവസ്തുതിയുടേയും, കൃതജ്ഞതാപ്രകടനത്തിൻേറയും, അർത്ഥനയുടേയും മനോഹരമായ ഒരു സമാഹാരമാണു്. ധ്യാനനിരതയും വാചാപ്രാർത്ഥനയും അതിൽ ഒത്തിണങ്ങുന്നു. ക്രിസ്തീയജീവിതത്തിൻെറ ആദ്ധ്യാത്മികചൈതന്യം അളന്നറിയാനുള്ള ഒരു മാനദണ്ഡമാണു് ജപമാലഭക്തി എന്നു പറയുന്നതിൽ അതിശയോക്തിയില്ല. എവിടെ ഈ ഭക്തി അഭംഗം പരിരക്ഷിക്കപ്പെടുന്നുവോ അവിടെ വിശ്വാസം ചൈതന്യമുള്ളതായിരിക്കും; ക്രിസ്തീയജീവിതം പ്രഫുല്ലവുമായിരിക്കും. കാരണം വിശദമാണു്. ഒരു കത്തോലിക്കൻ വിശ്വസിക്കേണ്ട പരമസത്യങ്ങളും, പ്രത്യാശിക്കേണ്ട ജീവിതലക്ഷ്യങ്ങളും, പ്രായോഗികമാക്കേണ്ട ദൈവസ്നേഹവും ഈ പ്രാർത്ഥനാസംഗ്രഹത്തിൽ സമഗ്രമായി പരിചിന്തിക്കപ്പെടുകയാണു്, ധ്യാനനിഷ്ഠയോടുകൂടി. ദൈവസ്തോത്രഗീതങ്ങൾ വിശ്വാസികളുടെ ഹൃദയങ്ങളിൽനിന്നും കണ്ഠങ്ങളിൽനിന്നും നിർഗ്ഗളം ഉയരുകയാണു് സ്വർഗ്ഗത്തിലേക്കു്. 1877-ൽ പുണ്യശിരോമണിയായ 9-ാം പീയൂസ് മാർപ്പാപ്പാ തീർത്ഥകരണത്തോടു് പൈതൃകാവേശത്തോടുകൂടി അരുളിച്ചെയ്ത വാക്കുകൾ നമുക്കുത്തേജകമാകണം:-"പ്രതിദിനം സന്ധ്യാവേളയിൽ കുടുംബാംഗങ്ങൾ—അപ്പനും അമ്മയും മക്കളും—ഒന്നിച്ചുചേർന്നു നിങ്ങളുടെ കൊന്തജപിക്കുക. തിരുസഭ വളരെയധികം ദണ്ഡവിമോചനങ്ങൾ കല്പിച്ചനുവദിച്ചിട്ടുള്ള, മനോഹരവും ലളിതവുമായ ഈ പ്രാർത്ഥന നടത്തുന്നതിൽ എല്ലാവരും ഒന്നുചേരണം. എൻെറ വത്സലമക്കളേ, നമ്മുടെ അന്ത്യവചസ്സുകളായി, ഈ ഉപദേശം നിങ്ങൾ സ്വീകരിക്കുക. വിലതീരാത്ത ഒരു സ്മാരകമായി അവയെ നിങ്ങളുടെ ഹൃദയങ്ങളിൽ നിങ്ങൾ നിക്ഷേപിക്കുകയും ചെയ്യുക." പരിശുദ്ധപിതാവിൻെറ ഹൃദയാവർജ്ജകമായ ഈ ഉൽബോധനം പരമാവധി പ്രായോഗികമാക്കുന്നതിനു് ജപമാലഭക്തിക്കായി പ്രത്യേകം പ്രതിഷ്ഠിച്ചിട്ടുള്ള ഈ ഒക്ടോബർമാസത്തിൽ നമുക്കു അത്മാർത്ഥമായി പരിശ്രമിക്കാം.

1958 ഫെബ്രുവരി 11-ാംനു മരിയഭക്തിയുടെ മനോഹരപ്രകടനമായ, ലൂർദ്ദിലെ പ്രത്യക്ഷത്തിൻെറ ശതാബ്ദജൂബിലി സമാരംഭിക്കുവാൻ പോകയാണു്. ലോകം മുഴുവനും സജീവമായി അതിൽ പങ്കെടുക്കുന്നതിനു തിടുക്കമായി ഒരുങ്ങിക്കൊണ്ടിരിക്കുന്നു. നൂറുകൊല്ലം മുമ്പു നടന്ന ആ മഹാസംഭവം— ലോകചരിത്രത്തിൽ അതിപ്രധാനമായ സംഭവപരിണാമങ്ങളുടെ കേളീരംഗമായ മരിയയുഗത്തെ സമുൽഘാടനംചെയ്ത ദൈവാംബികയുടെ ലൂർദ്ദിലെ പ്രത്യക്ഷം—ഇന്നു ജനലക്ഷങ്ങളുടെ സ്മരണാമണ്ഡലത്തിൽ തെളിഞ്ഞു വിളങ്ങുകയാണു്. ഒരിടയപ്പെൺകൊടിയായ ബെർണ്ണർദീത്താ സൗബിരസ് ബാലിക. ലൂർദ്ദിലെ മസ്സബിൽ പാറക്കെട്ടു്. വിറകുപെറുക്കാൻ പോകുന്ന കഥ. അമലമനോഹരിയായ ദിവ്യാംബിക വെണ്മഞ്ഞുപോലെ ശുഭ്രമായ അങ്കിയും നീലക്കെട്ടും ധരിച്ചു്, സ്വർണ്ണനൂലിൽ കോർത്ത വെള്ളക്കൊന്ത കൈയിൽ വഹിച്ച പ്രത്യക്ഷപ്പെട്ട മോഹനമായ ദർശനം. ഇവയോരോന്നും ഭക്തഹൃദയങ്ങൾ അയവിറക്കുകയാണു്, മധുരമനോഹരമായ വികാരവിശേഷങ്ങളോടുകൂടി. പാവപ്പെട്ട ആ ബാലികവഴി ലോകത്തിനു പ്രദാനം ചെയ്യുവാൻ ആ സ്വർഗ്ഗരാജ്ഞിക്കൊരു സന്ദേശമുണ്ടു്:- "പാപികളുടെ മാനസാന്തരത്തിനുവേണ്ടി കൊന്തജപിക്കുക" എന്നു്.

സമാഗതമാകുന്ന ലൂർദ്ദിലെ ശതാബ്ദജൂബിലി പ്രമാണിച്ചു് കഴിഞ്ഞ ജൂലൈമാസത്തിൽ, പരിശുദ്ധപിതാവു് 12-ാംപീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഒരു ചാക്രികലേഖനം ഫ്റാൻസിലെ ഹയരാർക്കിയെ അഭിസംബോധനംചെയ്തുകൊണ്ടു് കല്പിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ആധുനികലോകത്തിൻെറ അവഗാഢമായ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ഒട്ടുവളരെ ഗൗരവമായ ചിന്താശകലങ്ങൾ തിരുമേനി അതിൽ ആവിഷ്കരിച്ചിരിക്കുകയാണു്. മരിയഭക്തിയെപ്പററി തിരുമേനി പറയുന്നു:- "ഏതൊരു ക്രിസ്തീയരാജ്യവും ഒരു മരിയരാജ്യമാണു്. മറിയത്തെ അതിൻെറ അമ്മയായും മദ്ധ്യസ്ഥയായും പ്രഖ്യാപിക്കുന്നതിനു ആഗ്രഹിക്കാത്തതായി, ക്രിസ്തുവിൻെറ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ട യാതൊരു ജനതയുമില്ല." മരിയസന്ദേശത്തെ പരാമർശിച്ചു പരിശുദ്ധപിതാവു് പറയുന്നതു്:- മറെറല്ലാ അവസരങ്ങളിലുമെന്നപോലെതന്നെ അതു അനുതാപത്തിലേക്കു ക്ഷണിക്കുന്ന ഒരു മുന്നറിയിപ്പാണു്; അഹങ്കാരജഡിലമായ ലോകത്തിൻെറ ഭൗതികത്വമനോഭാവത്തിനെതിരായ ഒരു സമരപ്രഖ്യാപനമാണു്, എന്നത്രെ. ആത്മാവിനെ വിലയായിക്കൊടുത്തു് ലോകത്തെ നേടുവാൻ വെമ്പൽകൊള്ളുന്ന ജനതയ്ക്കു മറിയം ഒരപകടസൂചനനൽകിക്കൊണ്ടു് അവരെ ക്ഷണിക്കുന്നു, "പ്രായശ്ചിത്തം! പ്രായശ്ചിത്തം! പ്രായശ്ചിത്തം!" എന്ന രക്ഷാകരസന്ദേശത്തിലേക്കു്. മാനവവംശത്തിൻെറ വലിയൊരു വിഭാഗത്തെ ഭരിക്കുന്ന രാഷ്ട്രീയവും സമ്പത്തികവുമായ ശാപഗ്രസ്തമായ തത്വശാസ്ത്രത്തിലും, ആധുനികസംരംഭങ്ങളുടെ വൈപുല്യത്തിനനുസരിച്ചു് ബൃഹത്തരമായിത്തീർന്നുകൊണ്ടിരിക്കുന്ന ശമിക്കാത്ത ധനമോഹത്തിലും, സുഖസന്തോഷങ്ങൾക്കുവേണ്ടിയുള്ള ക്രമരഹിതമായ ആവേശത്തിലും, ആത്മനിയന്ത്രണത്തോടുകൂടിയുള്ള ജീവിതത്തെ ഒഴിഞ്ഞുമാറുന്നതിനുള്ള അതിയായ വ്യഗ്രതയിലും, സൂര്യപ്രകാശം കാണാതെപോലും ജീവനെ ഹനിക്കുന്നതിനു സന്നദ്ധമാകുന്ന തരത്തിൽ മനുഷ്യജീവിതത്തെ വിലയിടിക്കുന്ന മനോഭാവത്തിലും, സുഖാനുഭവത്തിൻെറ ലഹരിയിൽ പ്രകടിതമാകുന്ന ലജ്ജാവിഹീനമായ പെരുമാററങ്ങളിലും, നിഷ്കന്മഷരായ ആത്മാവുകളെ വഴിപിഴപ്പിക്കുന്നതിനു ദൂഷിച്ച ഗ്രന്ഥങ്ങൾമൂലവും മലിനമായ പ്രദർശനങ്ങൾമൂലവും നിർവ്വഹിക്കപ്പെടുന്ന പ്രലോഭനപരിപാടികളിലും, സാഹോദര്യത്തിൻെറ അവഗണനയിലും, മനുഷ്യൻെറ അവകാശങ്ങളെ അപഹരിക്കുന്ന അനീതിയിലും ഈ ഭൗതികത്വമാണു് പ്രകടമാകുന്നതെന്നവിടുന്നു വ്യക്തമാക്കിയിരിക്കുന്നു ഈദൃശവിപത്തുകളെ ഫലപ്രദമായി എതിരിടുന്നതിനും ആദ്ധ്യാത്മികതയിൽ പടുത്തുയർത്തപ്പെടുന്ന ഒരു ജീവിതം കരുപ്പിടിപ്പിക്കുന്നതിനുമാണു് ഈ മരിയജൂബിലിയെ വിനിയോഗിക്കേണ്ടതു്.

"മറിയത്തിൻെറ അഭിലാഷത്തെ ആദരിച്ചു്, എല്ലാ വൈദികരും ഭയാശങ്കകൾ വെടിഞ്ഞു് രക്ഷയുടെ ദൗത്യത്തെ സകല ജനങ്ങളോടും പ്രസംഗിക്കട്ടെ, വിശ്വാസികൾ അവരുടെ വൈദികരോടു ചേർന്നു് ജീവിതനവീകരണത്തിനുള്ള ഈ സംരംഭത്തിൽ സഹകരിക്കട്ടെ. ദൈവം ഓരോരുത്തർക്കും നൽകിയിട്ടുള്ള പരിതസ്ഥിതികളിൽ, അവിടത്തെ അഭിലാഷപൂർത്തിക്കായി കുറേക്കൂടി മെച്ചമായി പ്രവർത്തിക്കുന്നതിനു ആർക്കാണു് സാധിക്കാത്തതു്? നാമും നമ്മുടെ മുൻഗാമികളും ആവർത്തിച്ചാവർത്തിച്ചു ഊന്നിപ്പറഞ്ഞിട്ടുള്ളതുപോലെ, മനുഷ്യനെ സംബന്ധിച്ചു് അവൻെറ സാമൂഹികവും രാഷ്ട്രീയവുമായ സമാധാനത്തിൻെറ പ്രശ്നം സർവ്വോപരി ഒരു ധാർമ്മികപ്രശ്നമാണു്. അതുകൊണ്ടു് ഹൃദയത്തിൽ ഒരു പരിവർത്തനവും ഒരു വിശുദ്ധീകരണവും നിർവ്വഹിക്കപ്പെടാതെ യാതൊരു യോജിപ്പും നിലനില്ക്കുകയില്ല; യാതൊരു പരിഷ്കാരവും ഫലപ്രദമാവുകയില്ല" എന്നാണു് പരിശുദ്ധമാർപ്പാപ്പാ സമൃക്കായി നിർദ്ദേശിച്ചിരിക്കുന്നതു്. ആകയാൽ മരിയയുഗത്തിൻെറ സാർത്ഥീകരണം സഫലമാക്കുന്നതിൽ അവിടത്തെ നിർദ്ദേശങ്ങൾ ശിരസാവഹിച്ചു പ്രവർത്തിക്കുന്നതിനും, അതിനുള്ള പ്രത്യേകാവസരമായി സമാഗതമാകുന്ന മരിയജൂബിലിയേയും, ജപമാലഭക്തിയുടെ ഈ ഒക്ടോബർമാസത്തേയും വിനിയോഗിക്കുന്നതിനും നമുക്കു പരിശ്രമിക്കാം. ജപമാല അതിനുള്ള കരുത്തേറിയ ദിവ്യായുധമായിരിക്കും.

### പ്രസാധകക്കുറിപ്പുകൾ

## കത്തോലിക്കാപത്രപ്രവർത്തകകോൺഗ്രസ്

അഖിലലോകകത്തോലിക്കാപത്രപ്രവർത്തകരുടെ 5-ാമത്തെ കോൺഗ്രസ് വിയന്നായിൽവച്ചു നടത്തപ്പെട്ടിരിക്കുന്നു. ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നുമായി 400-ൽപ്പരം ജർണലിസ്റ്റുകളും പ്രസാധകന്മാരും അതിൽ പങ്കെടുത്തു. കോൺഗ്രസിൻെറ ഉൽഘാടനം നിർവ്വഹിച്ചുകൊണ്ടു് ഡിക്ടേറ്റർ അവർകൾ പ്രസ്താവിച്ചതു്, കത്തോലിക്കാസഭയുടെ പ്രതിരോധനങ്ങളെ വിശദീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക മാത്രമല്ല കത്തോലിക്കാ ജർണലിസ്റ്റുകളുടെ കർത്തവ്യം, അവർ നീതിക്കും സത്യത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടി പൊരുതുന്ന ധൂലികായോദ്ധാക്കളായിരിക്കണം എന്നാണു്.

പത്രപ്രവർത്തകരെ അഭിസംബോധനംചെയ്തു പരിശുദ്ധ പിതാവു 12-ാം പീയൂസ് മാർപ്പാപ്പാ അയച്ചുകൊടുത്തിരുന്ന സന്ദേശം വത്തിക്കാനിലെ അർദ്ധൗദ്യോഗികദിനപത്രമായ ഒസ്സെർവത്തോരെ റൊമാനോയുടെ പത്രാധിപരായ കൗണ്ടു് ഡിലാടോറെ വായിച്ചു. അതിൽ തിരുമേനി ഇപ്രകാരം പ്രസ്താവിച്ചിരുന്നു: "സഭയിലും ലോകത്തിലും സർവ്വപ്രകാരേണയും സത്യത്തെ സേവിക്കുക എന്നതു കത്തോലിക്കാപത്രങ്ങളുടെ ധർമ്മമാകുന്നു. കത്തോലിക്കാപത്രങ്ങളെ ഗൗരവമായ വിധത്തിൽ സാമ്പത്തികപ്രശ്നങ്ങൾ നേരിടുന്നുണ്ടു്. പക്ഷെ കത്തോലിക്കാവൈദികരും അൽമായരും തങ്ങളുടെ മെത്രാന്മാരുടെ ആഹ്വാനത്തെ അനുസരിച്ചു വേണ്ട പിന്തുണ നൽകുന്നപക്ഷം കത്തോലിക്കാപത്രങ്ങൾ വളരുകയും വിജയിക്കുകയുംചെയ്യും. സത്യത്തോടു കലർപ്പില്ലാത്ത സ്നേഹമാണു് ജർണലിസ്റ്റുകളുടെ പ്രാഥമികയോഗ്യത." തിരുമനസ്സിലെ ഈ ഉപദേശം പത്രപ്രവർത്തകർക്കും പൊതുജനങ്ങൾക്കും അവരുടെ കർത്തവ്യനിർവ്വഹണത്തിനുള്ള ശക്തിമത്തായ ഒരാഹ്വാനമാണു്. നമ്മുടെ പത്രമാസികകളുടെ പ്രവർത്തനത്തെ സത്യത്തിൻെറ ഒരു സേവനമായിട്ടാണു് പരിശുദ്ധ പിതാവു വീക്ഷിക്കുന്നതു്. വാസ്തവത്തിൽ അതാണു് മുദ്രാലയപ്രേഷിതത്വംവഴി നമുക്കു സാധിക്കാനുള്ളതും. സത്യത്തെ മുറുകെപ്പിടിച്ചുകൊണ്ടു്, അതിനെതിരെ ആഞ്ഞടിക്കുന്ന എല്ലാ പ്രതിലോമശക്തികളേയും സുധീരം ചെറുക്കുന്നതിനുള്ള സന്നദ്ധതയാണു് പത്രപ്രവർത്തകനു പ്രഥമമായും പ്രധാനമായും ഉണ്ടാകേണ്ട ഗുണവിശേഷം. നമ്മുടെ സഭാതലവന്മാരുടെ നേതൃത്വമാണു് അതിൽ സഹായകമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളതു്. ഇങ്ങനെ നടത്തപ്പെടുന്ന മുദ്രാലയപ്രേഷിതത്വത്തെ സഹായിക്കുന്നതിനു എല്ലാവർക്കുമുള്ള കടമയേയും തിരുമേനി പരാമർശിക്കുന്നുണ്ടു്. അന്ധകാരശക്തികൾ നശീകരപ്രസിദ്ധീകരണങ്ങൾവഴി മാനവസമുദായത്തിനു അധഃപ്പതനത്തിൻെറ മാർഗ്ഗങ്ങൾ തുറക്കുമ്പോൾ അതിനെതിരെ പടപൊരുതുന്നതിനുള്ള ഏകായുധമാണു് കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ എന്നുള്ള ബോദ്ധ്യത നമ്മെ കർത്തവ്യനിരതരാക്കട്ടെ.

× × ×

## ഇന്ത്യൻധനകാര്യമന്ത്രിയുടെ അമേരിക്കൻദൗത്യം

ഇന്ത്യയ്ക്കു 700 കോടി ഉറപ്പിക്കയുടെ വിദേശസഹായമാണു് ആവശ്യമായിരിക്കുന്നതു്. അമേരിക്കയുടെ സഹായം ഇക്കാര്യത്തിൽ ഇന്ത്യ കാര്യമായി പ്രത്യാശിക്കുന്നുണ്ടു്. അതേപ്പററി വേണ്ട പര്യാലോചനകൾ നടത്തുന്നതിനു നിയോഗിക്കപ്പെട്ടിരിക്കുന്ന ഇന്ത്യൻ ധനകാര്യമന്ത്രി ടി ടി കൃഷ്ണമാചാരി ഇപ്പോൾ യുണൈററഡ് സ്റ്റേററ്സിൽ ആലോചനകൾ നടത്തിക്കൊണ്ടിരിക്കുകയാണു്. അദ്ദേഹത്തിൻെറ ചർച്ചകളെപ്പററിയുള്ള റിപ്പോർട്ടുകളിൽ ഇപ്രകാരം പ്രസ്താവിക്കപ്പെട്ടിരിക്കുന്നു:

വാഷിങ്ങ്ടനിൽവച്ചു് ഇന്ത്യൻ ധനകാര്യമന്ത്രി ടി ടി കൃഷ്ണമാചാരി സെപ്റ്റ: അവസാനവാരത്തിൽ നടത്തിയ ചർച്ചകളിൽ ഇരുഭാഗക്കാരും ഖണ്ഡിതമായി എന്തെങ്കിലും ഭരമേല്ക്കുകയുണ്ടായില്ലെന്നറിയുന്നു. ഇന്ത്യയുടെ സാമ്പത്തിക പ്ലാനിൻെറ ഒരു രൂപം കൃഷ്ണമാചാരി നൽകുകയും അമേരിക്കയുടെ സഹായം ലഭിക്കേണ്ടതിൻെറ ആവശ്യകത ചൂണ്ടിക്കാണിക്കുകയും ചെയ്തു. ഔദ്യോഗിക പ്രത്യാഘാതം അറിയുംമുൻപു് വിശദാംശങ്ങളെപ്പററി ചർച്ചചെയ്യാൻ കൃഷ്ണമാചാരി ഉദ്യുക്തനായിട്ടില്ല. ലോകബാങ്കിൽനിന്നും പ്രൈവററ് ബാങ്കിങ്ങ് നിക്ഷേപഗ്രൂപ്പുകളിൽനിന്നും ലഭിക്കാവുന്ന സഹായത്തിൻെറ വ്യാപ്തി അറിഞ്ഞതിനു ശേഷമേ വിശദാംശങ്ങളിലേക്കു് അദ്ദേഹം കടക്കുകയുള്ളു. ഇന്ത്യയുടെ ആവശ്യങ്ങൾ അമേരിക്ക മനസ്സിലാക്കുന്നുണ്ടെന്നു് അമേരിക്കൻ സ്റ്റേററ് സെക്രട്ടറി ഡള്ളസ്സിൻെറ മനോഗതിയിൽനിന്നും അദ്ദേഹത്തിനു തോന്നി. എന്നാൽ ഏതു രൂപത്തിലുമുള്ള ലോണിനു് അമേരിക്കൻ കോൺഗ്രസ്സിൻെറ അംഗീകാരം വേണം. ന്യൂയോർക്കിൽവെച്ചു് വായ്പയാണു്, സഹായധനമല്ല തങ്ങൾ ആവശ്യപ്പെടുന്നതെന്നു് കൃഷ്ണമാചാരി അവിടത്തെ കൗൺസിൽ ഓഫ് ഫോറിൻ റിലേഷൻസിൽ പ്രസ്താവിച്ചു. ഇന്ത്യയുടെ ആവശ്യമനുസരിച്ചും തിരിച്ചടയ്ക്കുവാനുള്ള കഴിവിനെ ആസ്പദമാക്കിയും ആണു് അതു ചോദിക്കുന്നതു്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ദാരിദ്ര്യവും നിരക്ഷരത്വവും രോഗവും ഇല്ലായ്മ ചെയ്യുന്ന കാര്യത്തിൽ ഇന്ത്യ പ്രദർശിപ്പിച്ചിട്ടുള്ളതിൽ കവിഞ്ഞ താല്പര്യം മറെറാന്നിലും പ്രദർശിപ്പിച്ചിട്ടില്ല. ഉന്നതതരമായജീവിതത്തോതു സംപ്രാപ്യമാക്കുന്നതിൽ ഇന്ത്യ വരിക്കുന്ന വിജയത്തിൻേറയോ പരാജയത്തിൻെറയോ പ്രത്യാഘാതങ്ങൾ ഇന്ത്യയുടെ പരിധികൾക്കുള്ളിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല എന്നു കൃഷ്ണമാചാരി ചൂണ്ടിക്കാണിച്ചു. വികസനസംരംഭങ്ങൾ ഇപ്പോഴത്തെ രീതിയിൽ തുടരുന്നതിനു നൽകുന്ന ഏതൊരു സഹായവും ഇന്ത്യയുടെ സാമ്പത്തിക കഴിവു വർദ്ധിപ്പിക്കുമെന്നു മാത്രമല്ല നൽകപ്പെടുന്ന സഹായം പൂർണ്ണമായി തിരിച്ചുവിട്ടുവാൻ ഇന്ത്യയെ അതു ശക്തമാക്കുകയുംചെയ്യും.

തങ്ങളുടെ ബാദ്ധ്യതകളെ മാനിക്കുന്നകാര്യത്തിൽ ഇന്ത്യയ്ക്കു അതുല്യമായ ഒരു ചരിത്രമാണുള്ളതു്. പാരമ്പര്യം പൂർണ്ണമായും പുലർത്തിക്കൊണ്ടുപോകുവാൻ ഇന്ത്യ ആഗ്രഹിക്കുന്നുവെന്നു വ്യക്തമാക്കുവാൻ ആഗ്രഹിക്കുന്നതായി കൃഷ്ണമാചാരിപറഞ്ഞു: "ആസന്നാവശ്യത്തെ പുരസ്കരിച്ചു മാത്രമല്ല ഇന്ത്യ മററുള്ളവരുടെ സൗഹാർദ്ദവും മതിപ്പും തേടുന്നതു്. മനുഷ്യൻെറ സാഹോദര്യത്തിൽ ശാശ്വതമായ വിശ്വാസമാണു് ഞങ്ങൾക്കു ആവശ്യം. യൂറോപ്പിലേയും സമീപപൂർവ്വപ്രദേശത്തേയും രാജ്യങ്ങൾക്കു അമേരിക്ക ഔദാര്യപൂർവ്വം നൽകിപ്പോരുന്ന സഹായവുമായി തുലനംചെയ്യുമ്പോൾ ഞങ്ങളുടെ ആവശ്യങ്ങൾ അതിരുകടന്നവയല്ല. നാം പൊതുവായി പുലർത്തിപ്പോരുന്ന മൂല്യങ്ങളുടെ സംരക്ഷണത്തെ സംബന്ധിച്ചിടത്തോളം ലഭിക്കുന്ന പ്രതിഫലം ഇന്ത്യയിലെപ്പോലെ മറെറാരിടത്തും സമൃദ്ധമായിരിക്കാനിടയില്ല.

"എന്തുതന്നെസംഭവിക്കട്ടെ, ഇന്ത്യയിൽ ഞങ്ങൾ സ്വാതന്ത്ര്യം ഉന്നതതരമായ ജീവിതത്തോതു് ഈ ഇരട്ടലക്ഷ്യങ്ങളെ മുറുകെപ്പിടിച്ചുകൊണ്ടുതന്നെയിരിക്കും. 40 കോടി ജനങ്ങളുടെ ഭാഗധേയങ്ങൾ മനുഷ്യകുലം മുഴുവൻെറയും കാര്യത്തിൽ പ്രത്യാഘാതമുളവാ

ക്കാതിരിക്കയില്ല. ഈ ഘട്ടത്തിൽ ഞങ്ങളുടെ ജനങ്ങളുടെ ഭാഗധേയങ്ങൾ നിയന്ത്രിക്കുകയെന്ന ഉത്തരവാദിത്വം വഹിക്കുന്ന ഞങ്ങൾക്കു തല്ക്കാലികങ്ങളായ വിഷ്ടതാഴ്ച്ചകളാലും വിഷമതകളാലും ഞങ്ങളുടെ മൗലികങ്ങളായ മൂല്യങ്ങളിൽനിന്നു തെറിച്ചുപോകുവാൻ യാതൊരുദ്ദേശവുമില്ല. ഇന്ത്യയെ സഹായിക്കുന്ന കാര്യത്തിൽ അമേരിക്ക എപ്പോഴും വളരെ ഉദാരമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്നു പല ഉദാഹരണങ്ങളുമുണ്ട്."

പക്ഷെ അമേരിക്കാക്കാരിൽ ഒരു ശങ്ക നിഴലിക്കുന്നതായി ചില റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അതായതു് ഇന്ത്യ പ്രജാധിപത്യസിദ്ധാന്തങ്ങളിൽ ഉറച്ചുനിന്നു പോരാട്ടമോ എന്നു്. കമ്മ്യൂണിസ്റ്റു രാജ്യങ്ങളെ പ്രീണിപ്പിക്കുന്നതിനുള്ള ഇന്ത്യയുടെ അത്യാസക്തിയാണ് ഈ തെററിദ്ധാരണയ്ക്കു നിദാനമെന്നു പറഞ്ഞാൽ അതു അടിസ്ഥാനരഹിതമാണെന്നു പറഞ്ഞു തള്ളിക്കളയാൻ സാധിക്കുമോ എന്നറിഞ്ഞുകൂടാ. ഇന്ത്യയുടെ വിദേശനയപ്രഖ്യാപനങ്ങൾ എന്തർത്ഥത്തിലാണ് മനസ്സിലാക്കേണ്ടതെന്നു് മി. കൃഷ്ണമാചാരിയോടു ചോദ്യം ചെയ്യപ്പെട്ടതായും റിപ്പോർട്ടുചെയ്യപ്പെടുന്നുണ്ടു്. ഒരു സന്ദർശനാവസരത്തിൽ അദ്ദേഹം അക്കാര്യത്തിൽ ഇപ്രകാരം പ്രസ്താവിച്ചതായി ന്യൂയോർക്കുടൈംസ് പത്രം റിപ്പോർട്ടുചെയ്യുന്നു: ഇന്ത്യയുടെ പ്ലാൻ കമ്മ്യൂണിസത്തിനെതിരായ ഒരു പ്രതിരോധനമാണ്. ഇന്നു സ്നേഹത്തിൽ കഴിയുന്ന രാജ്യങ്ങൾ (സോവ്യറ്റുറഷ്യ) നാളെ അങ്ങനെയല്ലെന്നുവരാം. എന്നു മി. കൃഷ്ണമാചാരി പറഞ്ഞു. എന്നാൽ ഡൽഹിയിലെ രാഷ്ട്രീയവൃത്തങ്ങൾക്കു മി. കൃഷ്ണമാചാരിയുടെ ഈ പ്രസ്താവം ഇന്ത്യാഗവർമ്മെൻറിൻെറ അഭിപ്രായത്തെ പ്രതിഫലിപ്പിക്കുന്നില്ല എന്നു വ്യക്തമാക്കേണ്ടതു് അവരുടെ കർത്തവ്യമായി തോന്നി. സോവ്യറ്റുയൂണിയനുമായും ചൈനായുമായും ഇന്ത്യ ഏററവും സൗഹൃദമായ സാഹോദര്യത്തിലാണെന്നും ആ രാജ്യങ്ങളിൽനിന്നുള്ള ഒരാക്രമണഭയം വളരെ വിദൂരതയിൽ പോലും ദൃശ്യമല്ലെന്നും വ്യക്തമാക്കപ്പെട്ടു. ടൈംസിൻെറ ഈ റിപ്പോർട്ടു ശരിയാണെങ്കിൽ അതിൽനിന്നു മനസ്സിലാകുന്നതു് അമേരിക്കയ്ക്കു ഇന്ത്യയെ സഹായിക്കുന്നതിനു പ്രതിബന്ധം റഷ്യയോടും ചൈനയോടും അതിനുള്ള ആപല്ക്കരമായ ബന്ധമാണെന്നല്ലയോ?

---

## ജപാപ്പസ്തോലസഖ്യത്തിൻെറ ഒക്ടോബർമാസത്തെ പൊതുനിയോഗം

"മതപീഡനത്തിനു വിധേയരായിരിക്കുന്ന ക്രിസ്ത്യാനികൾ സത്യവിശ്വാസത്തിൽ ഉറച്ചുനില്ക്കുവാൻ."

### വേദപ്രചാരനിയോഗം

"കത്തോലിക്കരെല്ലാം പോൻറിഫിക്കൽ മിഷൻ സഹായസംഘടനകളിൽ ചേരുന്നതിനു്."

## അടുത്തയാഴ്ചയിൽ

ഒക്ടോബർ

10 വ്യാ: വി. ഫ്രാൻസീസ് ബോർജീയ
11 വെ: വി. ബണ്ണവാ
12 ശ: വി. യോഹന്നാൻ പൽദോസ്
13 ഞാ: പന്തക്കുസ്താ 18-ാം ഞായർ
14 തി: വി. കലിദസ്റ്റാസ്
15 ചൊ: വി. ത്രേസ്യ
16 ബു: വി. അന്തോനി പാദുവാ

(4-ാംപേജ് തുടർച്ച)

ലാണ് മതത്തോടുള്ള അവരുടെ മനോഭാവത്തിൽ അവിശ്വസനീയമായവിധം ഒരു പരിവർത്തനം ദൃശ്യമായതു്. അന്നു റഷ്യയിലെ സമരവാർത്തകളോടൊപ്പം തന്നെ ബാഹ്യലോകം കമ്മ്യൂണിസ്റ്റുകളുടെ മതത്തെ സംബന്ധിച്ച കാര്യങ്ങളിലുള്ള ഈ വ്യതിയാനത്തേയും പ്രാധാന്യംകൊടുത്തു പ്രസിദ്ധപ്പെടുത്തിയിരുന്നു. 1941 ജൂൺ മാസത്തിൽ മതവിരുദ്ധമായ പുസ്തകങ്ങളും പത്രമാസികകളും അപ്രത്യക്ഷമായി. കാരണം കടലാസ്സ് കിട്ടാൻ അവയ്ക്കു മാർഗ്ഗമില്ലായിരുന്നു. 1942-ൽ "നിരീശ്വരയോദ്ധസംഘം" പിരിച്ചുവിടപ്പെട്ടു. നിരീശ്വരഗ്രന്ഥങ്ങൾ അച്ചടിച്ചിരുന്ന മുദ്രാലയം ഓർത്തഡോക്സ് പാത്രിയർക്കേററിലേക്കു വിട്ടുകൊടുത്തു. 1943 സെപ്റ്റംബർ മുതൽ അവിടെനിന്നും, 1936-ൽ ഗവമ്മെൻറു നിരോധിച്ചിരുന്നതായ "മോസ്കോപാത്രിയർക്കേററിൻെറ പത്രം" വീണ്ടും പ്രസിദ്ധീകരിച്ചുതുടങ്ങി. സഭാപഞ്ചാംഗങ്ങൾ വീണ്ടും പ്രത്യക്ഷപ്പെട്ടു. റഷ്യൻ ഓർത്തഡോക്സ് സഭയിൽ വൈദികരും മെത്രാന്മാരും പെട്ടെന്നു വർദ്ധിച്ചു. ബലമായി അടച്ചുപൂട്ടപ്പെട്ടിരുന്ന അവരുടെ പള്ളികൾ തുറന്നു. എങ്കിലും മററു മതവിഭാഗങ്ങളെ സംബന്ധിച്ച് ഈദൃശാഭിവൃദ്ധികളൊന്നും ഉണ്ടായതായി കാണുന്നില്ല. കത്തോലിക്കാസഭയെ സംബന്ധിച്ച് യാതൊരാനുകൂല്യവുമുണ്ടായില്ല എന്നതു പരമാർത്ഥം.

1931 മുതൽ നിലവിലിരുന്നതു് എൻ. കെ. വി. ഡി. (രഹസ്യപ്പോലീസ്)യുടെ ഒരു പ്രത്യേകശാഖ "ആരാധനാക്കമ്മീഷൻ" ആയി പ്രവർത്തിക്കുക എന്ന രീതിയായിരുന്നു. എന്നാൽ 1942-ൽ റഷ്യൻ ഓർത്തഡോക്സ് സഭാകാര്യങ്ങൾക്കു ഒരു കൗൺസിൽ സ്ഥാപിക്കപ്പെട്ടു. മി. ജി. ജി. കർപ്പോവിൻെറ അദ്ധ്യക്ഷതയിൽ റഷ്യയിലെ മന്ത്രിസഭാകൗൺസലിനോടു ബന്ധപ്പെട്ട ഒന്നുതന്നെയായിരുന്നു അതു്. രണ്ടുകൊല്ലത്തിനുശേഷം അതേ മന്ത്രിസഭാകൗൺസിലിൻെറ കീഴിൽ മതകാര്യങ്ങൾക്കുവേണ്ടിയുള്ള ഒരു കൗൺസിൽ രൂപവല്ക്കരിക്കപ്പെട്ടു മി. ഐ. പൊളാൻസ്കിയായിരുന്നു അതിൻെറ തലവൻ. ഇക്കാലത്തു മതാനുഷ്ഠാനത്തിൽ മുമ്പുണ്ടായിരുന്ന നിയന്ത്രണങ്ങൾ വളരെയധികം മയപ്പെട്ടുവെന്നു പറയാം. ദേവാലയഗോപുരങ്ങളിൽ മണികൾ വീണ്ടും സ്ഥലംപിടിച്ചുതുടങ്ങി. വൈദികർ പ്രസംഗിക്കുന്നതിനാരംഭിച്ചു. പക്ഷെ ഉള്ളടക്കം റഷ്യൻ ദേശഭക്തിയായിരുന്നു, പ്രധാനമായും. 1943 സെപ്റ്റംബർ 4-ാം തീയതി, പാത്രിയാർക്കാസ്ഥാനാവകാശിയായിരുന്ന സെർജേയിയേയും നിക്കൊളാസ് മെത്രാപ്പോലീത്തായേയും സ്റ്റലിൻ ഒരു രഹസ്യസന്ദർശനത്തിനു ക്ഷണിച്ചു. സെപ്റ്റംബർ 8-ാം തീയതി മോസ്കോയിൽ ഒരു സിന്നഡ് കൂടുകയും അതിൽവച്ചു് സെർജേയിമെത്രാപ്പോലീത്തായെ മോസ്കോയുടേയും റഷ്യമുഴുവൻെറയും പാത്രിയാക്കായി തിരിഞ്ഞെടുക്കുകയുമുണ്ടായി. ഈ സിന്നഡിൻെറ ന്യായതയെപ്പററി ഗൗരവമായ ആരോപണങ്ങളുണ്ടായിട്ടുണ്ടു്. കാരണം റഷ്യൻസഭാഹയരാർക്കിക്കു വളരെയധികം അംഗങ്ങളുണ്ടു്. അവരിൽ വളരെപ്പേർ അന്നു നാടുകടത്തപ്പെട്ടിരുന്നു. പത്തുപേർ തടവിലായിരുന്നു. സിന്നഡിൽ ആകപ്പാടെ സംബന്ധിച്ചതു് സെർജേയ് മെത്രാപ്പോലീത്തായുടെ 19 അനുയായികൾ മാത്രമായിരുന്നു.

യുദ്ധം അവസാനിച്ചശേഷവും ബോൾഷെവിക്കുകൾ മതത്തെ സംബന്ധിച്ച ഈ പുതിയ നയം തന്നെ തുടർന്നുപോന്നു. അവർ മതവിരോധികളല്ലെന്നും മതത്തോടു് വളരെ സൗഹാർദ്ദമായ മനോഭാവമാണുള്ളതെന്നും ലോകത്തെ ബോദ്ധ്യപ്പെടുത്തുന്നതിനു ഒരു പ്രത്യേകപ്രചാരണപ്രസ്ഥാനംതന്നെ അവർ നടപ്പാക്കിയിരിക്കുകയാണ്. "റഷ്യയിൽ മതത്തെസംബന്ധിച്ച യാഥാർത്ഥ്യങ്ങൾ" എന്ന ഒരു ഗ്രന്ഥം ഈ ആശയങ്ങളെ ഉള്ളടക്കി 1942-ൽ മോസ്കോയിൽ ആദ്യമായി അച്ചടിക്കുകയും അതിൻെറ അധികഭാഗവും പുറംരാജ്യങ്ങളിൽ പ്രചരിപ്പിക്കുകയും ചെയ്തു. റഷ്യയിൽ വളരെ കുറച്ചു കോപ്പികൾമാത്രമേ പ്രചരിപ്പിച്ചുള്ളു. വേഗത്തിൽതന്നെ പ്രസ്തുതഗ്രന്ഥത്തിൻെറ ഫ്രഞ്ചു്, ഇംഗ്ലീഷ്, സ്വീഡിഷ് മുതലായ ഭാഷകളിലേക്കുള്ള വിവർത്തനങ്ങളും അച്ചടിപ്പിക്കപ്പെട്ടു. ഇതാണ് റഷ്യയിൽ കമ്മ്യൂണിസ്റ്റ് ഭരണത്തിൻ കീഴ് മതത്തിനുണ്ടായിട്ടുള്ള വ്യതിയാനങ്ങൾ.

---

ആഖ്യായിക

# ബറാബാസ്



## അദ്ധ്യായം 25

## ഏകാകിത

(വി. സി. ജോർജ്ജ് ബി. ഏ. എൽ. ററി.)

നസ്രായൻ ഈശോയെ പീലാത്തോസ് വധശിക്ഷയ്ക്കു് വിധിച്ചപ്പോൾ ബറാബാസിനെ സ്വതന്ത്രനാക്കിയേക്കുമെന്നു് എസ്രായ്ക്കുണ്ടായിരുന്ന ആശ സംശയമററതായിത്തീർന്നു. ജനങ്ങളുടെ ഒരഭ്യർത്ഥന സാധിച്ചുകൊടുത്ത ഗവർണർ മറേറതും സാധിക്കുകതന്നെ ചെയ്യും, നിശ്ചയം എന്നായിരുന്നു എസ്രായുടെ മനോഗതം. ഈ ബോധം ഉണ്ടായിരുന്നിട്ടും അത്രമാത്രം കഷ്ടാനുഭവത്തിനും പീഡനത്തിനുംശേഷം സ്വാഭാവികമായി തോന്നേണ്ടിയിരുന്ന ആനന്ദാനുഭൂതി എസ്രായ്ക്കുളവായില്ല. കച്ചേരിമുററിയുടെ വാതിലിനു സമീപം ഈശോ രക്തധാരയിൽകുളിച്ചും അവിശ്വാസ്യമായി ബന്ധനമേററു വിവശനായും, അടിമയുടേതുപോലുള്ള മരണത്തിനു വിധിക്കപ്പെട്ടും നിൽക്കുന്നതു് എസ്രാ കണ്ടു. ബറാബാസിൻെറ സ്വാതന്ത്ര്യം ആ വിലയ്ക്കു് വാങ്ങിയതായിരുന്നല്ലോ എന്ന ചിന്ത എസ്രായെ കമ്പിപ്പിച്ചു. "അയാളുടെ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെ സന്തതികളുടെമേലും ആകട്ടെ" എന്നു് ജനങ്ങൾ ആർത്തുവിളിച്ചപ്പോൾ എസ്രാ സാക്ഷാൽ വേപഥഗാത്രനായിത്തീർന്നു. അവിടെ പ്രവർത്തനത്തിൽ കഴിയുന്നതു് കഠോരപാതകമാണെന്നുള്ള പൂർവ്വബോധം എസ്രായ്ക്കുണ്ടായിരുന്നു; നസ്രായൻെറ രക്തം ദാഹിച്ചലറിക്കൊണ്ടിരുന്ന ഭ്രാന്തുപിടിച്ച മനുഷ്യരോടൊപ്പം അന്തരീക്ഷം മുഴക്കുവാൻ അയാൾ തയ്യാറായില്ല. നസ്രായൻ യേശു ബറാബാസിൻെറ മോചനംമാത്രം ലക്ഷ്യമാക്കിയിരിക്കുന്നുവെന്നായിരുന്നു എസ്രായുടെ ധാരണ; ആ വിധത്തിലുള്ള ത്യാഗത്തിനു മുമ്പിൽ എങ്ങനെയാണാനന്ദിക്കുക!

മിക്കവാറും സ്വച്ഛമാനസനായ എസ്രാ കാരാഗൃഹത്തിൽനിന്നു മോചനം പ്രാപിക്കുവാനിരുന്ന വിപ്ലവകാരിയെ, തൻെറ സ്നേഹിതനും നേതാവുമായ ബറാബാസിനെ, സ്വീകരിക്കുവാൻ തയ്യാറെടുക്കുകയായിരുന്നു. "അയാൾ അത്യധികം ദീനാവസ്ഥയിലാണു്; കുറെക്കാലം താൻ അയാളെ ശുശ്രൂഷിച്ചു് അയാൾക്കു വിശ്രമാവസരം നൽകേണ്ടതുണ്ടു്" എന്നിങ്ങനെ എസ്രാ ആലോചിച്ചു. അടുത്തുള്ള കാരാഗൃഹവാതുക്കൽ ബറാബാസിനെ ഭടന്മാർ സ്വതന്ത്രനാക്കുമെന്നു കരുതിയ എസ്രാ അവിടെയെത്തി നേതാവിൻെറ ആഗമനം പ്രതീക്ഷിച്ചു നിലകൊള്ളുവാൻ തീരുമാനിച്ചു. എങ്കിലും അയാൾ തിരിഞ്ഞു് വിസ്താരം കുറഞ്ഞ തെരുവിൽ പ്രവേശിച്ചില്ല ആ ഭീകരരംഗത്തോടു ബന്ധിതനെന്നവണ്ണം നിശ്ചലനായി അവിടെത്തന്നെ കഴിഞ്ഞു; ആ ദുരന്തനാടകം അവസാനനിമിഷംവരെ വീക്ഷിക്കണമെന്നു് ഏതോ അമാനുഷികശക്തി അയാളെ നിർബന്ധിച്ചിരുന്നതുപോലെ.

വീണ്ടും സ്വന്തം വസ്ത്രങ്ങളാലാച്ഛാദിതനായി, കച്ചേരിമുററിയിൽനിന്നു് പുറത്തേക്കും കല്പടകളിൽക്കൂടി അങ്കണത്തിലേക്കും ജനങ്ങളുടെ ശാപശരങ്ങൾക്കും ആക്ഷേപവാക്യങ്ങൾക്കുംമദ്ധ്യേ ഈശോ നയിക്കപ്പെടുന്നതും, ഭാരം താങ്ങുവാൻ കഴിവില്ലാതെ ഈശോയുടെ ശരീരം കുനിഞ്ഞുപോകത്തക്കവണ്ണം അത്രയ്ക്കു ഭാരമേറിയ ഒരു കുരിശു് അവിടുത്തെ മുതുകിൽ കയററുന്നതും എസ്രാ കണ്ടു. ഗൊൽഗോത്തായിലേക്കു് ഈശോയെ കൊണ്ടുപോകുവാനുള്ള ആ ജനയാത്ര പുരോഹിതരുടെ മുന്നണിയോടുകൂടി രൂപീകൃതമാകുന്നതും കണ്ടു. ഉന്നതാചാര്യൻ കയ്യാഫാസ് പോലുംപല്ലക്കിലേറി ചതുരാങ്കണത്തിലെത്തിയിരുന്നു. അദ്ദേഹം പുരോഹിതന്മാരാൽ പരിസേവിതനായി കൊലക്കളത്തിലേക്കുള്ള തെരുവിൽക്കൂടി നീങ്ങുകയും ചെയ്തു. പുരോഹിതന്മാർക്കും തടവുകാരനെ വധസ്ഥലത്തിലേക്കു് നയിച്ച ഒരു ശതാധിപൻെറ കീഴിലുണ്ടായിരുന്ന ഭടസംഘത്തിനും ഇടയ്ക്കു് ആളുകൾ തിക്കിക്കയറിയതിനാൽ ഈശോ പ്രായേണ അദൃശ്യനായി. ഭടന്മാരുടെ ശിരസ്ത്രാണങ്ങൾക്കും ശൂലാഗ്രങ്ങൾക്കും മുകളിൽ ഈശോയുടെ ഒരു കൈത്തണ്ടം കുരിശിൻെറ അററവും ചലിപ്പോൾ വലിഞ്ഞുമാറുന്നതു് കാണാമായിരുന്നു. പ്രാകൃതജനത്തിൽ പ്രധാനഭാഗം വീണ്ടും ജയാൽഘോഷങ്ങൾ മുഴക്കിക്കൊണ്ടു് പുരോഹിതസംഘത്തിൻെറ പിമ്പിലായി നടന്നു. ഈ യാത്രാസംഘത്തിൽ ചേരുവാൻ എസ്രായ്ക്കു് തെല്ലും താല്പര്യമില്ലായിരുന്നു അയാൾ ആത്മശക്തി നശിച്ചവനായി കാണപ്പെട്ടു. തന്നിൽനിന്നന്യമായ ഒരു ശക്തിയാൽ പ്രേരിതനായി അയാൾ അടിവെച്ചു.

ജനയാത്ര മെല്ലെമെല്ലനീങ്ങി. അടിയോറും രക്തം ചിന്തിയും അവശനായിത്തീർന്ന യേശു കുരിശിൻെറ ഭാരത്താൽ നിമിത്തം മൂന്നു പ്രാവശ്യം നിലംപതിച്ചു. റോമൻ ഭടന്മാർക്കു് അവിടുത്തെ പേരിൽ സഹതാപംതോന്നി; സ്വല്പസമയത്തേക്കു് കുരിശു് വേറൊരു യഹൂദൻ വഹിക്കുവാൻ അവർ അനുവാദം നൽകി. എന്നാൽ പ്രാകൃതജനത്തിനാകട്ടെ യേശുവിനുണ്ടായ ഈ ഭാരവിമുക്തി ഒട്ടും രസിച്ചില്ല. അവർ ഭടന്മാരെ കുറ്റിയായി അധിക്ഷേപിച്ചതിൻെറ ഫലമായി ഈശോയുടെ തോളിൽതന്നെ വീണ്ടും കുരിശു് ചുമത്തപ്പെട്ടു.

ജനയാത്രയുടെ വാലററത്തെന്നു പറയാം ഭടന്മാരുടെ ഒരു ചെറുസംഘം നടന്നിരുന്നു. അവരുടെ മദ്ധ്യേ വധത്തിനു് വിധിക്കപ്പെട്ട ഈശോയോടൊപ്പം മരിക്കേണ്ടിയിരുന്ന, രണ്ടു കുററപ്പുള്ളികൾ ഓരോ കുരിശും വഹിച്ചു നടന്നു. ആരുംതന്നെ അവരുടെ കാര്യത്തിൽ ശ്രദ്ധപതിക്കുകയുണ്ടായില്ല. യാത്ര ഗാഗുൽത്താമലയുടെമുകളിലെത്തുന്നതിനു് അല്പം മുമ്പു് ഒരു നിശ്ചലാവസ്ഥയുണ്ടായി. ഈശോയുടെ കുരിശിൻെറ മുകളിൽ ഉണ്ടായിരുന്ന ലിഖിതം പുരോഹിതന്മാർ കാണുകയും അതു് മാററിക്കളയുവാൻ അവർ ശതാധിപനോടാവശ്യപ്പെടുകയും ചെയ്തു. ശതാധിപൻ വിസമ്മതിക്കുകയും ലിഖിതത്തിനാജ്ഞ നൽകിയ പ്രൊക്കുറേറ്ററോടു് കാര്യം പറയണമെന്നഭിപ്രായപ്പെടുകയും ചെയ്തു. പുരോഹിതന്മാർ പെട്ടെന്നു് കൊട്ടാരത്തിലേക്കു് സന്ദേശമയച്ചു.

ഗാഗുൽത്താമലമുകളിൽ ഭീകരമായ ക്രൂശാരോഹണകർമ്മം വിളംബംവിനാ നിർവ്വഹിക്കപ്പെട്ടു. ഭടന്മാരുടെ കൂടെയുണ്ടായിരുന്ന വധ്യാപുരുഷർ നിജകൃത്യങ്ങളിൽ സുശിക്ഷിതരായിരുന്നു. ക്രൂശാരോഹിതൻെറ കാൽകരങ്ങളിൽ ആണികൾ അടിച്ചുകയററുന്ന ശബ്ദം എസ്രാ കേൾക്കുകയിൽ അയാളുടെ ഹൃദയചലനം ആ ഭയങ്കരസ്വനം അവസാനിപ്പിച്ചുവെന്നയാൾക്കു തോന്നി. അനന്തരം കുരിശുയരുന്നതും യേശുവിൻെറ പീഡിതമായ ശരീരം ജനതതിയുടെ തലയ്ക്കുമീതെ തൂങ്ങിക്കിടക്കുന്നതും എസ്രാ കണ്ടു. നസ്രായൻെറ തലയ്ക്കുമുകളിൽ "നസ്രായൻ ഈശോ, യഹൂദരുടെ രാജാവു്" എന്ന ലിഖിതവും കാണപ്പെട്ടു. ലിഖിതം മാററണമെന്നുണ്ടായ പുരോഹിതന്മാരുടെ അഭ്യർത്ഥനയ്ക്കു പീലാത്തോസ് വഴങ്ങിയില്ല.

"ഞാൻ എഴുതിയതു്, ഞാൻ എഴുതിയതുതന്നെ" എന്നായിരുന്നു ഉന്നതാചാര്യൻെറ സന്ദേശവാഹിക്കു അദ്ദേഹം നൽകിയ മറുപടി.

അങ്ങനെയിരിക്കെ ഉന്നതാചാര്യൻ കയ്യഫാസിൻേറയും റാബി നഥാനിയേലിൻേറയും നേതൃത്വത്തിൽ പുരോഹിതന്മാർ കുരിശിനെ സമീപിച്ചു. അവർ കുരിശിൽ കിടന്ന ദേഹത്തോടെന്താണു സംസാരിച്ചതെന്നു ജനങ്ങളുടെ ശബ്ദകോലാഹലംകൊണ്ടു എസ്രായ്ക്കു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല പ്രാകൃതജനവും കുരിശിനടുത്തുകൂടി. ക്രീഡാരംഗത്തുവച്ചു് ഏതെങ്കിലും മനുഷ്യനോ മൃഗമോ ജനക്കൂട്ടം പ്രതീക്ഷിച്ച വേഗത്തി

---


# കൊരട്ടിമുത്തിയുടെ തിരുനാൾ

ഇക്കൊല്ലം ഒക്ടോബർ 13-ാം തീയതി ഞായറാഴ്ച.
എട്ടാമിടവും ഉണ്ടായിരിക്കും.

വികാരി

ൽ ചത്തു വീഴാതിരുന്നാൽ ഉണ്ടാകാവുണ്ടായിരുന്നവിധം എന്തെന്നില്ലാത്ത ഒരു രക്തദാഹം ജനങ്ങളെ ബാധിച്ചതായിത്തോന്നി. "കപടപ്രവാചകൻ" "ദേവാലയാപഹാരകൻ" "ദൈവദൂഷകൻ" ഇത്യാദി പരിഹാസവാക്കുകൾ ഈശോയെ ഉദ്ദേശിച്ച് അവർ ഇടവിടാതെ ഉൽഘോഷിച്ചുകൊണ്ടിരുന്നു.

ഒരു ചെറുസംഘം ആളുകൾ തിങ്ങിക്കൂടി ഒരു വശത്തു മാറിനിന്നിരുന്നു അതിൽ ചില സ്ത്രീകളുണ്ടായിരുന്നു അത്യധികം ദുഃഖാർത്തയായ മഗ്ദലാമറിയത്തെയും വെഥനിയായിലെ ലാസറിന്റെ വസതിയിൽ ഈശോ എത്തിയപ്പോൾ കൂടെയുണ്ടായിരുന്ന ഒരു ശിഷ്യനേയും എസ്രാ തിരിച്ചറിയുവാൻ സാധിച്ചു എസ്രാ കുരിശിനടുത്തു പോയില്ല. അനുകമ്പാർദ്രമായ ഹൃദയം തപിച്ചുകൊണ്ടിരിക്കെ അയാളും ഒരുവശത്തേക്കു മാറി നില്കൊണ്ടു താൻ ഏതുപ്രകാരമുള്ള വികാരങ്ങൾക്കാണധീനനെന്നു ശരിക്കു ധരിക്കുവാൻ അയാൾക്കു കഴിഞ്ഞില്ല ഒരു കാര്യംമാത്രം അയാൾ ധരിച്ചു; തന്റെ അനുകമ്പ ബറാബാസിന്റെ പേരിലല്ലെന്നും കുരിശിൽ കിടക്കുന്ന നസ്രായന്റെ പേരിലാണെന്നും.

അന്തതഃ പുരോഹിതന്മാർ ഏകോപിച്ചു സ്ഥലംവിട്ടു. ഒരു മഹാവിജയം കൈവരിച്ചുവെന്ന ഭാവത്തിൽ ജനക്കൂട്ടം ആഹ്ളാദഭേരി മുഴക്കി അവരുടെ ചുറ്റും അകമ്പടിസേവിച്ചു കുരിശിൻചുവട്ടിലെ രംഗം പ്രശാന്തതരമായി. നഗരം ലക്ഷ്യമാക്കി പുറപ്പെട്ട ജനസംഘത്തിൽ ചേരുവാൻ എസ്രാക്കാശയുണ്ടായി. ഇതിനിടയിൽ ബറാബാസ് ബന്ധനവിമുക്തനായിരിക്കുവാനിടയുള്ളതുകൊണ്ട് അയാളെ കണ്ടുപിടിക്കണമെന്നുള്ള ആഗ്രഹവും അയാളിൽ വർദ്ധിച്ചു. എന്നിരുന്നാലും താൻ നിന്നിരുന്ന സ്ഥലത്തു് വേരുറച്ചതുപോലെയായിരുന്നു എസ്രായുടെ അനുഭവം. സകലരാലും പരിത്യക്തനായി, കാരാഗൃഹവാസംകൊണ്ട് ജീവച്ഛവമായിത്തീർന്ന ബറാബാസിനു തന്റെ സാന്നിദ്ധ്യം ആവശ്യമാണെന്നും ആവുന്നതുംവേഗം ബറാബാസിനെ സമീപിക്കേണ്ടതു് തന്റെ ധർമ്മമാണെന്നും എസ്രാ വിശ്വസിച്ചു. എങ്കിലും അവിടെനിന്നിളകുവാൻ കഴിഞ്ഞില്ല.

പുരോഹിതരും ജനങ്ങളും ഗാഗുൽത്തായിൽനിന്നിറങ്ങി നഗരത്തിലെത്തി പാസ്കോവറിന്റെ പ്രാരംഭത്തിനൊരുങ്ങുകയായിരുന്നു. ഉന്നതാചാര്യൻ കയ്യഫാസിന്റെ നേതൃത്വത്തിൽ പുരോഹിതവൃന്ദം വധശിക്ഷ കാണുവാൻ സന്നിഹിതനാകാതിരുന്ന അന്നാസിന്റെ മന്ദിരത്തിൽ സംഗതികൾ അദ്ദേഹത്തെ അറിയിക്കുവാൻവേണ്ടി ചെന്നു. തങ്ങളുടെ വിജയത്തിൽ അവർ അവിടെവച്ചു പരസ്യാഭിനന്ദനങ്ങളിൽ നിമഗ്നരായി. ദൈവത്തിന്റെ നന്ദിപ്രകടിപ്പിക്കുന്നതിനുള്ള അന്നാസ് പല്ലക്കിലേറി ദേവാലയത്തിലെത്തി. പക്ഷെ ദേവാലയത്തി

ലെ പവിത്രസ്ഥാനം പ്രാപിക്കുകയിൽ തിരസ്കരണി മുകളിൽനിന്നു കീഴോട്ടു കീറിയതായിട്ടാണ് അദ്ദേഹം കണ്ടതു്.

(തുടരും)

# ചർച്ചുവീക്കിലിയുടെ കത്തു്

1957 സെപ്തമ്പർ 11-ാം തീയതിയിലെ സത്യദീപത്തിൽ പ്രസിദ്ധീകരിച്ചിരുന്ന "യാക്കോബായ സഭയും പുനരൈക്യവും" എന്ന ഫാ. ടി വി ജോൺ എം എ എൽ ടി യുടെ ലേഖനത്തിൽ ചർച്ചുവീക്കിലിയെ സംബന്ധിച്ചു പരാമർശിക്കുന്ന ഒരു ഖണ്ഡികയിൽ ഇപ്രകാരം എഴുതിയിരുന്നു: "ഓർത്തഡോക്സുകാരുടെ ഭരണഘടന 5-ാംവകുപ്പിൽ ബർ എബ്രായയുടെ ഹൂദായകാനോനെ അംഗീകരിക്കുന്നതായി പറയുന്നുണ്ടു് ആ കാനോനിൽ പറയുന്നു, "സഭ" വകയായ പ്രസിദ്ധീകരണങ്ങൾ പ്രധാനമേലദ്ധ്യക്ഷന്റെ പരിശോധനയ്ക്കു വിധേയമായിരിക്കണമെന്നു് (ഹൂദായ 7-9). എന്നാൽ യാതൊരു മേലദ്ധ്യക്ഷന്റെയും നിയന്ത്രണമോ അനുവാദമോ കൂടാതെ പ്രൊട്ടസ്റ്റന്റു ധനസഹായത്തോടുകൂടെ പ്രസിദ്ധപ്പെടുത്തുന്ന "സഭാവാരിക" (Church Weekly) ഏതുവിധമുള്ള "സഭ"യെയാണു് കെട്ടിപ്പടുക്കുന്നതെന്നോ, ആ വാരിക എന്തുദ്ദേശത്തിൽ നടത്തുന്നുവെന്നോ ഓർത്തഡോക്സു കാരുംയാക്കോബായക്കാരും മനസ്സിലാക്കിയിരുന്നെങ്കിൽ നന്നായിരുന്നു!"

ചർച്ചുവീക്കിലിയുടെ ചീഫ് എഡിറ്റർ ശ്രീ എൻ എം എബ്രഹാം അവർകൾ കോട്ടയത്തുനിന്നും 30-9-57-ൽ ഞങ്ങൾക്കയച്ച ഒരു "പത്രാധിപർക്കുള്ള കത്തി"ൽ ഇതേപ്പററി പരാമർശിച്ചിരിക്കുന്ന സംഗതമായ ഭാഗങ്ങൾ ഇപ്രകാരമാണു്: "......ഫാ. ടി വി ജോണിനു് ഇങ്ങനെ ഒരു തെററിദ്ധാരണ എങ്ങിനെയാണു് മനസ്സിൽ കടന്നുകൂടിയിരിക്കുന്നതെന്നു അജ്ഞാതമായിരിക്കുന്നു. ചർച്ചു വീക്കിലിക്കു സഭാമേലദ്ധ്യക്ഷന്മാരുടെ അനുവാദവും, ആശീസ്സും നിയന്ത്രണവുമുണ്ടു്. 1946-ൽ ഈ ആഴ്ചപ്പതിപ്പു ആരംഭിച്ചപ്പോൾ അതിന്റെ ഉപദേശകസമിതിയിൽ അംഗത്വം സ്വീകരിച്ച ബഹുമാന്യവൈദികരിൽ മൂന്നുപേരുതന്നെ സഭയിലെ മെത്രാപ്പോലീത്താമാരായിക്കഴിഞ്ഞു...... പ്രൊട്ടസ്റ്റന്റു ധനസഹായം ഒന്നും ചർച്ചുവീക്കിലിക്കു ലഭിച്ചിട്ടില്ല, ലഭിക്കുന്നുമില്ല, ലഭിക്കുവാൻ ശ്രമിക്കുന്നുമില്ല. ബ. അച്ചനു ആ കാര്യത്തിൽ വല്ല സംശയവുമുണ്ടെങ്കിൽ ചർച്ചുവീക്കിലിയുടെ കഴിഞ്ഞ പതിനൊന്നു വർഷത്തെ കണക്കുകൾ പരിശോധിക്കാവുന്നതാണു്......"

ചർച്ചുവീക്കിലി പത്രാധിപർ തന്നെ പ്രസ്തുത കത്തിന്റെ ഒരു കോപ്പി റവ ഫാദർ ടി വി. ജോൺ അവർകൾക്കു അയച്ചുകൊടുത്തിരുന്നു. അതിനു അദ്ദേഹം ആലുവായിൽനിന്നു ഒക്ടോ: 4-ാംനു- ഇവിടെ അയച്ചുതന്നിട്ടുള്ള മറുപടിയിൽ ഇപ്രകാരം പ്രസ്താവിക്കുന്നു:-

"സത്യദീപത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന "യാക്കോബായ സഭയും പുനരൈക്യവും" എന്ന ലേഖനം ചർച്ചുവീക്കിലിപത്രാധിപർ മി. എൻ. എം. എബ്രഹാമിന്റെ വിമർശനത്തിനു പാത്രമായതിൽ എനിക്കു സന്തോഷമുണ്ടു്.

ചർച്ചുവീക്കിലിക്കു മേലദ്ധ്യക്ഷാനുമതിയുണ്ടെന്നാണു് മി എബ്രഹാമിന്റെ പക്ഷം.

1. "സഭാവാരിക" ഗർഭത്തിലായിരുന്നപ്പോൾ നാമകരണവും പരിചാരകവൃന്ദവും ഒരു പ്രശ്നമായിരുന്നു. "ചർച്ചുവീക്കിലി" എന്നു പേരിടുന്നതിനും, പരിചാരകരായി "ഉപദേശകസമിതി" എന്ന പേരിൽ പന്ത്രണ്ടോളം പട്ടക്കാരേയും അതിനടുത്ത അൽമായ എഴുത്തുകാരേയും ചേർത്തു് ഒരു കമ്മററി രൂപീകരിക്കുമെന്നും, അതിൽ എന്റെ പേരുകൂടെ ചേർക്കുന്നതിനു സദയം സമ്മതിക്കണമെന്നും ആവശ്യപ്പെട്ടു് മി എബ്രഹാം എനിക്കെഴുതിയിരുന്നു ബിഷോപ്പില്ലാത്തിടത്തു് "സഭ"യുമില്ല എന്നുള്ള ഇഗ്നേഷ്യസിന്റെ വിധിനിയമമനുസരിച്ചു് "സഭാ" വാരിക (ചർച്ചുവീക്കിലി) എന്ന പേരെടുക്കണമെങ്കിൽ മേലദ്ധ്യക്ഷാനുമതി അവശ്യംആവശ്യമാണെന്നും ഇല്ലെങ്കിൽ എന്റെ പേരു സമിതിയിൽചേർക്കാൻ നിവൃത്തിയില്ലെന്നും ഞാൻ അറിയിച്ചപ്പോൾ മി. എബ്രഹാമിന്റെ സമാധാനം "എപ്പിസ്കോപ്പൽ അനുവാദം, കക്ഷിഭിന്നതനിമിത്തം വിഷമമാണെന്നും അവരിൽ ആരെക്കിലും വേണമെങ്കിൽ നിയന്ത്രിക്കാമല്ലോ" എന്നുമായിരുന്നു. ഒരു കക്ഷിമെത്രാന്മാർ മറുകക്ഷിമെത്രാന്മാരെ സ്ഥാനമില്ലാത്ത വേഷധാരികൾ എന്നാണല്ലോ ഗണിക്കുന്നതു്. പട്ടക്കാർ തമ്മിൽ പള്ളിക്കു വെളിയിൽ അത്ര അയിത്തം ആചരിക്കാറില്ല. അങ്ങനെ എപ്പിസ്കോപ്പൽ അനുമതി കൂടാതെ ചർച്ചുവീക്കിലി തുടങ്ങിയെങ്കിൽ പിന്നെ എങ്ങനെ എപ്പിസ്കോപ്പൽ നിയന്ത്രണവും അനുമതിയും ഉണ്ടായി?

2 എപ്പിസ്കോപ്പൽ അനുമതിയുണ്ടെന്നു സ്ഥാപിക്കാൻ മി. എബ്രഹാം ഉന്നയിക്കുന്ന തെളിവാണു് വിചിത്രമായിട്ടുള്ളതു്. അന്നത്തെ ഉപദേശകസമിതിയിലെ മൂന്നംഗങ്ങൾ പിന്നീടു എപ്പിസ്കോപ്പന്മാരായി ഉയർത്തപ്പെട്ടപ്പോഴും! പില്ക്കാലത്തെ എപ്പിസ്കോപ്പൽ അധികാരം ഒരു പൂർവ്വകാലപരിഗണനയായി "സഭാ"വാരികയ്ക്കു അനുമതിനൽകിയതു് പകലോമററം അർക്കദിയാക്കോനെ പന്ത്രണ്ടു പട്ടക്കാർചേർന്നു മെത്രാനാക്കിയ എപ്പിസ്കോപ്പസിയുടെ ഒരു വകഭേദമായിരിക്കും.

3. മി. എബ്രഹാം അമേരിക്കയ്ക്കു പോയപ്പോൾ ചർച്ചുവീക്കിലിയുടെ പരിപാലനം ആലുവാ "ഫെല്ലോഷിപ്പിനു" വിട്ടേച്ചുപോയി ഈ എഴുത്തുകാരൻ അന്നു ഫെല്ലോഷിപ്പിലെ അംഗമായിരുന്നു പത്രാധിപസമിതിയിൽ എന്റെ പേരു ചേർക്കണമെന്നു സിക്രട്ടറി അഭ്യർത്ഥിച്ചു. എപ്പിസ്കോപ്പൽ അനുമതിക്കാര്യം വീണ്ടും ഞാനുന്നയിച്ചു. "തന്റെ അധികാരപരിധിക്കു വെളിയിലുള്ള പ്രവർത്തനമാകയാൽ കാതോലിക്കായുടെ അനുമതി നേടുക" എന്നായിരുന്നു ഇടവകമെത്രാപ്പോലീത്തായുടെ മറുപടി. ഇതിനിടക്കു അഞ്ചംഗപ്പത്രാധിപക്കമ്മിററിയിൽ എന്റെ പേരുംകൂടെ ചേർത്തു പരസ്യപ്പെടുത്തിയിരുന്നു. എന്റെ എതിർപ്പിനേയും വാരികയുടെ നിലപാടിനു ഭംഗംവരാതിരിപ്പാനുള്ള വ്യഗ്രതയേയും പരിഗണിച്ചു് എന്റെ പേരു വിട്ടുകൊണ്ടുള്ള ലിസ്റ്റ് അടുത്തൊരു ചർച്ചുവീക്കിലി പതിപ്പിൽ പരസ്യപ്പെടുത്തുകയും ചെയ്തു. അപ്പോഴും എപ്പിസ്കോപ്പൽഅനുമതി ചർച്ചുവീക്കിലിക്കു ലഭിച്ചിരുന്നില്ല.

4 മുന്നൊരുലക്കം സത്യദീപത്തിൽ, ചർച്ചുവീക്കിലിയുടെ പത്രാധിപസമിതിയിൽപ്പെട്ട ഫാദർ സി. എ. എബ്രഹാം എം എ ബി ഡി ബി ലിററ് എഴുതിയിരുന്നു "ചർച്ചുവീക്കിലി മി. എൻ എം എബ്രഹാമിന്റെ സ്വന്തം നാവാണെന്നു്." അതിനെ നിഷേധിക്കാതെ, എപ്പിസ്കോപ്പൽ അനുമതിയുണ്ടെന്നവകാശപ്പെടുന്നതു പൊരുത്തക്കേടും വാദമടസ്സവുമല്ലയോ?

ചർച്ചുവീക്കിലിക്കുള്ള ധനസഹായമാണു് രണ്ടാമത്തെ പ്രശ്നം.

അമേരിക്കൻ പ്രൊട്ടസ്റ്റന്റുകാരുടെ ധനസഹായമുള്ള ഫെല്ലോഷിപ്പ്സ്ഥാപനത്തിലും, ഒരു ആംഗ്ലിക്കൻബിഷോപ്പിന്റെ വക കോയമ്പത്തൂർ ആശ്രമത്തിലുംനിന്നു് ചർച്ചുവീക്കിലിക്കു ധനസഹായം ഉണ്ടായിട്ടുണ്ടെന്നുള്ള വസ്തുത മി. എബ്രഹാം നിഷേധിക്കുന്നതു സാഹസമല്ലയോ എന്നാണു് ഞാൻ ചോദിക്കുന്നതു്.

ഏതായാലും ചർച്ചുവീക്കിലിയും അതു പ്രതിനിധാനം ചെയ്യുന്നവരും എന്റെ ആദ്യലേഖനത്തിലെ പ്രധാന വാദമുഖങ്ങളായ പത്രോസിന്റെ പരമാധികാരം, റോമായിലെ അപ്പസ്തോലസിംഹാസനത്തിന്റെ മേന്മ, ആ സിംഹാസനത്തോടുചേർന്നു ക്രിസ്തീയലോകം പൊതുവേയും യാക്കോബായ-ഓർത്തഡോക്സ് സഹോദരന്മാർ പ്രത്യേകിച്ചും ഐക്യപ്പെടേണ്ടതിന്റെ ആവശ്യകത എന്നീ സത്യങ്ങളെ എതിരുകൂടാതെ സ്വീകരിക്കുന്നതായി കാണുന്നതിൽ സന്തോഷമുണ്ടു്".

(വിവാദവിഷയത്തിൽ ഞങ്ങൾക്കു യാതൊരു ധാരണയോ അഭിപ്രായമോ ഇല്ല. എന്നാൽ ഞങ്ങളുടെ ഒരു മാന്യസഹജീവിയെ സംബന്ധിക്കുന്ന കാര്യമായതുകൊണ്ടുമാത്രം ഈ വിവരങ്ങൾ മാന്യവായനക്കാരുടെ അറിവിലേക്കായി പരസ്യപ്പെടുത്തുന്നതാണു്. ഇത്തരം വിമർശനങ്ങൾക്കും വാദപ്രതിവാദങ്ങൾക്കും സത്യദീപം സ്ഥലമനുവദിക്കുന്നതല്ല.

പത്രാധിപർ)

## ചരമവാർത്തകൾ

വെണ്ണല: ആനാന്തുരുത്തിൽ വക്കീ ഭാര്യ ഏലിക്കുട്ടി പ്രസവസംബന്ധമായ സുഖക്കേടുമൂലം 28-ാമത്തെ വയസ്സിൽ ഒക്ടോബർ 1-ാംനു- നിര്യാതയായി. ശവസംസ്കാരം പിറേറദിവസം റവ. ഫാദർ സെബാസ്ത്യൻ മലമേൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിലും ദുഃഖിതരായ ബന്ധുമിത്രാദികളുടെ സഹകരണത്തിലും ഇടപ്പിള്ളിപ്പള്ളി സിമിത്തേരിയിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു.

ഇരവിപേരൂർ: കുന്തറയിലായ കോഴിമണ്ണിൽ ചെറിയാൻ ചാക്കോ അവർകൾ സെപ്തം. 25-ാംനു- ബുധനാഴ്ച 76-ാമത്തെ വയസ്സിൽ ചരമംപ്രാപിച്ചു. ശവസംസ്കാരകർമ്മം വ്യാഴാഴ്ച ഇരവിപേരൂർ സെന്റ് ആൻസ്പള്ളി സെമിനാറിയിൽ റവ. ഫാദർ പക്കോമിയോസ് ഒ ഐ സി യുടെ പ്രധാന കാർമ്മികത്വത്തിലും, പല ബ. വൈദികരുടേയും പരേതന്റെ പുത്രൻ റവ. ബ്രദർ സിൽവെസ്റ്റർ ഒ ഐ സി യുടേയും സഹകാർമ്മികത്വത്തിലും നടത്തപ്പെട്ടു പുനരൈക്യപ്രസ്ഥാനത്തിനുശേഷം മാർ തിയോഫിലോസ് തിരുമേനിയുടെ മേൽനോട്ടത്തിൽ തിരുവല്ലാ രൂപതയിൽ പരേതൻ മിഷൻപ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്നു.

R. I. P.

## മാർപ്പാപ്പായുടെ ആഹ്വാനം

വനിതകളുടെ പദവി ഉയർത്തുന്നതിനുവേണ്ടിയുള്ള പരിപാടികളിൽ പങ്കെടുക്കുവാൻ കത്തോലിക്കാവനിതാസംഘടനയോടൊത്തുള്ള 360 ലക്ഷം മഹിളകളെ മാർപ്പാപ്പാതിരുമേനി ആഹ്വാനംചെയ്തിരിക്കുന്നു.

"മാധവ" ബാലപീയൂഷം Reg. No. 102924

എല്ലാ ബാലരോഗങ്ങളേയും മാററി കുഞ്ഞുങ്ങൾക്കു് ആരോഗ്യവും തേജസ്സും ശരീരപുഷ്ടിയും നൽകുന്ന ഉത്തമ ടോണിക്കു്!

16 ഔ. 3ക. 8 ഔ 1=62.

"മാധവ" സരസപരില 16ഔ. 3=00 8 ഔ. 1=62

രക്തം ഉഷ്ണിച്ചുണ്ടാവുന്ന എല്ലാ ഉപദ്രവങ്ങൾക്കും, മൂത്രം എരിച്ചിൽ, മൂത്രതടസ്ഥം, സ്ത്രീപുരുഷന്മാർക്കുണ്ടാകുന്ന ഉഷ്ണസംബന്ധമായ സുഖക്കേടുകൾ ഇവകൾക്കും അത്യന്തം ഫലപ്രദം.

എല്ലാ സ്ഥലത്തും പ്രധാന മരുന്നുഷാപ്പുകളിൽനിന്നും ലഭിക്കുന്നു. "മാധവ" എന്ന പേരും "കൊളുത്തി വച്ച നിലവിളക്കും" ഉള്ള രജിസ്റ്റേർഡ് ട്രേഡ്മാർക്ക് നോക്കി "മാധവ ആയുർവ്വേദ ഔഷധങ്ങൾ" വാങ്ങി ഉപയോഗിക്കുക. വിവരങ്ങൾക്കു നേരിട്ടെഴുതുക:

മാധവ ഫാർമസി (P) ലിമിറ്റഡ് — എറണാകുളം

മാനേജിംഗ് ഡയറക്ടർ: പോത്തിയിൽ നാരായണൻ വൈദ്യർ. Phone: 238



(11-ാംപേജ് തുടർച്ച)

ണെന്നു് ഡോക്ടർ അറിയിച്ചു. ലിസാ ആ രോഗശയ്യക്കു സമീപെ എപ്പോഴും വിട്ടുമാറാതെ നിൽപ്പുണ്ടു്. ആഴ്ച ഒന്നുകൂടി കഴിഞ്ഞെങ്കിലും രോഗത്തിനു ശമനമുണ്ടായില്ല. അന്നച്ചേടത്തിയെ കാണുമ്പോൾ മേരി വിളിക്കും: "അമ്മേ..." അതുപോലെ "ലിസാ..." എന്ന വിളിയും പലപ്പോഴും ഉയരാറുണ്ടു്. ആ വാചകങ്ങൾ പൂർണ്ണമാകുന്നില്ലെങ്കിലും അവയ്ക്കുശേഷമുള്ള വാക്കുകൾ എന്തായിരിക്കുമെന്നു് ലിസായ്ക്കറിയാം. ലിസാ അവളെ ആശ്വസിപ്പിക്കാൻ ശ്രമിക്കും. എങ്കിലും അവളുടെ വാക്കുകൾക്കൊന്നും മേരിയുടെ ഹൃദയത്തെ സമാശ്വസിപ്പിക്കുവാൻ കഴിഞ്ഞില്ല. മേരിയുടെ സ്ഥിതി ഒന്നിനൊന്നിനു ഗുരുതരമാവുകയാണെന്നറിഞ്ഞപ്പോൾ തോമ്മാച്ചന്റെയും അന്നച്ചേടത്തിയുടേയും ലിസായുടേയും ഉള്ളിൽ എന്തെന്നില്ലാത്ത ആധിയും വ്യാധിയും സ്ഥലം പിടിച്ചു.

"മോളേ..." അർദ്ധബോധാവസ്ഥയിൽ കിടക്കുന്ന മേരിയുടെ വിളറിയ മുഖത്തുനോക്കി തോമ്മാച്ചൻ വിളിച്ചു. തളർന്ന ആ നയനങ്ങൾ മെല്ലെ തുറന്നു. അവൾ പിതാവിന്റെ ചൈതന്യമററ മുഖത്തേക്കു ഉററുനോക്കി. സാവധാനത്തിൽ അവൾ വിളിച്ചു: "അപ്പച്ചാ..." ആ വിളി വേദന നിറഞ്ഞ ഒരു ഹൃദയത്തിന്റെ നിരാശകലർന്ന ദയനീയനിശ്വാസമായിരുന്നു. "മേരി, നിനക്കു മിഷനു പോകണമെന്നാണെങ്കിൽ ...അതിനു ഞാൻ... അനുവദിച്ചിരിക്കുന്നു മോളേ." തോമ്മാച്ചന്റെ ഉറപ്പുള്ളതും യുക്തിപൂർവ്വവുമായ തീരുമാനം അങ്ങനെ തകർക്കപ്പെട്ടു. അന്തിമനിമിഷങ്ങളിലേക്കടുക്കുന്ന ഓമനപുത്രിക്കുവേണ്ടി എന്തും ത്യജിക്കുവാൻ അയാൾ തയ്യാറാണു്. മരണത്തിന്റെ ഭീകരമായ കരങ്ങൾക്കുള്ളിൽനിന്നു അവൾ എങ്ങനെയെങ്കിലും ഒന്നു രക്ഷപെട്ടാൽ മാത്രംമതി.

മേരിയുടെ വിളറിയ ചുണ്ടുകളിൽ ഒരു പുഞ്ചിരി കളിയാടി. ആ നയനങ്ങളിൽ സംതൃപ്തിയുടെ ഒരു വെള്ളിരേഖ തെളിഞ്ഞു. ആ കവിളുകളിൽ സന്തോഷത്തിന്റെ അത്യാകർഷകമായ പൂനിലാവുദിച്ചു. ആ ഹൃദയം വേഗം വേഗം തുടിച്ചു. തോമ്മാച്ചനും അന്നച്ചേടത്തിയും ലിസായും അതിയായി സന്തോഷിച്ചു. പക്ഷേ, "സമയം വൈകിപ്പോയി" എന്ന സന്ദേശം ആശുപത്രിമുററത്തു് കൊഴിയാറായിനിന്ന ചെമ്പരത്തിപ്പൂവു് ഇളങ്കാററിന്റെ കാതുകളിൽ മന്ത്രിച്ചതു് അവരാരും കേട്ടില്ല.

x x x

മുററത്തെ മുല്ലകൾ പൂവിട്ടുനില്ക്കുമ്പോൾ ലിസായുടെ നയനങ്ങൾ അശ്രുമയമാകും. ആ സംഭവം കഴിഞ്ഞിട്ടു് വർഷങ്ങൾ രണ്ടു കടന്നുപോയി ലിസാ സ്കൂൾഫൈനൽ പാസായി. മുററത്തു വളർന്നുനില്ക്കുന്ന മുല്ലച്ചെടികൾക്കു് മേരിയുടെ കരലാളനയേല്ക്കാത്ത രണ്ടാമത്തെ പൂക്കാലവും വന്നു. മാലകൊരുക്കുവാൻ പൂക്കളിറുക്കുമ്പോൾ ലിസായുടെ നയനങ്ങളിൽനിന്നും ചൂടുള്ള ബാഷ്പബിന്ദുക്കൾ ആ മുല്ലമൊട്ടുകളിൽ വീഴും. അടുത്ത പ്രഭാതത്തിൽ ആ മൊട്ടുകൾ പൂവായിത്തീരുമ്പോൾ അവയുടെ ദളങ്ങൾക്കുള്ളിലും കണ്ണുനീർകണങ്ങൾ പററിപ്പിടിച്ചിട്ടുണ്ടാവും. ലിസാ അവളുടെ ചേച്ചിയുടെ പുഞ്ചിരിക്കുന്ന ഫോട്ടോയിൽ ദിവസവും പൂമാല ചാർത്തും. എന്നിട്ടവൾ അതിലേക്കുനോക്കി വളരെനേരം നിശ്ചലയായി നില്ക്കും, ആ ഫോട്ടോയിൽനിന്നും എന്തെങ്കിലും ശബ്ദം പൊട്ടിവിരിയുന്നുണ്ടോ എന്നറിയാൻ. മായാത്ത പുഞ്ചിരിയല്ലാതെ യാതൊരു ശബ്ദവും അവൾക്കു കേൾക്കുവാൻ കഴിഞ്ഞിരുന്നില്ല. അവൾ അതിലേക്കുതന്നെ നോക്കി കണ്ണുനീർ പൊഴിക്കുകയും ചുംബിക്കുകയും ചെയ്യുന്നതു കാണുമ്പോൾ തോമ്മാച്ചനും അന്നച്ചേടത്തിയും അറിയാതെതന്നെ കരഞ്ഞുപോകും.

അന്നു്, മേരിയുടെ രണ്ടാം ചരമവാർഷികദിനത്തിൽ മനോഹരമായ അവളുടെ ഫോട്ടോയിൽ ലിസാ മുല്ലമാല ചാർത്തി. അതിൽ കണ്ണുകളുറപ്പിച്ചുകൊണ്ടു് കൈയിൽ പേനയും മുമ്പിലുള്ള മേശമേൽ ഒന്നുരണ്ടു കടലാസുമായി അവൾ ഇരുന്നു. ആ നയനങ്ങൾ ബാഷ്പകലുഷിതമാവുകയും ചുംബിച്ചപ്പോൾ കണ്ണുവീർവീണു് ആ ഫോട്ടോ നനയുകയും ചെയ്തു. അതിനുശേഷം ആ കടലാസ്സിൽ എന്തൊക്കെയോ എഴുതി. എന്നിട്ടാ കത്തു് അഡ്രസ്സെഴുതാത്ത ഒരു പോസ്റ്റു്കവറിനുള്ളിലാക്കി.

ലിസാ സാവധാനം എഴുന്നേററു. മേരിയുടെ ഫോട്ടോ മാറോടണച്ചിട്ടു് അവൾ തോമ്മാച്ചന്റെ അടുക്കലേക്കു മന്ദംമന്ദം നടന്നു. പത്രവായനയിൽ ഏർപ്പെട്ടിരുന്ന അവളുടെ അപ്പച്ചന്റെ മുമ്പിൽ ലിസാ ചെന്നുനിന്നു. ശോകാത്മകമായ ശബ്ദത്തിൽ അവൾ പറഞ്ഞു: "അപ്പച്ചാ, എനിക്കു മിഷനുപോകണം."

തോമ്മാച്ചൻ തലയുയർത്തിനോക്കിയില്ല. അയാൾ എന്തൊക്കെയോ ചിന്തിച്ചു. രണ്ടു വർഷങ്ങൾക്കുമുമ്പു്, ഒരു ദിവസം തന്റെ ഓമനമകളായ മേരി അതേസ്ഥാനത്തു വന്നുനിന്നുകൊണ്ടു് ഇതേ വാക്കുകൾതന്നെ പറഞ്ഞു: "അപ്പച്ചാ, എനിക്കു മിഷനു പോകണം." അതു കേട്ടപ്പോൾ അയാൾ കോപിച്ചു. അന്നച്ചേടത്തിയേയും ലിസായേയും കുററപ്പെടുത്തി. അവരോടു പിണങ്ങി വീടുവിട്ടിറങ്ങി. ഇന്നയാൾക്കു കോപമില്ല; കുററപ്പെടുത്തലില്ല, ആരോടും പിണങ്ങി വീടുവിട്ടിറങ്ങിയുമില്ല. അന്നു് കിഴക്കുള്ള കൃഷിസ്ഥലത്തു ചെന്നപ്പോൾ അയാൾ ആദ്യമായി ചെയ്തതു് മേരിക്കുവേണ്ടി ഒരു വിവാഹം ആലോചിച്ചുറപ്പിക്കുകയായിരുന്നു. അപ്പോഴാണു് അയാളെ വിളിക്കാൻ ആളുവന്നതു്. അതിനുശേഷമുള്ള സംഭവങ്ങളുടെ സജീവവും ദയനീയവുമായ ചിത്രങ്ങൾ അയാളുടെ ചിന്തയിൽ പ്രതിബിംബിച്ചു. നിറഞ്ഞനയനങ്ങളോടെ ലിസായുടെ നമ്രമായ മുഖത്തുനോക്കി ആ പിതാവുപറഞ്ഞു: "അതാണു നിന്റെ ആഗ്രഹമെങ്കിൽ അതിനു ഞാൻ എതിരുനില്ക്കുന്നില്ല മോളേ." ഹൃദയാഭിലാഷത്തിന്റെ മുമ്പിൽ യുക്തിയും തീരുമാനങ്ങളും മുട്ടുമടക്കേണ്ടതായിവരും. അതിനു വിലകല്പിക്കാതിരിക്കുന്നതു് ബുദ്ധിശൂന്യതയ്ക്കു വഴിതുറന്നുകൊടുക്കുകയാണു്.

ലിസാ മേരിയുടെ ഫോട്ടോയുടെ മുമ്പിൽ ചെന്നുനിന്നു് പുഞ്ചിരിക്കുവാൻ ശ്രമിച്ചു. എന്നാൽ അതിലവൾ പരാജയപ്പെടുകയാണുണ്ടായതു്. അഡ്രസ്സെഴുതാത്ത ആ കവറിന്റെ പുറത്തു ലിസാ അഡ്രസ്സെഴുതി. പിറേറദിവസം തന്നെ പോസ്റ്റുചെയ്തു.

ലിസായ്ക്കു തോമ്മാച്ചനോടും അന്നച്ചേടത്തിയോടും യാത്രപറയാനുള്ള സമയമായപ്പോൾ മുററത്തെ മുല്ലകളിൽ നിറയെ പൂക്കളുണ്ടായിരുന്നു. അന്നു രാവിലെ അവൾ മാലകൊരുത്തില്ല. കാരണം ആ ഫോട്ടോ അവളുടെ ബാഗിനുള്ളിൽ ആക്കിക്കഴിഞ്ഞിരുന്നു. എവിടെപ്പോയാലും തന്നോടൊത്തു് പ്രിയപ്പെട്ട ചേച്ചിയുടെ ആ പ്രതിച്ഛായയും ഉണ്ടായിരിക്കണം. മാതാപിതാക്കളോടു് യാത്രപറഞ്ഞിറങ്ങിയപ്പോൾ ആ മുല്ലകളിൽനിന്നും കുറെ പൂക്കൾ പറിച്ചു് അവൾ കൈക്കുള്ളിലാക്കി. അതു കണ്ടപ്പോൾ തോമ്മാച്ചന്റെയും അന്നച്ചേടത്തിയുടേയും കണ്ണുകളിൽനിന്നും നിയന്ത്രണംവിട്ടു് കണ്ണുനീർ പ്രവഹിച്ചു.

വിമർശനപംക്തി

# സ്വർഗ്ഗനരകങ്ങൾ

സ്വർഗ്ഗനരകങ്ങളെപ്പററിയുള്ള വിനോബജിയുടെ അഭിപ്രായം (മനോരമ ജൂലൈ 14) കത്തോലിക്കാവിശ്വാസത്തിനു യോജിച്ചതാണോയെന്നു ചിറക്കടവിൽ നിന്നും ഒരു മാന്യലേഖകൻ എഴുതി ചോദിച്ചിരിക്കുന്നു. മനോരമയിൽ ഉദ്ധരിച്ചിരുന്ന വിനോബജിയുടെ പ്രസ്തുതാഭിപ്രായം ഇങ്ങനെയാണു്:

"സ്വർഗ്ഗനരകങ്ങൾ ബാബയെ ഒട്ടേറെ വിഷമിപ്പിച്ച വിഷയമാണു്. അതിനെപ്പററി ഒരു തീർപ്പിലെത്താൻ അഞ്ചാറുവർഷം തന്നെ വേണ്ടിവന്നു. സാധാരണക്കാർ പറയുംപോലെ, ജനങ്ങളെ സന്മാർഗ്ഗത്തിൽ ചരിപ്പിക്കാനും ദുർമ്മാർഗ്ഗത്തിൽ നിന്നകററാനുമുള്ള ഒരു സൂത്രമല്ല സ്വർഗ്ഗനരകങ്ങൾ. ഇതിനു മാത്രമായി ഇത്ര ദുർഘടമായ ഒരു സൂത്രം (ഇല്ലാത്തതിനെ ഉണ്ടെന്നു തോന്നിക്കൽ) ശാസ്ത്രകാരന്മാർ ആസൂത്രണം ചെയ്തിരിക്കുന്നുവെന്നു പറയാൻ വയ്യ. സ്വർഗ്ഗനരകങ്ങൾ കർമ്മസ്ഥാനങ്ങളല്ലെന്നു പറയുന്നുണ്ടു്. സ്വർഗ്ഗനരകങ്ങൾ മരണശേഷം ജീവാത്മാവു് അനുഭവിക്കുന്ന സ്വപ്നാവസ്ഥയാണു്. അവന്റെ പാപപുണ്യങ്ങൾക്കനുസരിച്ചു ആ സ്വപ്നാവസ്ഥ ദീർഘിച്ചും വ്യത്യാസപ്പെട്ടുമിരിക്കും. പുണ്യത്തിന്റെ പരിണാമം നല്ല സ്വപ്നവും, പാപത്തിന്റെ പരിണാമം ദുസ്വപ്നവുമാണു്. സ്വപ്നസംഗതികൾ അവാസ്തവമാണെങ്കിലും അവ നടക്കുന്ന സമയത്തു നമുക്കു് അനുഭവംപോലെ തോന്നുന്നുണ്ടല്ലോ. അതുപോലെ സ്വർഗ്ഗനരകങ്ങൾ ജീവാത്മാവിന്റെ സ്വപ്നാവസ്ഥയിലും തോന്നുന്നു. വിവേകത്തിനും ശാസ്ത്രത്തിനും യുക്തിക്കും യോജിച്ചതാണീ തീർപ്പു്."

(മനോരമ ജൂലൈ 14)

സ്വാമി സേവാനന്ദൻ എഴുതിയിട്ടുള്ള ഒരു ലേഖനത്തിൽനിന്നാണു് ഈ ഉദ്ധരണം. വിനോബജി ഇതേവാക്കുകളിലാണോ സ്വർഗ്ഗനരകങ്ങൾ വർണ്ണിച്ചിരിക്കുന്നതെന്നു തിട്ടപ്പെടുത്തുവാൻ അദ്ദേഹത്തിന്റെ സ്വന്തംവാക്കുകൾ ഞങ്ങൾ കണ്ടിട്ടില്ല അതിനാൽ സ്വാമി സേവാനന്ദൻ, വിനോബജിയെ ശരിയായും കൃത്യമായും തന്നെ ഉദ്ധരിച്ചിരിക്കുന്നുവെന്നു ഞങ്ങൾ സങ്കല്പിക്കുകയാണു്. ആ അടിസ്ഥാനത്തിലാണു് ഇതിനു പരിയുള്ള പ്രതിപാദനങ്ങളെല്ലാം, സ്വർഗ്ഗനരകങ്ങളുടെ അസ്തിത്വത്തിൽ വിനോബജി വിശ്വസിക്കുന്നു. എന്നാൽ അവ സ്വപ്നാവസ്ഥകളാണെന്നും, അവ പുണ്യപാപങ്ങൾക്കനുസരിച്ചു വ്യത്യാസപ്പെട്ടിരിക്കുമെന്നുമാണു് അദ്ദേഹത്തിന്റെ അഭിപ്രായം. ഈ അഭിപ്രായത്തോടു കത്തോലിക്കാസഭ യോജിക്കുന്നില്ല. കത്തോലിക്കസഭയുടെ പഠനം ഇതിൽനിന്നും തുലോം വിഭിന്നമാണു്.

സ്വർഗ്ഗത്തെപ്പററിയുള്ള കത്തോലിക്ക സഭയുടെ പഠനമെന്താണു്? മരണാനന്തരം മനുഷ്യാത്മാവു്, രക്ഷപെടുന്നപക്ഷം, നിത്യമായി ദൈവത്തെ അഭിമുഖമായി കണ്ടു സൗഭാഗ്യമനുഭവിക്കുന്ന അവസ്ഥയാണു സ്വർഗ്ഗമെന്നു പറയുന്നതു്. ദൈവികസത്തയെ അഭിമുഖമായി കാണുകയെന്നതിലാണു പ്രകൃത്യതീതമായ സ്വർഗ്ഗീയസൗഭാഗ്യം അടങ്ങിയിരിക്കുന്നതു്. ലോകാവസാനത്തിലുള്ള ശരീരത്തിന്റെ പുനരുത്ഥാനത്തിനു മുൻപു് ആത്മാവു തനിച്ചു് ഈ ദൈവദർശനമനുഭവിക്കുന്നു. എന്നാൽ പുനരുത്ഥാനശേഷമാകട്ടെ, ആത്മാവും ശരീരവും ഒരുമിച്ചു് ഈ സൗഭാഗ്യം അനുഭവിക്കും.

സ്വർഗ്ഗം എന്താണെന്നു് നാം അനുഭവിച്ചറിഞ്ഞിട്ടില്ല; എന്നാലും അതു നമുക്കു് അജ്ഞാതമല്ല അതിന്റെ സർവ്വപ്രധാനസ്വഭാവം ദൈവംതന്നെ നമുക്കു വെളിപ്പെടുത്തിതന്നിരിക്കുന്നു. "നിങ്ങൾക്കു ഒരു സ്ഥലം ഒരുക്കുവാനാണല്ലോ ഞാൻ പോകുന്നതു്. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്നിടത്തു നിങ്ങളും ഇരിക്കേണ്ടതിനായി ഞാൻ വീണ്ടും വന്നു നിങ്ങളെ എന്റെ അടുക്കലേക്കു കൂട്ടിക്കൊണ്ടു പോകും" (യോഹ: XIV, 2. 3) "നിങ്ങൾ ആനന്ദിച്ചു സന്തോഷിക്കുവിൻ; എന്തുകൊണ്ടെന്നാൽ സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വർദ്ധിച്ചിരിക്കുന്നു." (മത്താ: V 12) എന്നാണു ക്രിസ്തു പറഞ്ഞിരിക്കുന്നതു്. സ്വർഗ്ഗം ഈ ലോകത്തിലോ ഈ ജീവിതത്തിലോ അല്ലെന്നു് ഈ വാക്യങ്ങൾ സ്പഷ്ടമായി തെളിയിക്കുന്നു.

സ്വർഗ്ഗത്തിലെ സ്ഥിതിഗതികൾ ഈ ലോകത്തിലേതിൽനിന്നു ഭിന്നമായിരിക്കും. "എന്തുകൊണ്ടെന്നാൽ അവർ ഉയിർത്തെഴുന്നേൽക്കുമ്പോൾ, സ്വർഗ്ഗത്തിലെ ദൂതന്മാരെപ്പോലെ ആയിരിക്കുന്നതല്ലാതെ വിവാഹം ചെയ്യുകയുമില്ല; സ്ത്രീകൾ പുരുഷന്മാർക്കു ഭാര്യമാരായിരിക്കുകയുമില്ല" (മാർക്കോ XII, 25) "ഇവരെല്ലാവരും മരിച്ചു...തങ്ങൾ ഭൂമിയിൽ അന്യരും പരദേശികളുമാണെന്നു് അവർ ഏററു പറഞ്ഞു. എന്നാൽ ഇവ പറയുന്നവർ തങ്ങളുടെ സ്വന്തപട്ടണം അന്വേഷിക്കുന്നുവെന്നു കാണിക്കുന്നു ... ഇപ്പോഴാകട്ടെ, അവർ അതിനെക്കാൾ നല്ലതിനെ—സ്വർഗ്ഗത്തിലുള്ളതിനെ—ആഗ്രഹിച്ചിരുന്നുവെന്നു തീർച്ചയാകുന്നു. ഇതിനാൽ ദൈവം, അവരുടെ ദൈവം എന്നു വിളിക്കപ്പെടുന്നതിൽ ലജ്ജിച്ചില്ല. അവൻ അവർക്കായി പട്ടണം തയാറാക്കിയിരിക്കുന്നുവല്ലോ." (എബ്രാ: XI 13-16) വി. യോഹന്നാൻ പറയുന്നു: "അവരുടെ കണ്ണുകളിൽനിന്നു കണ്ണുനീരെല്ലാം നിലച്ചുപോകും. ഇനി മരണം ഉണ്ടാകയില്ല. കരച്ചിലോ മുറവിളിയോ ദുഃഖമോ ഇനി ഉണ്ടാകയില്ല എന്തുകൊണ്ടെന്നാൽ ആദ്യത്തേവ കടന്നുപോയി" (വെളിപാടു് XXI, 4) വി. പൗലോസ് പറയുന്നു: "ഇപ്പോഴാകട്ടെ കണ്ണാടിയിൽക്കൂടി എന്നപോലെ ഉപമയിൽ നാം കാണുന്നു. അപ്പോഴോ അഭിമുഖമായി നാം കാണും. ഇപ്പോൾ വളരെ കാര്യങ്ങളിൽവച്ചു കുറച്ചുമാത്രം ഞാൻ അറിയുന്നു. എന്നാൽ അപ്പോൾ ഞാൻ അറിയപ്പെട്ടിരിക്കുന്നതുപോലെ ഞാൻ അറിയും". (I കോറി: XIII 12)

നിത്യമായ ആനന്ദവും, വരുവാനിരിക്കുന്ന ജീവിതത്തിൽ നീതിമാന്മാരുടെ നിത്യമായ വാസസ്ഥലവുമായ ഈ സ്വർഗ്ഗത്തെപ്പററി വേദപുസ്തകം പറഞ്ഞിരിക്കുന്നതു്, സ്വർഗ്ഗരാജ്യം (മത്താ: V 3), ദൈവരാജ്യം (മാർക്കോ IX 46), പിതാവിന്റെ രാജ്യം (മത്താ. XIII 43), ക്രിസ്തുവിന്റെ രാജ്യം (ലൂക്കാ XXII 30), ദൈവത്തിന്റെ നഗരം (എബ്രാ:XII 22), പറുദീസാ (II കോറി XII 4), നിത്യായുസ്സു് (മത്താ: XIX 16), ജീവന്റെകിരീടം (യാക്കോ I 12) നീതിയുടെ കിരീടം (II തിമോ IV 8), മഹത്വത്തിന്റെ കിരീടം (I പത്രോ V 4), എന്നെന്നേക്കുമുള്ള അവകാശം (എബ്രാ IX 15) എന്നൊക്കെയാണു്.

സ്വർഗ്ഗം എവിടെയാകുന്നു? ഭൂമിയിലെ ഏതെങ്കിലും ഒരു പ്രദേശത്തെപ്പോലെ അക്ഷാംശവും രേഖാംശവും ഒപ്പിച്ചു ചൂണ്ടിക്കാണിക്കാവുന്ന ഒന്നല്ലാ സ്വർഗ്ഗം. മനുഷ്യശരീരങ്ങൾക്കുള്ള പദാർത്ഥപരമായ പ്രത്യേകതകളൊന്നും ആദ്ധ്യാത്മിക ജീവികൾക്കില്ലല്ലോ. ആകയാൽ ഭൂമിശാസ്ത്രപരമായോ, ക്ഷേത്രഗണിതസംബന്ധിയായോ സ്വർഗ്ഗത്തെപ്പററി ഒരു വിവരണം നൽകുവാൻ ശ്രമിക്കുന്നതു് അർത്ഥശൂന്യമാകുന്നു. അരൂപികളെ സംബന്ധിച്ചിടത്തോളം "എവിടെ"യെന്ന പ്രശ്നത്തിനു സ്ഥാനമില്ല. ഈ ലോകത്തിൽ ജീവിക്കുന്ന മനുഷ്യർക്കു മനസ്സിലാകുന്നതിലേക്കു ഈ ലോകത്തിന്റെ ഭാഷ ഉപയോഗിച്ചു സംസാരിക്കുന്നുവെന്നല്ലാതെ സ്വർഗ്ഗത്തിനു് ഈ ലോകസംബന്ധിയായി ഒന്നുമില്ല.

സ്വർഗ്ഗം എവിടെയാണെന്നു നമുക്കറിഞ്ഞുകൂടായെന്നതുകൊണ്ടു സ്വർഗ്ഗത്തിന്റെ അസ്തിത്വം ഇല്ലാതാകുന്നില്ല. പ്രൈമറി ക്ലാസിൽ പഠിക്കുന്ന ഒരു കുട്ടിക്കു ഡൽഹി എവിടെയാണെന്നു് അറിഞ്ഞുകൂടായെന്നതുകൊണ്ടു ഡൽഹിയുടെ അസ്തിത്വം ഇല്ലാതാകുന്നില്ലല്ലോ. നമ്മുടെ അറിവിനെ ആശ്രയമായല്ല സ്വർഗ്ഗം സ്ഥിതിചെയ്യുന്നതു്. സ്വർഗ്ഗം എവിടെയാണെന്നു് അറിയുന്നതുകൊണ്ടു പ്രായോഗികമായ പ്രയോജനമൊന്നുമില്ലതാനും. പ്രസാദവരത്തോടുകൂടി മരിക്കുന്ന ഒരുവൻ സ്വർഗ്ഗഭാഗ്യമനുഭവിക്കുന്നു. സ്വർഗ്ഗത്തിന്റെ സ്ഥാനം എവിടെയാണെന്നുള്ളതു അവനെ സംബന്ധിച്ചിടത്തോളം പ്രസക്തമല്ല. നാം അവശ്യം അറിഞ്ഞിരിക്കേണ്ട സംഗതികൾ, സ്വർഗ്ഗത്തെ സംബന്ധിച്ചു്, ദൈവം വെളിപ്പെടുത്തിയിട്ടുണ്ടു്.

ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തെപ്പററി വേദപുസ്തകത്തിൽ ഇങ്ങനെ പറയുന്നു: 'അവർ അവനെ നോക്കിനിൽക്കവെ, അവൻ സ്വർഗ്ഗത്തിലേക്കു് എടുക്കപ്പെട്ടു. ഒരു മേഘം അവനെ സ്വീകരിക്കുകയും, അവൻ അവരുടെ ദൃഷ്ടികളിൽനിന്നു മറയ്ക്കപ്പെടുകയും ചെയ്തു......നിങ്ങളിൽനിന്നു സ്വർഗ്ഗത്തിലേക്കു് എടുക്കപ്പെട്ട ഈ ഈശോ, സ്വർഗ്ഗത്തിലേക്കു കയറിപ്പോകുന്നതു നിങ്ങൾ കണ്ടതുപോലെതന്നെ, അവൻ വരും." (നടപടി I 9, 11) ഇതിൽനിന്നു ക്രിസ്തു അന്തരീക്ഷത്തിലേക്കു കയറിപ്പോകുകയായിരുന്നുവെന്നു വ്യാഖ്യാനിക്കുന്ന ചിലരുണ്ടു്. പക്ഷെ വേദപുസ്തകത്തിലെ ഈ വാചകങ്ങൾക്കു ആ അർത്ഥമുണ്ടായിരിക്കണമെന്നില്ല. ക്രിസ്തുവിനെ നോക്കിക്കൊണ്ടുനിന്ന ശിഷ്യന്മാർക്കു ആ ഒരു പ്രതീതി ഉണ്ടായെന്നേയുള്ളൂ. സ്വർഗ്ഗം ഉന്നതമായ ഒരു അവസ്ഥയാണല്ലോ. നാം ഉന്നതി കണക്കാക്കുന്നതു ഭൂമിയുടെ മദ്ധ്യത്തിൽനിന്നുള്ള അകലത്തെ കണക്കാക്കിയാണു്. ക്രിസ്തു ഉന്നതമായ സ്വർഗ്ഗത്തിലേക്കു കയറിയ വസ്തുത രേഖപ്പെടുത്തുവാൻ നമുക്കു മനസ്സിലാകുന്ന ഒരു ശൈലി ലൂക്കാ ഉപയോഗിച്ചിരിക്കുന്നുവെന്നു മാത്രം. ക്രിസ്തു, അതേവരെ ഉണ്ടായിരുന്നതിൽനിന്നു ഭിന്നമായ ഒരു അവസ്ഥയിലേക്കു പ്രവേശിച്ചു എന്നു മാത്രമേ ആ പദപ്രയോഗങ്ങൾക്കു അർത്ഥമുള്ളൂ. മാനുഷികമായ പരിഗണനകൾകൊണ്ടു പ്രകൃത്യതീതമായ സ്വർഗ്ഗത്തെ അളക്കുക സാദ്ധ്യമല്ലെന്നു നേരത്തെ പറ

ഞ്ഞുവല്ലോ.

നരകത്തെപ്പററിയുള്ള കത്തോലിക്കാസഭയുടെ പഠനവും ഇതിനു സമാനമായിട്ടുള്ളതാണ്. ചാവുദോഷത്തോടുകൂടി, ദൈവവുമായുള്ള ശത്രുതയിൽ മരിക്കുന്നവരുടെ ആത്മാവുകൾക്കു അനുഭവപ്പെടുന്ന നിത്യമായ ദുരിതാവസ്ഥയാണു നരകം. ലോകാവസാനത്തിലുള്ള ശരീരത്തിന്റെ പുനരുത്ഥാനത്തിനു മുൻപ് ആത്മാവു തനിച്ചു ഈ ദുരിതമനുഭവിക്കുന്നു. എന്നാൽ പുനരുത്ഥാനശേഷമാകട്ടെ, ആത്മാവും ശരീരവും ഒരുമിച്ച് ഈ ദുരിതമനുഭവിക്കും. നരകവാസികളുടെ ഏററവും വലിയ ദുരിതം ദൈവത്തെ അഭിമുഖമായി ദർശിക്കുകയെന്ന സൗഭാഗ്യം നഷ്ടപ്പെട്ടല്ലോയെന്ന ബോധമായിരിക്കും. നരകത്തീ മൂലമുള്ള പീഡനങ്ങളായിരിക്കും മററു ദുരിതങ്ങൾ.

നമ്മുടെ സ്രഷ്ടാവായ ദൈവം തന്നെ, ദുഷ്ടന്മാർക്കായി താൻ നരകം സൃഷ്ടിച്ചിട്ടുണ്ടെന്നു നമുക്കു വെളിപ്പെടുത്തിയിരിക്കുന്നു. ശരീരവും ആത്മാവും ഒന്നുപോലെ പീഡിപ്പിക്കപ്പെടുന്ന ഒരു നരകമുണ്ടെന്നുള്ളത് ഒരു ആവിഷ്കൃതസത്യമാണ്. ശാന്തസ്വഭാവിയായ ക്രിസ്തു നമുക്കു മുന്നറിയിപ്പു നൽകിയിരിക്കുന്നു: "നീ ഇരുകൈകളും ഉള്ളവനായി നരകത്തിലേക്കു പോകുന്നതിനേക്കാൾ, അംഗഹീനനായി ആയുസ്സിലേക്കു പ്രവേശിക്കുന്നതു നിനക്കു നല്ലതാകുന്നു" (മർക്കോ IX 42) വീണ്ടും "നിന്റെ ശരീരം മുഴുവൻ നരകത്തിൽ വീഴുന്നതിനേക്കാൾ നിന്റെ ഒരു അവയവം നശിച്ചുപോകുന്നതു നിനക്കു നല്ലതാകുന്നു." (മത്താ V 29) "മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയയ്ക്കും. അവരേ, അവന്റെ രാജ്യത്തിൽനിന്നു സകല ഇടർച്ചകളും ദുഷ്ടത പ്രവർത്തിക്കുന്ന സകലരെയും കൂട്ടിച്ചേർത്തു അവരെ തീച്ചൂളയിലേക്കു ഇട്ടുകളയും അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും." (മത്താ XIII, 41, 42). "ലോകാവസാനത്തിൽ ഇങ്ങനെതന്നെ സംഭവിക്കും. ദൈവദൂതന്മാർ പുറപ്പെട്ടു ദുഷ്ടരെ ശിഷ്ടരിൽനിന്നു വേർതിരിക്കുകയും, അവരെ തീച്ചൂളയിൽ ഇടുകയും ചെയ്യും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും" (മത്തായി XIII 49, 50). "അവൻ തന്റെ ഇടത്തുഭാഗത്തുള്ളവരോടു അരുളിച്ചെയ്യും: ശപിക്കപ്പെട്ടവരേ, നിങ്ങൾ എന്നെവിട്ടു പിശാചിനും അവന്റെ ദൂതന്മാർക്കുമായി ഒരുക്കപ്പെട്ടിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ." (മത്താ: XXV, 41).

നരകത്തെ നിത്യമായ അഗ്നിയെന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നതു്. അവിടത്തെ "തീ കെടുന്നുമില്ല" (മർക്കോ IX 44) എന്നു് അവിടുന്നു് എടുത്തു പറഞ്ഞിരിക്കുന്നു. വിശുദ്ധ മത്തായി XXV 41 ലേതു്, ലോകാവസാനത്തിലുള്ള ദൈവത്തിന്റെ വിധിവാചകമാണ്. വിധിയാളന്മാർ രൂപകാർത്ഥത്തിലല്ലല്ലോ സംസാരിക്കാറുള്ളതു്. അതിനാൽ പ്രത്യക്ഷാർത്ഥത്തിൽതന്നെ നാം അതു് സ്വീകരിക്കേണ്ടതാണ്. നരകത്തിൽ "കരച്ചിലും പല്ലുകടിയും ഉണ്ടാകും." അതായതു നരകത്തിലേക്കു ശിക്ഷിക്കപ്പെടുന്നവർക്കു അവരുടെ ശിക്ഷയെപ്പററി ബോധമുണ്ടായിരിക്കും. നരകത്തിൽ തീയുണ്ടു്. പക്ഷെ അതു നാം ഇന്നു് അറിയുന്നതരത്തിലുള്ള സ്വാഭാവികമായ തീ ആയിരിക്കുന്നില്ല. പ്രത്യുത, നരകത്തിനു ശിക്ഷിക്കപ്പെടുന്നവരുടെ ശരീരത്തെയും ആത്മാവിനെയും ഒന്നുപോലെ പീഡിപ്പിക്കുന്നതിനു ശക്തിയുള്ള, പ്രത്യേകം സൃഷ്ടിക്കപ്പെട്ട ഒരു തീ ആയിരിക്കുന്നു. ലോകത്തിലെ തീ ഇന്ധനം മൂലമാണല്ലോ കത്തുന്നതു്. നരകത്തീയുടെ ഇന്ധനം ദൈവത്തിന്റെ ഇച്ഛയാണ്. കത്തുകയും അതേസമയം ദഹിപ്പിക്കാതിരിക്കുകയും ചെയ്യുന്ന ഒരു അഗ്നി സൃഷ്ടിക്കുക ദൈവത്തിന് അസാദ്ധ്യമല്ല. ദൈവം പ്രത്യക്ഷപ്പെട്ട മുൾപ്പടർപ്പിൽ തീ കത്തുന്നതും എന്നാൽ അതു ദഹിക്കാതിരിക്കുന്നതും മോശ കണ്ടതാണല്ലോ. (പുറ: III 2)

നരകം എവിടെയാണ്? ദുഷ്ടന്മാർക്കു മരണാനന്തരം ലഭിക്കുന്ന ശിക്ഷാസ്ഥലമെന്നല്ലാതെ, അതിന്റെ ആസ്ഥാനം എവിടെയാണെന്നു ദൈവം വെളിപ്പെടുത്തിയിട്ടില്ല. ഒരു നരകം ഉണ്ടെന്നു ദൈവം വെളിപ്പെടുത്തിയിട്ടുണ്ടു്. അതു് എവിടെയാണെന്നു അറിയുന്നതു മനുഷ്യരെ സംബന്ധിച്ചിടത്തോളം പ്രസക്തമല്ലാത്തതുകൊണ്ടായിരിക്കണം ദൈവം വെളിപ്പെടുത്താതിരുന്നതു്. ക്വററായിൽ ഒരു ഭൂകമ്പമുണ്ടായി എന്നു റേഡിയോ വാർത്തയുണ്ടെന്നു വിചാരിക്കുക. ക്വററാ എവിടെയാണെന്നു നിങ്ങൾക്കറിഞ്ഞുകൂടാത്തതുകൊണ്ടു ഭൂകമ്പം ഉണ്ടായിട്ടില്ലെന്നു പറയാനൊക്കുമോ? പറഞ്ഞാൽ അതു ശരിയായിരിക്കുമോ? സ്വർഗ്ഗത്തിന്റെ കാര്യത്തിലെന്നപോലെ നരകത്തിനും ഈ ലോകസംബന്ധിയായി ഒന്നുമില്ലല്ലോ.

ചുരുക്കത്തിൽ സ്വർഗ്ഗനരകങ്ങളെപ്പററിയുള്ള കത്തോലിക്കാസഭയുടെ പഠനം ഇതാണ്: (1) അവ മരണാനന്തരം ആത്മാവുകൾക്കു അനുഭവപ്പെടുന്ന അവസ്ഥകളാണ്. (2) അവയുടെ ആസ്ഥാനങ്ങൾ എവിടെയെന്നു വെളിപ്പെടുത്തപ്പെട്ടിട്ടില്ലെങ്കിലും അവയുടെ അസ്തിത്വം ദൈവത്താൽ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. (3) അവിടെ ലഭിക്കുന്ന രക്ഷയും ശിക്ഷയും നിത്യമായിട്ടുള്ളതാകുന്നു. (4) ദൈവത്തെ അഭിമുഖമായിക്കാണുവാൻ സാധിക്കുന്നു, അല്ലെങ്കിൽ സാധിക്കുന്നില്ല എന്ന ബോധമാണു ആനന്ദത്തിനോ പീഡനത്തിനോ നിദാനമായിരിക്കുന്നതു്.

ഇതിൽനിന്നു സ്വർഗ്ഗനരകങ്ങളെപ്പററിയുള്ള കത്തോലിക്കാസഭയുടെപഠനവും വിനോബാജിയുടെ അഭിപ്രായവും തമ്മിൽ പ്രധാനകാര്യങ്ങളിലൊന്നും പൊരുത്തമില്ലെന്നു കാണാമല്ലോ. "സ്വർഗ്ഗനരകങ്ങൾ മരണശേഷം ആത്മാവു് അനുഭവിക്കുന്ന സ്വപ്നാവസ്ഥ"യാണെന്നാണു വിനോബാജി പറയുന്നതു്. സ്വപ്നം വെറും തോന്നലാണ്. അതിനു യഥാർത്ഥമായ അസ്തിത്വമില്ല. സ്വർഗ്ഗം ഒരു വെറും തോന്നലാണെങ്കിൽ അതു സ്വർഗ്ഗമല്ലല്ലോ. ഈ ലോകത്തിൽ ചെയ്യുന്ന പുണ്യങ്ങൾക്കെല്ലാം പ്രതിസമ്മാനം ഒരു തോന്നൽമാത്രമാണെങ്കിൽ അതിൽ അഭികാമ്യമായി ഒന്നുമില്ല. അതുപോലെതന്നെ, പാപത്തിന്റെയെല്ലാം പരിണാമം ഒരു തോന്നൽ മാത്രമാണെങ്കിൽ അതിൽ ഭയപ്പെടാനുമില്ലല്ലോ. പുണ്യത്തിനു യഥാർത്ഥമായ സമ്മാനവും, പാപത്തിനു യഥാർത്ഥമായ ശിക്ഷയും ലഭിക്കണമെങ്കിൽ മരണാനന്തരം ആത്മാവിനു് അതേപ്പററി ശരിയായ ബോധമുണ്ടായിരിക്കണം. അതായതു സ്വർഗ്ഗനരകങ്ങൾ കേവലം സ്വപ്നങ്ങളായിരുന്നാൽ പോരാ.

"പാപപുണ്യങ്ങൾക്കനുസരിച്ചും ഈ സ്വപ്നാവസ്ഥ ദീർഘിച്ചും വ്യത്യാസപ്പെട്ടുമിരിക്കു"മെന്നാണു വിനോബാജിയുടെ മറെറാരഭിപ്രായം. അതായതു സ്വർഗ്ഗനരകങ്ങൾ കാലികങ്ങളും, നിത്യത്വത്തോടുപമിക്കുമ്പോൾ ക്ഷണികങ്ങളുമാണെന്നു. സ്വർഗ്ഗനരകങ്ങളുടെ അവസാനത്തിനുശേഷം ആത്മാവിന്റെ സ്ഥിതി എന്തായിരിക്കുമെന്നു വിനോബാജി പറയുന്നില്ല. സ്വർഗ്ഗനരകങ്ങൾ കാലികങ്ങളാണെന്നു പറയുന്നതു സ്വർഗ്ഗം നരകമാണെന്നും, നരകം സ്വർഗ്ഗമാണെന്നും സമർത്ഥിക്കുന്നതിനു തുല്യമാണ്. ഒരു ഘട്ടം കഴിയുമ്പോൾ തന്റെ സ്വർഗ്ഗം അവസാനിക്കുമെന്നു അറിയുന്ന ഒരു ആത്മാവിനു് എന്തു സ്വർഗ്ഗസുഖമാണുള്ളതു്? ആ ബോധംതന്നെ അവന്റെ സ്വർഗ്ഗത്തെ വേദനാജനകമാക്കിത്തീർക്കുമല്ലോ. അതുപോലെതന്നെ ഒരു ഘട്ടം കഴിയുമ്പോൾ തന്റെ നരകം അവസാനിക്കുമെന്നു അറിവുള്ള ഒരു ആത്മാവിനു നരകംതന്നെ ഒരു പ്രത്യാശാകേന്ദ്രമായി രൂപാന്തരപ്പെടുന്നു. എന്നുതന്നെയല്ല ജീവിതകാലം മുഴുവൻ കൊടിയ പാപങ്ങൾ ചെയ്യുന്ന ഒരു ദുഷ്ടാത്മാവിനു് ഒരു ഘട്ടം കഴിയുമ്പോൾ നരകത്തിൽനിന്നു മുക്തിലഭിക്കുമെങ്കിൽ, ക്ഷണികമായ സ്വർഗ്ഗസുഖത്തിനുവേണ്ടി, അത്യന്തം ക്ലേശകരമായ പുണ്യജീവിതം നയിക്കുന്നവർ വിഡ്ഢികളാണെന്നു നാം സമ്മതിക്കേണ്ടിവരുമല്ലോ.

"യഥാർത്ഥത്തിൽ സ്വർഗ്ഗനരകങ്ങൾ മരണശേഷം ആത്മാവു് അനുഭവിക്കുന്ന അവസ്ഥയാണ്. അതൊരു സ്വപ്നാവസ്ഥയല്ല. പ്രത്യുത യഥാർത്ഥമായിട്ടുള്ളതും ശാശ്വതമായിട്ടുള്ളതുമാകുന്നു. "വിവേകത്തിനും ശാസ്ത്രത്തിനും യുക്തിക്കും യോജിച്ച" നിഗമനം ഇതുമാത്രമാണ്. അതുതന്നെയാണു ദൈവം വെളിപ്പെടുത്തിയിട്ടുള്ളതും കത്തോലിക്കാസഭ പഠിപ്പിക്കുന്നതും. ഇതിൽനിന്നും "സ്വർഗ്ഗനരകങ്ങളെപ്പററിയുള്ള വിനോബാജിയുടെ അഭിപ്രായം കത്തോലിക്കാവിശ്വാസത്തിനു യോജിച്ചതല്ലെ"ന്നു വ്യക്തമാണല്ലോ.

ലീജിയൻ പംക്തി

# ലീജിയൻ കമ്മ്യൂണിസ്റ്റ് ചൈനയിൽ




ചൈനയിൽനിന്നു വിദേശമിഷ്യനറിമാരെല്ലാം നിഷ്കാസനം ചെയ്യപ്പെട്ടിരിക്കയാണല്ലോ. "ഞങ്ങൾ പോകുകയാണെങ്കിലും ചൈനയിലെ കത്തോലിക്കാ സഭ ലീജിയനംഗങ്ങളുടെ കരങ്ങളിൽ സുരക്ഷിതമായിരിക്കു"മെന്നാണ് ആ രാജ്യം വിട്ടുപോകുന്ന അവസരത്തിൽ അവിടത്തെ ഇന്റർനൺഷിയോ തിരുമേനി പ്രസ്താവിച്ചിട്ടുള്ളതു്. കാരണം, അവിടത്തെ ലീജിയനംഗങ്ങൾ അത്രയ്ക്കു വിശ്വാസസ്ഥൈര്യവും പ്രേഷിതചൈതന്യവും ഉള്ളവരാണ്.

വളരെ വൈകിയാണ് ചൈനയിൽ ലീജിയൻ ഓഫ് മേരി സ്ഥാപിതമായതു്. അവിടത്തെ ടെയ്ജുവൻ എന്ന രൂപതയിലെ ലീജിയൻ ചരിത്രം ശ്രദ്ധാർഹമായ ഒന്നാണ്; അതു് ഇതര രൂപതകളിലെ ലീജിയന്റെ ഒരു മാതൃകയുമാണ്.

ചൈനയിലെ ഇന്റർനൺഷിയോ ആയിരുന്ന റിബേരി മെത്രാപ്പോലീത്താ തിരുമേനി 1947-ൽ ടെയ്ജുവൻ രൂപത സന്ദർശിച്ചു. തദവസരത്തിൽ അവിടെ ലീജിയൻ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു തിരുമേനി ഉൽബോധിപ്പിച്ചു. പക്ഷെ, പതിവുപോലെ ലീജിയനെതിരായി പല തടസ്സവാദങ്ങളും ഉന്നയിക്കപ്പെടുകയാണുണ്ടായതു്. വിശിഷ്യ, അവിടത്തെ മെത്രാൻ തല്ക്കാലം സ്ഥലത്തില്ലാതിരുന്നതു നല്ലൊരു കാരണവുമായിരുന്നു. അടുത്ത വർഷത്തിലും ഇന്റർനൺഷിയോ തിരുമേനി ആ രൂപത സന്ദർശിക്കുകയുണ്ടായി. അപ്പോഴും ലീജിയൻ സ്ഥാപിക്കുന്ന കാര്യത്തിൽ തിരുമേനി പ്രത്യേക താല്പര്യം പ്രദർശിപ്പിച്ചു. എന്നാൽ അൽമായ പ്രേഷിതപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന സുസംഘടിതവും സുശക്തവുമായ പല സംഘടനകളും അവിടെയുള്ള സ്ഥിതിക്കു ലീജിയൻ ഒരു അധികപ്പററായിരിക്കുമെന്നു സകാരണം സമർത്ഥിക്കപ്പെടുകയാണുണ്ടായതു്. അങ്ങനെ ലീജിയൻ സ്ഥാപനകാര്യം വീണ്ടും തിരസ്കൃതമായി.

1949 ഏപ്രിൽ മാസത്തിൽ ഭയങ്കരമായ ഒരു നിരോധനത്തിനുശേഷം ടെയ്ജുവൻ കമ്മ്യൂണിസ്റ്റ്കാരുടെ അധീനത്തിലായി. താമസംവിനാ അവർ കത്തോലിക്കാസഭയ്ക്കെതിരായി പ്രത്യക്ഷമായും പരോക്ഷമായുമുള്ള ആക്രമണം ആരംഭിച്ചു. പുതിയ ശത്രുക്കളുടെ ആവിർഭാവത്തോടുകൂടി പുതിയതരം പ്രതിരോധനടപടികൾ ആവശ്യമായി വന്നു. തിരുസഭയുടെ സുരക്ഷിതത്വത്തിനു് ലീജിയൻ അത്യന്താപേക്ഷിതമാണെന്നു ആ വൈകിയ വേളയിൽ ഏവർക്കും ബോദ്ധ്യപ്പെട്ടു. ആകയാൽ ആവുന്നതുംവേഗത്തിൽ ലീജിയൻ ആരംഭിക്കുന്നതിനുവേണ്ടി അവിടത്തെ മെത്രാൻ ഒരു വൈദികനെ ലീജിയന്റെ നിയമഗ്രന്ഥം പഠിക്കുന്നതിനു നിയോഗിച്ചു. അങ്ങനെ ഏതാനും ആഴ്ചകൾക്കകം ആദ്യത്തെ പ്രസീദിയം അവിടെ സ്ഥാപിതമായി.

പുതിയ ലീജിയനംഗങ്ങൾ ശരിയായ ലീജിയൻ ചൈതന്യത്തോടെ മുന്നോട്ടുനീങ്ങി. പ്രതിവാരയോഗങ്ങളിൽ കൃത്യമായി സംബന്ധിക്കുന്നതിലും പ്രായോഗികമായ പ്രേഷിതപ്രവർത്തനങ്ങൾ ചെയ്യുന്നതിലും അവർ പ്രത്യേക തീക്ഷ്ണത പ്രദർശിപ്പിച്ചു. ആ ചൈതന്യത്തിൽ പുതിയ പ്രസീദിയങ്ങൾ തുടരെത്തുടരെ സമാരംഭിക്കപ്പെട്ടു. അങ്ങനെ പത്തു മാസങ്ങൾക്കകം പ്രസീദിയങ്ങളുടെ എണ്ണം 21 ആയി വർദ്ധിച്ചു. കൂടാതെ, 800 പേർ സഹായകാംഗങ്ങളായി ചേർക്കപ്പെടുകയും ചെയ്തു. ഏഴര ലക്ഷം ജനങ്ങളുള്ള ആ പട്ടണത്തിൽ ആകെ ഏഴായിരം കത്തോലിക്കർ മാത്രമേ ഉണ്ടായിരുന്നുള്ളു. അവരിൽ പലരും പുതുതായി ക്രിസ്തുമതം അവലംബിച്ചവരായിരുന്നു താനും. എങ്കിലും ഈ ലീജിയനംഗങ്ങളുടെ പ്രേഷിതചൈതന്യം ഏവരെയും വിസ്മയം കൊള്ളിച്ചു.

ലീജിയൻ സ്ഥാപിതമാകുന്നതിനുമുമ്പു അവിടെ സാധാരണയായി ഞായറാഴ്ചകളിൽ 200 പേരും ഇടദിവസങ്ങളിൽ 50 പേരും ആണ് ദിവ്യകാരുണ്യം സ്വീകരിച്ചിരുന്നതു്. എന്നാൽ ഒരു കൊല്ലത്തിനകം ആ സംഖ്യ പത്തിരട്ടിയായി വർദ്ധിച്ചു. 1950-ന്റെ ആരംഭത്തിൽ അംഗങ്ങൾ ഒരു നിശ്ചയം ചെയ്തു. ഓരോരുത്തരും ഒരു വർഷത്തിനകം ഒരാളെ വീതമെങ്കിലും മാനസാന്തരപ്പെടുത്തണമെന്നതായിരുന്നു ആ തീരുമാനം. മൂന്നുമാസത്തിനകം പല പ്രസീദിയങ്ങളും മുപ്പതിലധികം പേരെ വീതം മാനസാന്തരപ്പെടുത്തി. പ്രസ്തുത നിരക്കനുസരിച്ചു ആ വർഷാവസാനത്തിൽ 3000 പേരെ അവർ ജ്ഞാനസ്നാനപ്പെടുത്തുമായിരുന്നു. പക്ഷെ, അവരുടെ പ്രേഷിതചൈതന്യവും വിജയവും കമ്മ്യൂണിസ്റ്റുകാർക്ക് സഹിച്ചില്ല. വിശിഷ്യ, പീഡിപ്പിക്കപ്പെടുന്ന തിരുസ്സഭയെയും വൈദികരെയും സഹായിക്കുന്നതിലും അവർക്കു വേണ്ടി വാദിക്കുന്നതിലും ലീജിയനംഗങ്ങൾ പ്രത്യേകം ജാഗരൂകരാണെന്ന സംഗതിയും കമ്മ്യൂണിസ്റ്റ്കാരെ രോഷാകുലരാക്കിത്തീർത്തു.

1951 മാർച്ചുമാസത്തിൽ ഗവർമ്മേണ്ട് കമ്മ്യൂണിസ്റ്റ്പത്രങ്ങളും മാസികകളും ലഘുലേഖകളുംവഴി ലീജിയനെതിരായി ഒരു വിദ്വേഷപ്രചാരണം ആരംഭിച്ചു. മററു വാർത്തകൾ വെട്ടിച്ചുരുക്കി ഔദ്യോഗികപത്രങ്ങളുടെ മൂന്നിലൊരു ഭാഗം ലീജിയനെതിരായ പ്രചാരണങ്ങൾക്കായി വിനിയോഗിച്ചു. അമേരിക്കയുടെയും അയർലണ്ടിന്റെയും സേവനത്തിലേർപ്പെട്ടിരിക്കുന്ന ഒരു വിദ്ധ്വംസക പ്രസ്ഥാനമാണു ലീജിയൻ; മതത്തിന്റെപേരിൽ രാഷ്ട്രീയവും സാംസ്കാരികവും ധനശാസ്ത്രപരവുമായ തത്വങ്ങൾ പ്രചരിപ്പിക്കലാണ് ലീജിയന്റെ ജോലി; ഗവർമ്മേണ്ടിനെതിരായി വെറുപ്പു ജനിപ്പിക്കുന്ന ആശയങ്ങൾ തദംഗങ്ങളിൽ അതു കുത്തിവയ്ക്കുന്നു; സാമ്രാജ്യത്വസിദ്ധാന്തങ്ങൾ നിറഞ്ഞ ഗ്രന്ഥങ്ങൾ (അതായതു് പ്രാർത്ഥനപ്പുസ്തകങ്ങളും വേദോപദേശപ്പുസ്തകങ്ങളും) പ്രചരിപ്പിക്കുന്നു—എന്നെല്ലാമായിരുന്നു ലീജിയനെതിരായുള്ള ആരോപണങ്ങൾ.

1951 ആഗസ്റ്റ്മാസത്തിൽ ലീജിയനെ നിയമവിരുദ്ധമാക്കി പിരിച്ചുവിടുന്നതായ ഗവർമ്മേണ്ടു വിജ്ഞാപനം പുറത്തുവന്നു. എല്ലാ ലീജിയനംഗങ്ങളും താഴെ കാണുന്നവിധത്തിലുള്ള ഒരു പ്രസ്താവനയ്ക്കു ഒപ്പുവയ്ക്കുന്നതിനു പോലീസ് മുമ്പാകെ ഹാജരായിക്കൊള്ളണമെന്നു കല്പനയായി. "...എന്നയാളായ ഞാൻ, (ഇന്ന, ദിവസം ഒരു വിദ്ധ്വംസകപ്രസ്ഥാനമായ ലീജിയൻ ഓഫ് മേരിയിൽ ചേർന്നു. അതിലെ അംഗമെന്ന നിലയിൽ ഞാൻ ജനങ്ങൾക്കെതിരായും ഗവർമ്മേണ്ടിനെതിരായും പാർട്ടിക്കെതിരായും ഗൂഢമായി പ്രവർത്തിച്ചിരുന്നു. ആകയാൽ ആ പ്രസ്ഥാനത്തെ ഞാൻ വെറുക്കുകയും അതുമായുള്ള സകല ബന്ധങ്ങളും വിച്ഛേദിക്കുകയും മേലാലൊരിക്കലും അതിന്റെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയില്ലെന്നു വാഗ്ദാനം ചെയ്കയും ചെയ്യുന്നു."

പ്രത്യക്ഷമായിത്തന്നെ ഇപ്രകാരം അസത്യപ്രസ്താവനകളടങ്ങിയ ഒരു രേഖയിൽ ഒപ്പുവയ്ക്കുവാൻ ലീജിയനംഗങ്ങൾ വിസമ്മതിച്ചു എന്നു പറയേണ്ടതില്ലല്ലോ. ആകയാൽ കമ്മ്യൂണിസ്റ്റ്കാർ ഭീഷണിപ്രയോഗം ആരംഭിച്ചു. "നിങ്ങളുടെ പ്രസ്ഥാനം വിദ്ധ്വംസകമാണെന്നു ഞങ്ങൾക്കറിയാം. കുററകരമായ നിങ്ങളുടെ പ്രവർത്തനങ്ങളെപ്പററിയുള്ള സകല തെളിവുകളും ഞങ്ങളുടെ പക്കലുണ്ട്. നിങ്ങൾക്കു മാപ്പുവേണമെന്നുണ്ടെങ്കിൽ ലീജിയനുമായുള്ള ബന്ധം വിച്ഛേദിക്കുക; പ്രസ്താവനയിൽ ഒപ്പുവയ്ക്കുക" എന്നവർ താക്കീതുനൽകി. പക്ഷെ ഈ ഭീഷണികളൊന്നും ഫലിച്ചില്ല. അപ്പോൾ അവർ വശീകരണങ്ങൾ പ്രയോഗിക്കുവാൻ തുടങ്ങി. "പ്രസ്താവന"യിൽ ഒപ്പിടുന്നതു കത്തോലിക്കാ തത്വങ്ങൾക്കു എതിരല്ലെന്നു അവർ വാദിച്ചു. "നിങ്ങളുടെ മെത്രാപ്പോലീത്താപോലും അതിൽ ഒപ്പിട്ടിട്ടുണ്ടു്. അപ്പോൾ നിങ്ങൾക്കും ഒപ്പിടാമെന്നു തെളിവായല്ലോ" എന്നതായിരുന്നു അതിനുള്ള യുക്തി. മെത്രാപ്പോലീത്താ തിരുമേനി അന്നു ജയിലിൽ കിടക്കയായിരുന്നു ഒരു ലീജിയനംഗം അവരുടെ വാദത്തിന്റെ പൊള്ളത്തരം വെളിച്ചത്തുകൊണ്ടുവന്നതിപ്രകാരമാണ്: "കൊള്ളാം. ഞങ്ങളുടെ മെത്രാപ്പോലീത്താ തിരുമേനി "പ്രസ്താവന"യിൽ ഒപ്പിട്ടിട്ടുണ്ടെങ്കിൽ അദ്ദേഹ

(ശേഷം 4-ാം പേജിൽ)

(2-ാംപേജ് തുടർച്ച)

എന്നാണു റഷ്യയിലെ കമ്മ്യൂണിസ്റ്റധികാരികൾ സ്വപാർശ്വവർത്തികളോടാവശ്യപ്പെട്ടിരിക്കുന്നതു്. ദൈവവിശ്വാസത്തിൻെറ ലാഞ്ഛനപോലും ഇല്ലാതാക്കുകയാണു് കമ്മ്യൂണിസ്റ്റു് ലക്ഷ്യം.

പ്രപഞ്ചത്തിൽ പദാർത്ഥം (Matter) മാത്രമേയുള്ളുവെന്നും, വിപരീതശക്തികളുടെ അനവസാനമായ സംഘട്ടനത്തിൻെറ ഫലമാണു് അഭിവൃദ്ധിയും പുരോഗതിയുമെന്നുമാണു് കമ്മ്യൂണിസത്തിൻെറ അടിസ്ഥാനതത്വംതന്നെ. "മനുഷ്യരുടെ അനുദിനജീവിതത്തെ നിയന്ത്രിക്കുന്ന ബാഹ്യശക്തികളുടെ മനുഷ്യമനസ്സിലുള്ള വിചിത്രമായ പ്രതിഫലനമല്ലാതെ മറെറാന്നുമല്ലാ മതം" (Anti-Duhring p. 346) എന്നാണു എംഗൽസ് പഠിപ്പിക്കുന്നതു്. "മതം മനുഷ്യനെ മയക്കുന്ന കറുപ്പാകുന്നു" എന്നു കാറൾ മാർക്സ് പറഞ്ഞിരിക്കുന്നു. "മുതലാളിത്തത്തിൻെറ അടിമകൾ തങ്ങളുടെ മനുഷ്യത്വത്തേയും, മാന്യമായ ഒരു മനുഷ്യജീവിതം നയിക്കുവാനുള്ള തങ്ങളുടെ ആഗ്രഹത്തേയും മുക്കിക്കളയുന്ന ഒരുതരം ആദ്ധ്യാത്മികലഹരിപദാർത്ഥമാണു മതം" എന്നാണു ലെനിൻ പ്രഖ്യാപിച്ചിട്ടുള്ളതു്.

സർവ്വശക്തനായ ദൈവത്തിൻെറ സൃഷ്ടികളായ മനുഷ്യരെല്ലാം സഹോദരന്മാരാണെന്നും, അതിനാൽ പരസ്പരം സ്നേഹിക്കണമെന്നും ക്രിസ്തുമതം പഠിപ്പിക്കുന്നു. പക്ഷെ പരസ്പരവിദ്വേഷത്തിലാണു് കമ്മ്യൂണിസം അധിഷ്ഠിതമായിരിക്കുന്നതു്. റഷ്യയിൽ വിദ്യാഭ്യാസവകുപ്പദ്ധ്യക്ഷനായിരുന്ന ലൂനാറു് ചാസ്കിയുടെ വാക്കുകളിൽനിന്നു് ഈ വസ്തുത മനസ്സിലാക്കാം. അദ്ദേഹം പറയുന്നു: "ഞങ്ങൾ ക്രിസ്തുമതത്തേയും ക്രിസ്ത്യാനികളേയും വെറുക്കുന്നു. ക്രിസ്ത്യാനികളിൽ ഏററം നല്ലവരായിട്ടുള്ളവരെപ്പോലും നമ്മുടെ ഏററം വലിയ ശത്രുക്കളായി നാം കരുതണം. ക്രിസ്ത്യാനികൾ സഹോദരസ്നേഹവും കരുണയും പ്രസംഗിക്കുന്നു. ഇവയെല്ലാം നമ്മുടെ ആദർശങ്ങൾക്കു വിരുദ്ധമാണു്. ക്രിസ്തീയസ്നേഹം വിപ്ലവവർദ്ധനത്തിനു എതിരാണു്. സഹോദരസ്നേഹം നശിക്കട്ടെ. നമുക്കു് ആവശ്യമുള്ളതു വിദ്വേഷമാണു്. മററുള്ളവരെ വെറുക്കേണ്ടതു് എങ്ങനെയാണെന്നത്രേ നാം പഠിക്കേണ്ടതു്. അപ്പോൾ മാത്രമേ ലോകത്തെ കീഴടക്കുവാൻ നമുക്കു സാധിക്കുകയുള്ളു."

കമ്മ്യൂണിസം തീർത്തും അധാർമ്മികമായിരിക്കുന്നു. എല്ലാ ക്രിസ്തീയസന്മാർഗ്ഗനിയമങ്ങളേയും അതു നിഷേധിക്കുന്നു. കമ്മ്യൂണിസ്റ്റുകാർക്കു സ്വന്തമായ ഒരു ജീവിതപ്രമാണമാണുള്ളതു്. അതു ക്രിസ്തീയപ്രമാണങ്ങൾക്കു കടകവിരുദ്ധമായിട്ടുള്ളതാകുന്നു. കമ്മ്യൂണിസ്റ്റുലക്ഷ്യം വിപ്ലവംകൊണ്ടേ സാധിക്കുകയുള്ളുവെന്നും, വർഗ്ഗസമരത്തിൽനിന്നാണു എല്ലാ പുരോഗതിയും ഉണ്ടാകുന്നതെന്നും, വർഗ്ഗസമരത്തെ സഹായിക്കുന്ന എന്തും ശരിയായിട്ടുള്ളതാണെന്നുമാണു് അതിൻെറ സിദ്ധാന്തം. ആകയാൽ എന്തു് അക്രമവും അന്യായവും കൊലപാതകംപോലും നീതീകരണാർഹങ്ങളായി അവർ കരുതുകയും അതനുസരിച്ചു് പ്രവർത്തിക്കുകയും ചെയ്യുന്നു.

കമ്മ്യൂണിസം വിവാഹത്തിൻെറ പാവനതയേയും, കുടുംബത്തിൻെറ അഭേദ്യതയേയും നിഷേധിക്കുന്നു. കമ്മ്യൂണിസ്റ്റു് വ്യവസ്ഥിതിയിലെ കുടുംബത്തെപ്പററി എംഗൽസ് പറഞ്ഞിരിക്കുന്നതിങ്ങനെയാണു്: "സ്വകാര്യകുടുംബസമ്പ്രദായം ഒരു സാമൂഹ്യവ്യവസായമായി രൂപാന്തരപ്പെടുന്നു. കുട്ടികളുടെ വിദ്യാഭ്യാസസംഗതി ഒരു പൊതുക്കാര്യമായിത്തീരുന്നു. എല്ലാ കുട്ടികളെയും സമുദായം നോക്കിക്കൊള്ളും" (Origin of the Family P. 89) ചുരുക്കത്തിൽ രാഷ്ട്രത്തിനുവേണ്ടിയാണു മനുഷ്യൻ ജീവിക്കേണ്ടതു്. സ്വന്തം കുടുംബം, സ്വന്തം ഭാര്യ, സ്വന്തം കുട്ടികൾ, എന്നൊന്നുമില്ല. കുട്ടികളുടെമേൽ രാഷ്ട്രത്തിനല്ലാതെ മാതാപിതാക്കന്മാർക്കു യാതൊരവകാശവുമില്ല. രാഷ്ട്രം ആവശ്യപ്പെടുന്ന ഏതു ജോലി ചെയ്യുവാനും ത്യാഗങ്ങൾ അനുഷ്ഠിക്കാനും മനുഷ്യൻ തയാറായിരിക്കണം. രാഷ്ട്രത്തിൻെറ അടിമ എന്നല്ലാതെ മനുഷ്യനു് ഒരു വ്യക്തിത്വം ഉണ്ടായിരിക്കുന്നില്ല.

കമ്മ്യൂണിസ്റ്റു് ദൃഷ്ടിയിൽ സന്മാർഗ്ഗത്തിനു സ്ഥാനമില്ല "ഞങ്ങളുടെ സന്മാർഗ്ഗം മുഴുവൻ തൊഴിലാളി വർഗ്ഗസമരത്തിൻെറ താല്പര്യങ്ങൾക്കു പൂർണ്ണമായും വിധേയമായിരിക്കുന്നു" (Religion P. 56) എന്നു ലെനിൻ തന്നെ സമ്മതിച്ചിട്ടുണ്ടു്. ഇതിനനുസൃതമാണു വിവാഹത്തെയും കുടുംബത്തെയും സംബന്ധിച്ച മാർക്സിസ്റ്റു പാഠം. റഷ്യയിൽ വിവാഹമോചനവും ഭ്രൂണഹത്യയും അനുവദിക്കപ്പെട്ടിട്ടുണ്ടല്ലോ. അസാന്മാർഗ്ഗികമായ സ്ത്രീപുരുഷബന്ധം കമ്മ്യൂണിസ്റ്റു് വ്യവസ്ഥിതിയുടെ ഒരു പ്രത്യേകതയാണു്. ഇസ്‌വെസ്റ്റിയാ എന്ന റഷ്യൻപത്രം (1924 ഡിസം. 25) മോസ്കോയിലെ പരിത്യക്തരായ കുട്ടികളെപ്പററി ഇങ്ങനെ പറഞ്ഞിരിക്കുന്നു: "പതിന്നാലു വയസ്സിൽ താഴെയുള്ള ഈ കുട്ടികളിൽ അൻപതു ശതമാനവും ദുർമ്മാർഗ്ഗജീവിതത്തിൽ നിന്നുണ്ടായിട്ടുള്ള തീരാവ്യാധിയാലും മദ്യപാനത്താലും സകലവിധ സാംക്രമികരോഗങ്ങളാലും കഷ്ടപ്പെടുന്നവരാണു്."

ഇങ്ങനെ അനേകവിധത്തിൽ കമ്മ്യൂണിസം ആവിഷ്കൃതസത്യങ്ങൾക്കും സനാതനപ്രമാണങ്ങൾക്കും കടകവിരുദ്ധമായിരിക്കുന്നതുകൊണ്ടാണു് കത്തോലിക്കാസഭ അതിനെ വെറുക്കുന്നതു് ഭാഗ്യസ്മരണാർഹനായ 9-ാം പീയൂസ് മാർപ്പാപ്പായുടെ വാക്കുകൾ ഇവിടെ സ്മർത്തവ്യമാണു്. "കമ്മ്യൂണിസം ദുഷിച്ച സിദ്ധാന്തമാണു്. സ്വാഭാവിക നിയമത്തിനുതന്നെയും അതു പൂർണ്ണമായി വിരുദ്ധമാണു്. അതൊരിക്കൽ സ്വീകരിക്കപ്പെടുന്നപക്ഷം, സകല മനുഷ്യരുടെയും അവകാശങ്ങളും വസ്തുവകകളും എന്നല്ല സമുദായംതന്നെയും നശിപ്പിക്കപ്പെടും."

# ചെറുകഥ

## "അപ്പച്ചാ, എനിക്കു മിഷനുപോകണം"

(സി. എം. ഏബ്രഹാം, വാഴൂർ)

മുററത്തെ മുല്ലകൾ പൂവിട്ടുനില്ക്കുമ്പോൾ ലിസായുടെ നയനങ്ങൾ അശ്രുമയമാകും.

പല നാളായി ചോദിക്കാറുള്ള ആ ചോദ്യം അന്നും മേരി അവളുടെ പിതാവിനോടു ചോദിച്ചു. മ്ലാനമായ ആ മുഖത്തു് അപ്പോളുമുണ്ടായിരുന്നു ആശയുടെ ഒരു മങ്ങിയ രേഖ.

"അപ്പച്ചാ, എനിക്കു മിഷനു പോകണം." അവൾ പ്രതീക്ഷിച്ചതുപോലെതന്നെയായിരുന്നു അതിനു ലഭിച്ച മറുപടിയും.

"നിൻെറയൊരു മിഷൻ! നിന്നെ ഇപ്പം മിഷനു വിടുന്നില്ല. നിനക്കു വേറെ ജോലിയൊന്നും ഇല്ലെങ്കിൽ പോയി ചാകു്. അങ്ങോട്ടുചെന്നാൽ ഉടനെ സ്വർഗ്ഗം ഇങ്ങോട്ടു് ഉരുട്ടിത്തരും."

"അപ്പച്ചാ......" അവൾക്കെന്തോ പറയുവാനുണ്ടായിരുന്നു. പക്ഷേ, ആ വാക്കുകൾ പൂർത്തിയാക്കാൻ തോമ്മാച്ചൻ സമ്മതിച്ചില്ല.

"എടീ, നീ എന്നോടിനി ഒന്നും ചോദിക്കേണ്ടാ. എനിക്കു ജീവനുള്ളിടത്തോളംകാലം മിഷനു പോകാമെന്നു് നീ വിചാരിക്കേണ്ടാ."

മേരി തിരിഞ്ഞുനടന്നു; അശ്രുപൂർണ്ണമായ നയനങ്ങളോടെ. ഇനിയും തൻെറ പിതാവിൻെറ മുമ്പിൽ നിന്നതുകൊണ്ടു് വിശേഷമില്ലെന്നു് അവൾക്കറിയാം. വേദന തിങ്ങിയ ഹൃദയത്തോടെ മേരി അവളുടെ കട്ടിലിൽ ചെന്നിരുന്നു. വിങ്ങിവിങ്ങിക്കരഞ്ഞു. ഈ ലോകത്തിൽ താൻ നിസ്സഹായയായ ഒരു സ്ത്രീയായി ജനിച്ചുപോയതിൽ അവൾ പരിതപിച്ചു ആശകൾക്കും അഭിലാഷങ്ങൾക്കും വിലകല്പിക്കുവാൻ തയ്യാറാകാത്ത ലോകത്തോടു് അവൾക്കു വെറുപ്പുതോന്നി. ഒരു യുവതിയുടെ വ്യക്തിത്വം, സ്വാതന്ത്ര്യം—അവയെല്ലാം മഴത്തുള്ളിവീഴുമ്പോൾ അലിഞ്ഞടിയുന്ന മണ്ണാങ്കട്ടകൾ!!

മേരിയുടെ സഹോദരിയായ ലിസാ ആ കട്ടിലിന്നരികെ വന്നുനിന്നു അവൾക്കു കാര്യം മനസ്സിലായി. മിഷനുപോകണമെന്നുള്ളതു് അവളുടെ പ്രിയപ്പെട്ട ചേച്ചിയുടെ ഏററം വലിയ ഹൃദയാഭിലാഷമാണു്. പക്ഷേ, വാശിക്കാരനും നിർബന്ധബുദ്ധിയുമായ അവരുടെ അപ്പച്ചൻ അതനുവദിച്ചുകൊടുക്കുവാൻ തയ്യാറാകുകയില്ല മേരിയുടെ ദയനീയാവസ്ഥയിൽ ലിസാക്കും അതിയായ സങ്കടമുണ്ടു്.

അവളും മേരിയുടെ സമീപെ ഇരുന്നു. "ചേച്ചീ, കരയാതെ ദൈവം ചേച്ചിയുടെ ആഗ്രഹം സാധിക്കും." അതു സാധിക്കാൻ പോകുന്നില്ലെങ്കിലും മേരിയെ ഒന്നു സമാശ്വസിപ്പിക്കുവാൻവേണ്ടി മാത്രമാണു് ലിസാ ആ വാക്കുകൾ പറഞ്ഞതു്. മേരി പിന്നെയും കരഞ്ഞു ആ വാക്കുകൾ അവൾക്കാശ്വാസം നൽകിയില്ല.

അപ്പോൾ അന്നച്ചേടത്തി ആ മുറിയിലേക്കു കയറിവന്നു. മേരി കരയുന്നതു് പലപ്പോഴും ആ മാതാവു കണ്ടിട്ടുണ്ടെങ്കിലും ആ കാഴ്ച അവരുടെ ഹൃദയത്തെ വേദനിപ്പിച്ചു. ഏങ്ങിയേങ്ങിക്കരയുന്ന മേരിയും ദുഃഖിതയായി അവളുടെ സമീപെ ഇരിക്കുന്ന ലിസായും. തൻെറ ഓമനമകൾ ഒരു വിവാഹമൊക്കെ കഴിച്ചു് സുഖമായി ജീവിച്ചുകാണുന്നതാണു് അവർക്കു സന്തോഷമായിട്ടുള്ളതെങ്കിലും അവളുടെ പാവനമായ അഭിലാഷം അനുവദിച്ചുകൊടുക്കാതിരിക്കാൻ മാത്രമുള്ള ഹൃദയകാഠിന്യം അന്നച്ചേടത്തിക്കില്ല. മാതൃത്വം മാധുര്യം നുകരുന്നതു് സ്വസന്താനങ്ങളുടെ ചുണ്ടുകളിൽ പൊട്ടിവിരിയുന്ന വെണ്മയുള്ള പുഞ്ചിരിയിലാണെന്നു് അവർ വിശ്വസിക്കുന്നുണ്ടു്. അതാണവർ കഷ്ടപ്പാടുകൾ നിറഞ്ഞ പ്രേഷിതത്തോപ്പിലേക്കു അവളെ പറഞ്ഞയക്കുവാൻ വിസമ്മതം പ്രകടിപ്പിക്കാത്തതിനു കാരണം. എങ്കിലും തൻെറ ഭർത്താവു് അതിനവളെ ഒരിക്കലും അനുവദിക്കുകയില്ലെന്നുള്ള പരമാർത്ഥം അന്നച്ചേടത്തിക്കു നല്ലതുപോലെയറിയാം. തൻെറ മകളുടെ ആഗ്രഹസാദ്ധ്യത്തിനായി യാതൊന്നും ചെയ്യുവാൻ കഴിവില്ലല്ലോ എന്നോർത്തു് ആ മാതാവു് ദുഃഖിക്കാറുണ്ടു്.

"അമ്മേ..." കണ്ണുനീർ തുടച്ചുകൊണ്ടു് മേരി വിളിച്ചു

"എന്നാ മോളേ...." ആ ചോദ്യത്തിനു സമാധാനം പറയുവാൻ മേരിക്കൊന്നും ഇല്ലായിരുന്നു. ഉണ്ടെങ്കിൽതന്നെയും നീറിപ്പിടയുന്ന ഒരു ഹൃദയത്തിൽനിന്നും അതെങ്ങനെ പുറത്തുവരും.

"മോളേ..." മാതൃഹൃദയത്തിൻെറ സ്നേഹവും വാത്സല്യവും ആ വാക്കിനെ പുരണ്ടിരുന്നു. എന്നിട്ടും മേരി ഒന്നും പറഞ്ഞില്ല. പിന്നീടാ മാതാവു് യാതൊന്നും ചോദിച്ചുമില്ല

അന്നച്ചേടത്തി സ്വഭർത്താവിൻെറ സമീപെ ചെന്നുനിന്നു. അമ്മയോടു ചേർന്നുതന്നെയുണ്ടു് ലിസായും. അമ്മയും മകളും അപ്പോൾ വന്നതിൻെറ കാരണം തോമ്മാച്ചനു മനസ്സിലായി തലയുയർത്താതെ പത്രത്തിലേക്കുതന്നെ നോക്കിക്കൊണ്ടു് അയാൾ ഇരുന്നു. കുറെ കഴിഞ്ഞപ്പോൾ അന്നച്ചേടത്തി അറിയിച്ചു: "പിന്നെയേ, പെണ്ണു് കട്ടിലേൽ കിടന്നു് ഭയങ്കര കരച്ചിലാ."

"അതിനു ഞാനെന്നാ വേണം. നീ ചെന്നു് അവളെ ഒന്നു സന്തോഷിപ്പിക്കു്."

"എന്തിനാ അവളെ ഇങ്ങനെ കണ്ണീരു കുടിപ്പിക്കുന്നതു്. അവളുടെ ആശയല്ലേ, അതങ്ങു സാധിച്ചുകൊടുത്തേക്കണം"

"അതു ഞാനാണു നിശ്ചയിക്കുന്നതു്, നിൻെറ അഭിപ്രായമൊന്നും ആവശ്യപ്പെട്ടില്ല"

"അപ്പച്ചാ, ചേച്ചിയെ മിഷനു വിടണം." അതു ലിസായാണു പറഞ്ഞതു്.

"പോടീ അപ്പുറത്തു്. ചേച്ചിയെ മിഷനു വിടാൻ വന്നിരിക്കുന്നു!" തോമ്മാച്ചൻ അലറി. പാവം ലിസാ ഞെട്ടിപ്പോയി.

"ഈ മിഷനു പോകുന്നതു് അത്ര മോശപ്പെട്ട കാര്യമൊന്നുമല്ല"

"വളരെ നല്ലതാ എടീ, നിനക്കു കാണാൻമേലേ ഓരോരുത്തരൊക്കെ പോയേച്ചു തിരിച്ചുവന്നു നില്ക്കുന്നതു്. കെട്ടാനുമാളില്ല; പോക്കണവുമില്ലാതെ. അപ്പനും അമ്മയ്ക്കും നാണംകെട്ടിട്ടു മനുഷ്യൻെറ മുഖത്തു നോക്കാനുംമേല."

"ഒന്നോ രണ്ടോ പേരു് തിരിച്ചുപോന്നതുകൊണ്ടു് എല്ലാരും അങ്ങനെയാണോ?"

"എന്നാൽ നിൻെറയൊക്കെ ഇഷ്ടംപോലെ ചെയ്യു്. തള്ളയും മക്കളും എല്ലാംപൊയ്ക്കോ നാശം പിടിച്ച ജന്തുക്കൾ."

കോപാവേശനായ തോമ്മാച്ചൻ അവിടെനിന്നും എഴുന്നേററു് അകത്തേക്കുപോയി. കുറച്ചുസമയത്തിനുള്ളിൽ ഉടുത്തൊരുങ്ങി കുടയുമെടുത്തു് എവിടേക്കോ യാത്രയുമായി. ആരോടും ഒന്നും മിണ്ടാതെ കോപിച്ചാണു പോയതെങ്കിലും അയാൾ എവിടേക്കാണു പോയതെന്നു് അന്നച്ചേടത്തിക്കറിയാം. മാസത്തിലൊരിക്കലെങ്കിലും കിഴക്കുള്ള കൃഷിസ്ഥലത്തേക്കു പോകുക അയാളുടെ ഒരു പതിവാണു്. പോയാൽ പിന്നെ ഒന്നുരണ്ടാഴ്ച കഴിഞ്ഞിട്ടായിരിക്കും തിരികെ വരുന്നതു്. വീട്ടുകാരത്തിയുമായി പിണങ്ങിയിരിക്കുന്ന അവസരങ്ങളിൽ ഒന്നും മിണ്ടാതെ ഇറങ്ങിപ്പോകുക അയാളുടെ സ്വഭാവമാണു്. കൃഷിസ്ഥലത്തേക്കല്ലാതെ മറെറങ്ങും പോകുകയില്ലാത്തതുകൊണ്ടു് അതിൽ അന്നച്ചേടത്തിക്കു വലിയ ആശങ്കയില്ല. എന്നുതന്നെയല്ല, തിരിച്ചുവരുമ്പോഴേക്കും അയാളുടെ കോപവും പരിഭവവുമെല്ലാം തണുത്തുകഴിഞ്ഞിരിക്കുകയും ചെയ്യും.

തോമ്മാച്ചനു് ഒരു പ്രത്യേകതയുണ്ടു്, ഒന്നു നിശ്ചയിച്ചുകഴിഞ്ഞാൽ അതു നടക്കണം, എങ്ങനെയെങ്കിലും അതു നടത്തും. വളരെ ചിന്തിച്ചും യുക്തിപൂർവ്വവുമായിരിക്കും അയാൾ ഒരു തീരുമാനം ചെയ്യുന്നതു്. ആ തീരുമാനത്തെ ഇളക്കുവാൻ ആരൊക്കെ ശ്രമിച്ചാലും ഫലമുണ്ടാവുകയില്ല.

Chakolas
SILK HOUSE
TRICHUR-ERNAKULAM

കല്യാണ സാരികൾ

ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ടു്.

EP

അന്നു രാവിലെ പതിവുള്ള സമയത്തു് മേരി ഉണർന്നില്ല. മുററത്തെ മുല്ലകളിൽനിന്നും പൂക്കളിറുത്തു് ലിസാ മാല ചമച്ചില്ല. അവൾ മേരിയെ വിളിച്ചു. അപ്പോളവൾ എഴുന്നേററിരുന്നു. എങ്കിലും ക്ഷീണിതയായി കാണപ്പെട്ടു. അവളുടെ നെററിയിൽ കൈവെച്ചുനോക്കിയപ്പോൾ മേരിക്കു പനിയാണെന്നു ലിസാക്കു മനസ്സിലായി. മരുന്നുവാങ്ങിക്കാമെന്നു പറഞ്ഞപ്പോൾ "ജലദോഷപ്പനിയാണു്, സാരമില്ല" എന്നായിരുന്നു മേരിയുടെ മറുപടി.

ഒന്നുരണ്ടു ദിവസംകൊണ്ടു് പനി വളരെ വർദ്ധിച്ചു മരുന്നുവാങ്ങി കുടിച്ചെങ്കിലും അതുകൊണ്ടു വലിയ വിശേഷമുണ്ടായില്ല. ശരീരത്തിൻെറ ക്ഷീണവും മനസ്സിൻെറ വേദനയും മറച്ചുവയ്ക്കുവാൻ മേരി ശ്രമിച്ചു. അവൾ അനുഭവിക്കുന്ന വൈഷമ്യങ്ങൾ മററാരും അറിഞ്ഞില്ലെങ്കിലും അതു കഠിനമായിരുന്നു. ഒരാഴ്ച കഴിഞ്ഞിട്ടും പനിക്കു കുറവുണ്ടായില്ല അവശത വർദ്ധിച്ചു. തോമ്മാച്ചനു് ആളുവിട്ടു. അയാൾ വന്നയുടനെ ഡോക്ടറെ വരുത്തി. ഡോക്ടർ പരിശോധിച്ചു. "നിങ്ങൾ ഇത്രയും ദിവസം എന്തെടുക്കുകയായിരുന്നു?" ആ ചോദ്യത്തിൽ കുററപ്പെടുത്തലും ഉൽക്കണ്ഠയും കലർന്നിരുന്നു.

"ഏതായാലും ഉടൻതന്നെ ആശുപത്രിയിലേക്കു കൊണ്ടുപോരു."

മേരിയെ ആശുപത്രിയിലാക്കി. രോഗം ന്യൂമോണിയായായ

(ശേഷം 9-ാംപേജിൽ)

പ്രഥമ ചരമവാർഷികം



മുക്കങ്കൽ (പുതുള്ളിൽ)
ചെറിയ ഭാര്യ മറിയം
പെരുമാനൂർ
മരണം 1956 ഒക്ടോബർ 3
"ദയാപരനായ ഈശോ, ഈ ആൾക്കു് നിത്യാശ്വാസം നൽകേണമേ."
R. I. P.

Wednesday
October 9
1957

# THE SATHYADEEPAM

Reg. No. M. 2293
Vol. 31
No. 9

(ESTD. 1927)

BROADWAY—ERNAKULAM (KERALA STATE)




## ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

Reg. No.
206 കുരിയാക്കോസ് ജി. വളവി, എറണാകുളം
207 കെ. ഐ. ജോർജ് കൊച്ചുവടവാ മുക്ക്രർ, കുന്നന്താനം
208 കെ. ജെ. സെബാസ്റ്റിൻ കളപ്പുരയ്ക്കൽ, മാള പള്ളിപ്പുറം
209 പി. പി. സെബാസ്റ്റിൻ പാറയ്ക്കൽ, കാഞ്ഞൂർ
210 ടി. സി പോളി താഴത്തു്, അരണാട്ടുകര, തൃശൂർ




പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

ദേഷ്യവും സങ്കടവുംകൊണ്ടു് ആ നല്ല അമ്മ ആ മുറിയിൽനിന്നു കടന്നുപോയി പീററുടെ അമ്മയ്ക്കുണ്ടായ അമർഷം വളരെയധികമായിരുന്നു. നല്ല മാതാക്കളുടെ ഹൃദയത്തെ വേദനിപ്പിക്കുന്ന പ്രവൃത്തികൾ നല്ല കുഞ്ഞുങ്ങൾ ഒരിക്കലും ചെയ്യരുതു്; അതു കഷ്ടമാണ്. എന്തിനാണ് അവരുടെ കഷ്ടപ്പാടുകളും വേദനകളും അവർ സന്തോഷത്തോടുകൂടി ജീവിതത്തിൽ സഹിക്കുന്നതു്? അവരുടെ കുഞ്ഞുങ്ങൾ നന്നായി കാണുന്നതിനു്; ദൈവത്തിനിഷ്ടപ്പെട്ടവരായി ജീവിച്ചു് അവിടുത്തെ പ്രസാദിപ്പിക്കുന്നതുകണ്ടു് അവർക്കു സൗഭാഗ്യമടയുവാൻ. അപ്പോൾ കുട്ടികൾ അതിനു കൂട്ടാക്കിയില്ലെങ്കിലോ? വേദനതന്നെ അവർക്കു മിച്ചം.

പീററർ ഉറക്കത്തിൽ ഒരു സ്വരം കേട്ടു: "നീ പള്ളിയിൽപോയില്ല, അല്ലേ?" അവൻ ഞെട്ടിയുണർന്നു. ഇടിവെട്ടുന്നപോലെയുള്ള ഒരനുഭവമാണ് അവനുണ്ടായതു്. കണ്ണു തുറന്നു നോക്കിയപ്പോൾ കണ്ടകാഴ്ച അവനെ പരിഭ്രമിപ്പിച്ചു. വെള്ളവസ്ത്രം ധരിച്ച തേജോരൂപിയായ ഒരു ആൾ ചിറകുവിരിച്ചു് അവിടെ നില്ക്കുന്നു അദ്ദേഹത്തിന്റെ മുഖത്തു നോക്കുന്നതിനുപോലും അവനു ഭയംതോന്നി. "നീ ആരാണു്? എവിടെനിന്നു വരുന്നു? എന്താണ് കാര്യം?" ചില ചോദ്യങ്ങൾ അവന്റെ ഉള്ളിൽനിന്നു അടന്നുവീണു. ആ തേജഃപുഞ്ജം മറുപടി പറഞ്ഞു: "ഞാൻ സ്വർഗ്ഗത്തിൽനിന്നു വരുന്ന നിന്റെ മാലാഖയാണ്. നീ എന്തു ചെയ്യുവെന്നന്വേഷിക്കുവാൻ വന്നതാണു്. നീ എന്താണീ ചെയ്തതു്?" പീററിനു മറുപടിയില്ല അവൻ ലജ്ജകൊണ്ടും ഭയംകൊണ്ടും ഒന്നും പറയാൻ കെല്പില്ലാത്തവനായിനിന്നു ഈവക സംഭവങ്ങൾ നമ്മുടെ ജീവിതത്തിലെ ഓരോ ദിവസവും ഒരുപക്ഷെ പലതുണ്ടാകുന്നുണ്ടാകും. കുററകരമായ നമ്മുടെ ഓരോ പ്രവൃത്തിയിലും ഈ സംഭവം ആവർത്തിക്കപ്പെടുകയാണ്. അതു നമ്മുടെ നല്ല കാവൽ മാലാഖയെ വേദനിപ്പിക്കും. പ്രവൃത്തികഴിയുമ്പോൾ മാലാഖയുടെ കുററാരോപണം നമ്മുടെ ഉള്ളിൽ പ്രതിധ്വനിക്കും. ലജ്ജയും ഭയവും നമ്മിൽ കുടികൊള്ളുകയുംചെയ്യും. ആ നല്ല മാലാഖതന്നെ പീററുടെ അമ്മയെപ്പോലെ വാത്സല്യപൂർവ്വം നേരത്തെ നമ്മെ പ്രേരിപ്പിക്കുന്നുണ്ടു്, നന്മ പ്രവർത്തിക്കുവാൻ. പക്ഷെ അപ്പോൾ നാമതു വകവയ്ക്കുന്നില്ല. നമ്മുടെ തന്നിഷ്ടവികാരങ്ങൾ അപ്പോൾ നമ്മിൽ ശക്തിപ്പെടുന്നു: സുഖിക്കണം, സന്തോഷിക്കണം. പക്ഷെ ക്ഷണികമായ ആ സുഖം അഥവാ സന്തോഷം അനുഭവിച്ചുകഴിയുമ്പോൾ നമ്മുടെ കുററബോധം തെളിയുന്നു. ലജ്ജയും ഭയവും നമ്മിൽ സ്ഥലംപിടിക്കുന്നു. പക്ഷെ അതുകൊണ്ടെന്തു ഫലം? നേരത്തെ നമ്മുടെ സ്വാതന്ത്ര്യത്തെ നാം നല്ലവണ്ണം ഉപയോഗിച്ചിരുന്നെങ്കിൽ നാം സന്തുഷ്ടരായിരുന്നേനെ. എത്ര പ്രായോഗികമായ ഒരു പാഠമാണിതു്?

വല്യേട്ടൻ

### 134-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—ദൈവാലയം

### പ്രശ്നം നമ്പർ 135



(പി. ടി. ആൻറണി അമ്പഴക്കാട്ട് Reg. No. 194)

ഞാൻ സത്യദീപത്തിലെ ഒരു സാധാരണ രംഗമാണ്. എന്റെ കഴിവിനൊത്തവണ്ണം ഞാൻ എല്ലാലക്കത്തിലും എന്റെ വിക്രിയകൾ അവതരിപ്പിക്കുന്നുണ്ടു്. നിങ്ങൾ എന്റെ പുറകെ വന്നു പൊട്ടിച്ചിരിക്കുമ്പോൾ ചിലപ്പോൾ എനിക്കതിഷ്ടമാകുന്നില്ല. എങ്കിലും നിങ്ങളെ സന്തോഷചിത്തരാക്കുന്നതിൽ എനിക്കു കൃതാർത്ഥതയുണ്ടു് കുഞ്ഞനുജന്മാർ സത്യദീപം കൈയിൽ കിട്ടിയാൽ എന്നെയാണ് ആദ്യമായി അന്വേഷിക്കുന്നതു്. എന്റെ പേരിനു അഞ്ചക്ഷരമുണ്ടു്. ഒന്നാമത്തെ അക്ഷരം വിജ്ഞാനത്തിലുണ്ടു്, പാണ്ഡിത്യത്തിലില്ല. രണ്ടാമത്തെ അക്ഷരം മനോരമയിലുണ്ടു്, മലബാർമെയിലിലില്ല. മൂന്നാമത്തെ അക്ഷരം ഹൃദയത്തിലുണ്ടു്, മനസ്സിലില്ല. നാലാമത്തെ അക്ഷരം വീട്ടിലുണ്ടു്, കുടുംബത്തിലില്ല. അഞ്ചാമത്തെ അക്ഷരം അതിഥിയിലുണ്ടു്, വിരുന്നുകാരനിലില്ല. എന്റെ പേർ പറയാമോ?

(ഉത്തരം അടുത്തതിൽ)

ഭാവന

## മിഷനറിയായി വിദൂരതയിലേക്കു്



(ജേക്കബ്ബ് കുഴിക്കാട്ട് Reg. No. 105)

അന്നു് ഞാൻ പതിവിലധികം താമസിച്ചാണ് സ്കൂളിൽനിന്നു തിരിച്ചെത്തിയതു്. എന്റെ കുഞ്ഞനുജൻ പടിഞ്ഞാറെ ചക്രവാളത്തിൽ നോക്കി അസ്തമനസൂര്യനെക്കണ്ടു് ആനന്ദിക്കുകയാണ്.

ഏതാണ്ടു സായാഹ്നമായപ്പോൾ ഞാൻ വീട്ടിൽവന്നു അല്പനേരത്തിനുള്ളിൽ എന്റെ പിതാവു് എന്നോടു ഇപ്രകാരം ചോദിച്ചു: "എന്താണ് നീ ഇത്ര താമസിച്ചതു്?"

എനിക്കു പറയാൻ മടിതോന്നി എങ്കിലും ഞാൻ പറഞ്ഞു: "ഈ സ്കൂളിൽനിന്നു് വിദേശങ്ങളിലേക്കു മിഷനറിമാരായി അനവധി കുട്ടികൾ പോകുന്നുണ്ടു്. അവരുടെ പ്രാർത്ഥന പള്ളിയിൽ ഉണ്ടായിരുന്നു."

"എന്നാണു പോകുന്നതു്?"

"അടുത്തമാസം ആദ്യം പോകണം. എനിക്കും പോകണം. ഞാനും പോകും."

എന്നെ ഒരു മിഷനറിയായി അയക്കുമെന്നു് എനിക്കു ബോദ്ധ്യമായി. എനിക്കു വിദൂരതയിൽപോയി കർത്താവിനുവേണ്ടി വേലചെയ്യണം. എന്റെ ആഗ്രഹം ഫലിച്ചു.

അങ്ങനെ പറഞ്ഞദിവസവും വന്നു. ഞാനും കൂട്ടുകാരും പോകുന്നതിനൊരുങ്ങി. വീടിനോടും നാടിനോടും യാത്രപറഞ്ഞു ഒരു അവസാനയാചനപോലെ എല്ലാവരോടും യാത്രപറഞ്ഞു് വീട്ടിൽ നിന്നിറങ്ങിയപ്പോൾ എന്റെ കുഞ്ഞനുജൻ എന്നെ പോകുന്നതിനു അനുവദിക്കില്ല. അവൻ കരഞ്ഞു. ഞാനും വരും, ഞാനും വരും എന്നു നിലവിളിച്ചു. എങ്കിലും അവനോടും യാത്രപറഞ്ഞു് ഞാൻ പോകുകയായി. വിദൂരതയിലേക്കു്, കണ്ണെത്താത്ത സ്ഥലംവരെ, അവന്റെ നിലവിളി പടിഞ്ഞാറുനിന്നുവന്ന ഒരു കുഞ്ഞിക്കാററു് എന്റെ ചെവിയിൽ എത്തിച്ചു.

അങ്ങനെ ആ ഭാവിലോകത്തിലേക്കു് എന്തും സഹിക്കത്തക്കവിധത്തിൽ ആ കുഞ്ഞിക്കാററിനോടൊപ്പം ഞാനും മറഞ്ഞു.

ചെറുകഥ

## ത്യാഗിവീരൻ

(ടി. സി. പോളി, താഴത്തു് Reg. No. 210)

"കുടുകുടു" എന്ന ശബ്ദത്തോടെ പഞ്ചസാരഭരണി ഉരുണ്ടു് താഴെ വീണു. അതു് ഒരായിരം കഷണങ്ങളായി ചിന്നിച്ചിതറി. എന്റെ ഉള്ളിൽ ഒരു തീനാളം ആളിക്കത്തിയതുപോലെ എനിക്കു തോന്നി. "കഷ്ടം! ചതിച്ചല്ലോ!" നിറുകയിൽ കൈരണ്ടുംവച്ചു് ഞാൻ എന്നെത്തന്നെ ശപിച്ചു. തുറിച്ച കണ്ണുകൾകൊണ്ടു് ഞാൻ ചുററുമൊന്നു് സൂക്ഷിച്ചുനോക്കി. ഹാ! എന്തൊരു ഭാഗ്യം! ആരും അവിടെയുണ്ടായിരുന്നില്ല.

ഇന്നലെ ഞാൻ പള്ളിക്കൂടം വിട്ടു് വീട്ടിലേക്കു മടങ്ങുമ്പോൾ ഒരു ചെറുക്കൻ വായ്നിറയെ പഞ്ചസാരയിട്ടുതിന്നു വഴിയിൽക്കൂടെ നടന്നുപോകുന്നതു ഞാൻ കണ്ടു. അപ്പോൾ മുതൽ എന്റെ മനസ്സിൽ പൊന്തിവന്നതാണ് ഒരാഗ്രഹം, ഒരു പിടി പഞ്ചസാരതിന്നണമെന്നു്. ഞാൻ അതിനു പററിയ സമയവും സൗകര്യവും കാത്തിരുന്നു. ഇന്നു പള്ളിക്കൂടംവിട്ടു വന്നപ്പോൾ എനിക്കു് അതിനുള്ള സൗകര്യം ലഭിച്ചു. അപ്പച്ചൻ പറമ്പിൽ കിളയ്ക്കുകയാണ്. അമ്മച്ചിയും അപ്പച്ചനെ സഹായിക്കുവാൻ അവിടെയുണ്ടു്. ചേച്ചിയാണെങ്കിൽ കൂട്ടുകാരികളുമൊത്തു് തുള്ളിച്ചാടിക്കളിക്കുവാൻ ഞങ്ങളുടെ തൊട്ടടുത്ത വീട്ടിലേക്കു പോയിരിക്കുകയാണ്. നല്ല സൗകര്യം എനിക്കു ലഭിച്ചു. ഞാൻ മെല്ലെ അടുക്കളയിലേക്കു നടന്നു. ദൂരെ നിൽക്കുന്ന മല്ലപ്പൂക്കൾ എന്നെ നോക്കി തലയാട്ടുകയോ പല്ലിളിക്കുകയോ ചെയ്തു. അലമാരിയുടെ മുകളിലെ തട്ടിലിരിക്കുന്ന പഞ്ചസാരഭരണിയിന്മേൽ ഞാൻ കൈയെത്തിച്ചുപിടിച്ചു. എന്തൊരു കഷ്ടം! അതു് ഉരുണ്ടു് താഴേക്കു വീണു. എന്റെ ഹൃദയം പിടച്ചു. ഇനി ഞാൻ എന്താണു ചെയ്യേണ്ടതു്? കുറച്ചുദിവസങ്ങൾക്കുമുൻപു് എന്റെ കൈയിൽനിന്നും ഒരു ചെറിയ കുപ്പി താഴെവീണു ഉടഞ്ഞുപോയതിനു് അപ്പച്ചൻ എന്നെ എന്തുമാത്രം തല്ലി? ആ പാടുകൾ ഇതുവരേയും മാഞ്ഞുപോയിട്ടില്ല. ആ നിലയ്ക്കു ഇതിനുള്ള ശിക്ഷ എന്തായിരിക്കും? അതു് എനിക്കു് ഊഹിക്കുവാൻപോലും കഴിഞ്ഞില്ല. ഇനി ഞാൻ എന്തുചെയ്യണം? ആ ചോദ്യം വീണ്ടും എന്റെ മനസ്സിൽ ആഞ്ഞടിച്ചു. വൃക്ഷലതാദികൾ കാററിൽപെട്ടുലഞ്ഞു— കൊച്ചുകുസുമങ്ങൾ മൂടേററുകരിഞ്ഞു. പെട്ടെന്നു് ഒരു പുതിയ ചിന്താഗതി എന്റെ മനസ്സിൽ ഉദയംചെയ്തു. ഭരണി തട്ടിയിട്ടുടച്ചതു് ചേച്ചിയാണെന്നു പറയാം അതേ, അതുതന്നെ. ഒരു കൊച്ചുനുണ—ഞാനോ രക്ഷപെട്ടു!

ഒരു വലിയ ഭാരംഎന്റെ തലയിൽനിന്നും ഇറങ്ങിയതുപോലെ തല്ക്കാലം എനിക്കു തോന്നി. ഞാൻ ഒന്നും അറിയാത്തവനെപ്പോലെ ചെന്നു് മുറിക്കകത്തിരുന്നു് വായനതുടങ്ങി. എന്റെ വായനയുടെ താളത്തിനൊത്തു് അപ്പച്ചൻ പറമ്പിൽ കിളച്ചുകൊണ്ടിരുന്നു.

സമയം കുറെ കടന്നുപോയി. അന്ധകാരം പകലിനെ വിഴുങ്ങുവാൻ വാ പിളർന്നുനിൽക്കുകയാണ്. പക്ഷിവൃന്ദം ചിറകടിച്ചു് ആകാശപ്പരപ്പിൽക്കൂടെ പറന്നുപൊയ്ക്കൊണ്ടിരുന്നു. അടുത്തുള്ള സിനിമാശാലയിൽനിന്നും മധുരമായ ഗാനം എന്റെ കർണ്ണപുടങ്ങളിൽ മാറെറാലികൊണ്ടു. അതിന്റെ മാധുരിയിൽ മയങ്ങി ഞാൻ കസേരയിൽ ചാരി ഇരിപ്പായി. പെട്ടെന്നു് ഇടിനാദംപോലെയുള്ള ഒരു സ്വരം എന്നെ ഞെട്ടിയുണർത്തി. ഞാൻ കസേരയിൽനിന്നും ചാടിയെഴുന്നേററു. "എന്റെ ദൈവമേ, ഞാനെന്താണീ കാണുന്നതു്?" അമ്മയുടെ അട്ടഹാസം. "ജോണീ, ജോണീ?" അമ്മ എന്നെ ഉറക്കെ വിളിച്ചു. ഒരു നല്ല കൊച്ചനെപ്പോലെ ഞാൻ അവിടേക്കു് ഓടിച്ചെന്നു. അപ്പോഴേക്കും അപ്പച്ചനും അവിടെ എത്തിക്കഴിഞ്ഞിരുന്നു. പോലീസുദ്യോഗസ്ഥന്മാരെപ്പോലെ അവർ എന്റെനേർക്കു് രൂക്ഷമായ ചോദ്യങ്ങൾ അഴിച്ചുവിട്ടു. അവസാനം ഞാൻ പറഞ്ഞു: "അപ്പച്ചാ, ഞാൻ സത്യം പറയുകയാണ്, ചേച്ചി ഇവിടെവന്നു പഞ്ചസാര കട്ടുതിന്നുവാൻ നോക്കിയപ്പോൾ ഭരണി ഉരുണ്ടു താഴെവീണതാണ്." തുടർന്നു എന്തെങ്കിലും പറയുവാൻ അമ്മയുടെ അക്ഷമത

(ശേഷം 3-ാം പേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam-1